# അധ്യായം 4

# അരയരുടെ ജീവിതവും സംസ്കാരവും - പാഠവിശകലനം

**4.0.ആമുഖം**

ആലപ്പാട്ടരയരുടെ ജീവിതത്തെ അടുത്തറിയാൻ വാമൊഴിയാണ് ഈ പഠനത്തിൽ മുഖ്യ സ്രോതസ്സായി ഉപയോഗിക്കുന്നത്. ഓർമ്മകളുടെ അടയാളപ്പെടുത്തലായ വാമൊഴികൾക്ക് രണ്ടുധാരകളുണ്ടെന്ന് കെ.എൻ. പണിക്കർ അഭിപ്രായപ്പെടുന്നുണ്ട് (2006 : 35). വാമൊഴിചരിത്രവും വാമൊഴിപാരമ്പര്യവും. സംഭവങ്ങൾ അനുഭവസ്ഥർ തന്നെ ഓർമ്മകളിലൂടെ വീണ്ടെടുക്കുമ്പോൾ അത് വാമൊഴി ചരിത്രമാകുന്നു. എന്നാൽ ഈ ഓർമ്മകൾ തലമുറകളിലൂടെ കൈമാറ്റം ചെയ്യുമ്പോൾ അത് വാമൊഴി പാരമ്പര്യമാകുന്നു. പ്രബന്ധത്തിൽ ഈ രണ്ടു ധാരകളെയും പ്രയോജനപ്പെടുത്തുന്നുണ്ട്. സ്മരണകളിലൂടെ വെളിവാകുന്ന ചരിത്രബോധം അരയസംസ്കാരത്തെ അടയാളപ്പെടുത്തുന്നതോടൊപ്പം ആലപ്പാടിന്റെ പ്രാദേശിക സ്വത്വത്തെക്കൂടിയാണ് നിർമ്മിച്ചെടുക്കുന്നത്.

വാമൊഴിപഠനത്തിൽ അവയുടെ ആധികാരികതയെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ആവേദകരുടെ ലിംഗം, പ്രായം, വിദ്യാഭ്യാസം, സാമ്പത്തികനില തുടങ്ങിയ ഘടകങ്ങളെല്ലാം ഇതിൽ പ്രധാനമാണ്. അതുപോലെ ഇവയിൽ വരമൊഴിയുടെ കലർപ്പ് ഉണ്ടായെന്നും വരാം. തലമുറകളിലൂടെ പകർന്നുകിട്ടിയതും അനുഭവങ്ങളിൽ നിന്ന് ആർജ്ജിച്ചതുമായ ആവേദകരുടെ ഓർമ്മകളിൽ അവർ വായിച്ച ലിഖിതരേഖകളുടെ സ്വാധീനവും കാണാറുണ്ട്. ഇത്തരം കാര്യങ്ങളെ പരിഗണിച്ചു കൊണ്ടാണ് വാമൊഴികൾ പഠനവിധേയമാക്കുന്നത്.

ആവേദമൊഴികളിലൂടെ ആലപ്പാട്ടരയരുടെ ജീവിതത്തെ അടുത്തറിയാനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്. ആവേദകർ അധികവും ആലപ്പാട്ടുനിവാസികളാ

ണ്. അതോടൊപ്പം അന്യദേശവാസികളായ അരയരുടെയും മറ്റു സമുദായങ്ങളി ലുൾപ്പെട്ടവരുടെയും ആഖ്യാനങ്ങളും ഉപയോഗിക്കുന്നു. ശേഖരിച്ച വാമൊഴിപാഠങ്ങളെ വിശകലനവിധേയമാക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഈ നിർണ്ണയനത്തിൽ പ്രസ്തുത സ്ഥലവാസിയും സമുദായാംഗവുമായ ഗവേഷകയുടെ സ്വത്വബോധം ഒരു പ്രധാന ഘടകമാണ്.

### 4.1. പാരമ്പര്യ സമൂഹം - കുടിയേറ്റം, ഐതിഹ്യം

അരയരുടെ ഉത്ഭവം, കുടിയേറ്റം എന്നിവയെ സംബന്ധിച്ച പല വിശ്വാസങ്ങളും ആലപ്പാട്ടരയർക്കിടയിലുണ്ട്. ഇതുമായി ബന്ധപ്പെട്ട ധാരാളം പാഠങ്ങൾ ലഭിക്കുകയുണ്ടായി. അവയിൽനിന്നും തെരഞ്ഞെടുത്ത പാഠങ്ങളുടെ വിശകലനമാണ് ഇവിടെ ചെയ്യുന്നത്.

വേദങ്ങൾ പകുത്ത വേദവ്യാസൻ അരയസ്ത്രീയുടെ മകനായാണ് പിറന്നത്. ആ വ്യാസന്റെ പിൻഗാമികളാണ് അരയർ എന്ന് ആവേദകരിൽ ചിലർ കരുതുന്നു. എന്നാൽ കാവേരി പൂമ്പട്ടണത്തിൽനിന്നും കുടിയേറി പാർത്തവരാണ് ആലപ്പാട്ടരയർ എന്ന് അവർ വിശ്വസിക്കുന്നു. തമിഴ് സാഹിത്യകൃതിയായ *ചിലപ്പതികാര*ത്തോട് ബന്ധപ്പെടുത്തിയും അരയചരിത്രം പറയുന്നുണ്ട്. കണ്ണകി ഭർത്തൃവിരഹത്തിൽ മനംനൊന്ത് മധുരാപുരി ചുട്ടെരിച്ച് പലായനം ചെയ്തപ്പോൾ അനുഗമിച്ചവരാണ് ആലപ്പാട്ടരയർ. ഈ തീരത്തെത്തിയതുകൊണ്ട് മീൻപിടുത്തം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചു (പാഠം - 7 - 13).

സിന്ധുനദീതടസംസ്കാരവുമായും അരയചരിത്രത്തെ ആവേദകർ ബന്ധിപ്പിക്കുന്നുണ്ട്. അവരുടെ മുൻഗാമികൾ സിന്ധുനദീതടത്തിൽ നിന്നും ഇവിടേക്ക് കുടിയേറിപാർത്തവരാണെന്ന് ചിലർ പറയുന്നു (പാഠം - 12). കേരളത്തിലേക്ക് വന്നെത്തിയ ആര്യന്മാരിൽ ഒരു വിഭാഗമാണ് ആലപ്പാട്ടരയർ എന്നും അഭിപ്രായമുണ്ട് (പാഠം - 9). പേരിലെ കേവലസാദൃശ്യമാകാം ഈയൊരു നിഗമനത്തിലേക്ക് ആവേദകനെ കൊണ്ടെത്തിച്ചത്. മീൻപിടുത്തമായിരുന്നില്ല പാരമ്പര്യത്തൊഴിൽ എന്ന സൂചന പാഠം - 10 ലെ ആവേദകൻ നൽകുന്നുണ്ട്. കാവേരി പൂമ്പട്ടണത്തിലെ ക്ഷേത്രത്തിന്റെ തെക്കേതെരുവിൽ പൂകെട്ടി ജീവിച്ചിരുന്ന പൂമ്പണ്ടാരങ്ങളാണ്

ആലപ്പാട്ടരയരുടെ പൂർവ്വികരെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ചരിത്രഗവേഷകനായ കേസരി ബാലകൃഷ്ണപിള്ളയെ കൂട്ടുപിടിച്ചുകൊണ്ട് അരയർ പോളിനേഷ്യയിൽനിന്നും വന്നവരാണെന്ന് മറ്റൊരാവേദകൻ അഭിപ്രായപ്പെടുന്നുണ്ട് (പാഠം - 11).

കുടിയേറ്റത്തിന്റെ ചരിത്രമാണ് ഇവിടെ ആവേദകർ പങ്കുവെയ്ക്കുന്നത്. കാവേരിപൂമ്പട്ടണത്തിൽനിന്ന് കുടിയേറിയവരുടെ പരമ്പരയാണ് ആലപ്പാട്ടരയർ എന്ന പൊതുബോധം എല്ലാ പാഠങ്ങളും നൽകുന്നുണ്ട്. ഈ കുടിയേറ്റത്തെ ചിലപ്പതികാര കഥയോട് ചില ആവേദകർ ബന്ധിപ്പിക്കുന്നുണ്ട്. മാനായിക്കന്റെ പുത്രിയായ കണ്ണകി ഭർത്തൃവിരഹത്തിൽ മാനംനൊന്ത്  പാതിവ്രത്യശക്തിയാൽ മധുരാപുരി ചുട്ടെരിച്ച് പലായനം ചെയ്തപ്പോൾ അനുഗമിച്ചവരാണ് അരയരുടെ പൂർവ്വികരെന്ന് അവർ പറയുന്നു. കണ്ണകിയെ പ്രതിഷ്ഠിച്ച ചെങ്കുന്ന്, ചെങ്ങന്നൂർ ക്ഷേത്രമാണെന്നു കരുതുന്നു. പഴയകാലത്ത് കടൽത്തീരമായിരുന്ന അവിടെ താമസമുറപ്പിച്ചിരുന്ന അരയന്മാർ കാലാന്തരത്തിൽ പടിഞ്ഞാറോട്ട് കരവച്ചപ്പോൾ തൊഴിലിനുള്ള സൗകര്യം നിമിത്തം ആലപ്പാട്ടേയ്ക്ക് കുടിയേറിയെന്നാണ് വിശ്വാസം.

മുക്കുവത്തിയിൽ ജനിച്ച വേദവ്യാസന്റെ പാരമ്പര്യം അവകാശപ്പെടുന്നതിലൂടെ - വ്യാസകഥ നൽകുന്ന ആധികാരികതയിലൂടെ - ജാതിക്കൂട്ടായ്മയെ ബൃഹദ്പാരമ്പര്യത്തോട്  ചേർത്തുനിർത്താനുള്ള ശ്രമവും വ്യക്തമാണ്. മീൻപിടുത്തം അവരുടെ കുലത്തൊഴിലായിരുന്നില്ല എന്ന സൂചനയും വാമൊഴിപാഠം പറഞ്ഞുതരുന്നു. തീരവണിക്കുകളായിരുന്ന അവർ സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ മത്സ്യബന്ധനത്തിലേയ്ക്ക് തിരിയുകയായിരുന്നു. ചില പാഠങ്ങൾ അരയരുടെ കുടിയേറ്റത്തെ ആര്യാധിനിവേശവുമായി ബന്ധപ്പെടുത്തുന്നതും ശ്രദ്ധേയമാണ്. മറ്റു പാഠങ്ങളിൽ നിന്നും വ്യത്യസ്തമായി ചരിത്രത്തോടുള്ള അനുകൂല നിലപാടാണ് പതിനൊന്നാംമൊഴിയിൽ കാണുന്നത്. അതിൽ ആവേദകന്റെ വായനയോടുള്ള താൽപര്യവും ചരിത്രകൗതുകവും പ്രകടമാണ്. പ്രാദേശികമായി നിലനിൽക്കുന്ന കുടിയേറ്റത്തെ കുറിച്ചുള്ള വിശ്വാസത്തെ ചരിത്രത്തോട് ബന്ധിപ്പിച്ചാണ്  അദ്ദേഹം വിശദീകരിക്കുന്നത്. പാഠം പന്ത്രണ്ടിലെ ആവേദകൻ വലിയഴീക്കൽ (ആലപ്പുഴയുടെ ഭാഗം) സ്വദേശിയാണ്. കായംകുളം അഴിയ്ക്ക് വടക്കുള്ളവർ തെക്കുഭാഗത്തുള്ള ആലപ്പാട്ടരയരുമായി മുൻകാലങ്ങളിൽ

സഹകരിച്ചിരുന്നില്ലെന്ന് പാഠത്തിൽ നിന്നും മനസ്സിലാക്കാം. മാത്രമല്ല വ്യത്യസ്തമായ കുടിയേറ്റ ചരിത്രമാണ് ഇരുകരയിലുള്ളവരും പങ്കുവയ്ക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധയർപ്പിക്കുന്നു. ആലപ്പാട്ടരയർ സമീപദേശത്തെ മറ്റ് അരയക്കൂട്ടായ്മകളിൽ നിന്ന് വ്യതിരിക്തത പുലർത്തുന്നതിന്റെ സൂചകമായി ഈ മൊഴിയെ വ്യാഖ്യാനിക്കാം. അന്യസമുദായത്തിലുൾപ്പെട്ട ആവേദകയും അരയർ കുടിയേറി പാർത്തവരാണ് എന്ന വിശ്വാസമാണ് പങ്കുവെച്ചത് (പാഠം - 13).

അരയർ കേരളത്തിലെ ആദിമനിവാസികളല്ല കുടിയേറിപാർത്തവരാണ് എന്ന ധാരണ പ്രബലമാണെന്നാണ് പാഠവിശകലത്തിൽ നിന്ന് മനസ്സിലാവുന്നത്. അതോ ടൊപ്പം അവരുടെ കുലത്തൊഴിൽ മത്സ്യബന്ധം ആയിരുന്നില്ലെന്നും സാഹചര്യങ്ങൾ നിമിത്തം ഉപജീവനത്തിനായി ആ തൊഴിൽ സ്വീകരിക്കുകയായിരുന്നു എന്നുമുള്ള ബോധമാണ് പലരിലുമുള്ളതെന്നും മനസ്സിലാക്കാം. മറ്റ് അരക്കൂട്ടായ്മകളിൽ നിന്നും വ്യത്യസ്തമായി ആലപ്പാട്ടരയർ തമിഴ്നാട്ടിലെ കാവേരിപൂമ്പട്ടണത്തീന്ന് കുടിയേറി പാർത്തവരാണെന്ന വിശ്വാസം ഇവിടെ രൂഢമാണ്.

#### 4.1.1. ചെങ്ങന്നൂർ ക്ഷേത്രബന്ധം

കുടിയേറ്റത്തെ വ്യാഖ്യാനിക്കാൻ പര്യാപ്തമല്ലെങ്കിലും ചെങ്ങന്നൂർക്ഷേത്രവു മായി ആലപ്പാട്ടരയർക്കു ബന്ധം സൂചിതമാകുന്ന ഒരൈതിഹ്യം പ്രചാരത്തിലുണ്ട്. അര യചരിത്രം അതുമായി ബന്ധപ്പെട്ട ഐതിഹ്യം എന്നിവയെക്കുറിച്ചുള്ള ഗവേഷകയുടെ അന്വേഷണത്തോട് ഭൂരിപക്ഷം ആവേദകരും പ്രതികരിച്ചത് ചെങ്ങന്നൂർ ക്ഷേത്രവു മായി ബന്ധമുള്ള ഐതിഹ്യം പറഞ്ഞുകൊണ്ടാണ്. അവരുടെ ജീവിതത്തിൽ ഈ ഐതിഹ്യത്തിനുള്ള പ്രസക്തിയാണ് അതു കാണിക്കുന്നത്. അതിനാലാണ് ഐതി ഹ്യവും വിശകലനവും ഇവിടെ ക്രമീകരിക്കുന്നത്.

ആലപ്പാട്ടരയർ നൂറ്റാണ്ടുകളായി ചെങ്ങന്നൂർ ക്ഷേത്രത്തിൽ നടത്തിവരുന്ന പരിശംവയ്ക്കൽ എന്ന ചടങ്ങുമായി ബന്ധപ്പെട്ടാണ് ഐതിഹ്യം നിലനിൽക്കുന്നത്. ശിവൻ പാർവ്വതിയ്ക്ക് ജ്ഞാനോപദേശം നൽകിയവേളയിൽ, അത് ഒളിഞ്ഞിരുന്ന് കേട്ടതിന് സുബ്രഹ്മണ്യനെ മകരമത്സ്യമായി കടൽ വസിക്കാനിടവരട്ടെയെന്ന്

ശപിക്കുകയുണ്ടായി. പാർവ്വതി മകന്റെ ദുര്യോഗത്തിൽ മനംനൊന്ത് കലഹിച്ചപ്പോൾ അതിൽ കോപാകുലനായി, പാർവ്വതി അരയകുലത്തിൽ ജനിക്കാനിടവരട്ടെയെന്നും സമയോചിതമായി ഇരുവർക്കും ശാപമോക്ഷം നൽകാമെന്നും ശിവൻ അറിയിച്ചു. അങ്ങനെ ആലപ്പാട്ടെ നാടുവാഴിയായിരുന്ന ആദിച്ച മുത്തരയന്റെ മകളായി പാർവ്വതി ജനിച്ചു. കുറെ  വർഷങ്ങൾക്കുശേഷം മത്സ്യമായി പിറന്ന സുബ്രഹ്മണ്യൻ അവിടെ കടലിൽ പ്രത്യക്ഷപ്പെട്ടു. അത് മീൻപിടിക്കാൻ പോകുന്ന തൊഴിലാളികൾക്ക് ഭീഷണിയായി മാറി. വള്ളവും വലയും നശിപ്പിക്കുകയും അവരുടെ ജീവൻതന്നെ അപകടത്തിലാവുകയും ചെയ്തു. മീൻപിടിക്കാൻ കഴിയാത്ത അവസ്ഥയിൽ നാട്ടിലെങ്ങും പട്ടിണി ബാധിച്ചു. ഇതിനു പരിഹാരം കാണുന്നതിനായി നാടുവാഴി ഒരു വിളംബരം നടത്തി. ഈ മകരമത്സ്യത്തെ ബന്ധിക്കുന്ന വ്യക്തിയ്ക്ക് മകളെ വിവാഹം കഴിച്ചുനൽകുകയും ഒപ്പം ധനം നൽകുകയും ചെയ്യും എന്നതായിരുന്നു അത്. ഇതുകേട്ട് പലരും ശ്രമിച്ചെങ്കിലും വിജയിച്ചില്ല. ഒടുവിൽ ശിവൻ ഒരു വൃദ്ധസന്യാസിയുടെ വേഷത്തിൽ എത്തി മത്സ്യത്തെ ബന്ധിക്കാൻ തയ്യാറായി. തീരത്തു കാണുന്ന അടുമ്പി എന്ന വള്ളിച്ചെടി (ചിത്രം 4) പറിച്ചെടുത്ത് കടലിലേയ്ക്കിട്ടു. എന്നിട്ട് ഏ വേലാ, വാ വേലാ എന്ന വായ്ത്താരി മുഴക്കിക്കൊണ്ട് അതിന്റെ രണ്ടഗ്രങ്ങളും പിടിച്ചു വലിക്കാൻ കരയിൽനിന്ന ആളുകളോട് ആവശ്യപ്പെട്ടു. അങ്ങനെ സന്യാസിയുടെ നേതൃത്വത്തിൽ കരയ്ക്കടിഞ്ഞ മത്സ്യം ഉടൻതന്നെ അപ്രത്യക്ഷനായി. അത് സുബ്രഹ്മണ്യന്റെ അവതാരമായിരുന്നുവെന്ന് നാടുവാഴിയെയും ജനങ്ങളെയും അറിയിച്ചു. ആദിച്ചമുത്തരയൻ വാക്കുപാലിക്കാൻ മകളെ സന്യാസിക്ക് വിവാഹം കഴിച്ചുകൊടുത്തു. അവരിരുവരും യാത്രതിരിച്ചപ്പോൾ, നാടുവാഴി മുൻചൊന്ന പ്രകാരം ധനം നൽകാൻ തയ്യാറായി. അതുകണ്ട സന്യാസി, അവർ ചെല്ലുന്ന ഊര് വരെ പണവുമായി അനുഗമിക്കാൻ നാടുവാഴിയോട് ആവശ്യപ്പെട്ടു. അങ്ങനെ അദ്ദേഹം പരിവാരങ്ങളോടൊപ്പം അവരെ അനുഗമിച്ചു. ചെങ്ങന്നൂരിലെത്തിയപ്പോൾ സന്യാസി തന്റെ യഥാർത്ഥരൂപം വെളിപ്പെടുത്തുകയും പാർവ്വതിയുടെയും സുബ്രഹ്മണ്യന്റെയും ശാപകഥ പറയുകയും ചെയ്തു. അവർ അവിടെ കുടികൊള്ളുമെന്നും എല്ലാവർഷവും കാണിക്കയുമായി എത്തിച്ചേരണമെന്നും ശിവൻ അരുളി ചെയ്തു എന്നാണ് ഐതിഹ്യം. സുബ്രഹ്മണ്യനെ ബന്ധിച്ച സ്ഥലത്താണ് ആലപ്പാട് സുബ്രഹ്മണ്യക്ഷേത്രം പണികഴിപ്പിച്ചതെന്നും ആവേദകർ പറയുന്നു. ഈ ഐതിഹ്യത്തിന്റെ

അടിസ്ഥാനത്തിൽ നടക്കുന്ന അനുഷ്ഠാനമാണ് പരിശംവയ്പ്പെന്നും വിശ്വസിക്കുന്നു (പാഠം - 14 - 16).

ഈ ഐതിഹ്യത്തെ ഉറപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ അരയർക്കിടയിൽ നിന്നു തന്നെ ഉണ്ടായിട്ടുണ്ട്. വി.വാമദേവൻ, പി.ദേവദാസ് എന്നിവർ ചേർന്നു രചിച്ച *ആല പ്പാട് ശ്രീ സുബ്രഹ്മണ്യസ്വാമിക്ഷേത്രവും ആലപ്പാട്ടരയന്മാരും* (1981) പുരുഷോത്തമൻ കല്പകശ്ശേരിയുടെ *ആലപ്പാട്ടരയന്മാരും ചെങ്ങന്നൂർ ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവവും* (1991), ബി.ശിവൻ എഡിറ്റു ചെയ്ത *ചരിത്രം മറന്ന അരയപ്പെരുമ* (1999) എന്നീ കൃതികൾ അതിനുള്ള തെളിവുകളാണ്. തിരുവിതാംകൂർ യൂണിവേഴ്സിറ്റിയിൽ തമിഴ് പണ്ഡിറ്റായിരുന്ന കൃഷ്ണയ്യങ്കാർ പ്രകാശനം ചെയ്ത *മാമിനാർ പരിഷത്ത് അഥവാ തിരുച്ചെങ്ങന്നൂർ പരിശപ്പാട്ട്*, തിരുവിതാംകൂർ ഹസ്തലിഖിത ഗ്രന്ഥശാലയിൽ ക്യുറേറ്ററായിരുന്ന കെ.സാംബശിവശാസ്ത്രികൾ പ്രകാശനം ചെയ്ത *തിരുവിളയാടൽ പുരാണം,* കല്ലൂർ നാരായണപിള്ള രചിച്ച *തിരുചെങ്ങന്നൂർ ക്ഷേത്രമാഹാത്മ്യം* എന്നിവയെ ഉപജീവിച്ചുകൊണ്ടാണ് പ്രസ്തുത കൃതികൾ എഴുതിയിരിക്കുന്നത്. ടി.ടി. ശ്രീകുമാർ എഡിറ്റുചെയ്തിട്ടുള്ള *കടലറിവുകൾ* (2004), ജി.ആർ. ഇന്ദുഗോപന്റെ *മണൽജീവികൾ* (2002) എന്നിവയിലും ഈ ഐതിഹ്യം സൂചിതമാകുന്നുണ്ട്.

കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ *ഐതിഹ്യമാല* യിലും ആലപ്പാട്ടരയരും ചെങ്ങന്നൂർ ക്ഷേത്രവുമായുള്ള ബന്ധം പരാമർശിക്കുന്നുണ്ട്. കരുനാഗപ്പള്ളിയിലെ ചില മരയ്ക്കാൻമാർ വഞ്ചികളിൽ കയറി മീൻപിടിച്ചു നടന്ന കൂട്ടത്തിൽ ക്ഷേത്രത്തിനുസമീപം സ്ഥിതിചെയ്യുന്ന പുഴയിൽ എത്തുകയും കരയിലിറങ്ങിയ അവർ സമീപമുള്ള കയത്തിൽ കുളിക്കുകയും ചെയ്തു. അപ്പോൾ ആ കയത്തിൽ നിന്നുകിട്ടിയതാണ് ദേവീവിഗ്രഹം. ഇതറിഞ്ഞ വഞ്ചിപ്പുഴത്തമ്പുരാൻ വിശന്നുവലഞ്ഞിരുന്ന അവർക്ക് ആ ശിവരാത്രിദിനത്തിൽ കരിക്ക്, പഴം എന്നിവ നൽകി. ആ പതിവ് ഇന്നും തുടരുന്നു എന്നാണ് ശങ്കുണ്ണി പറഞ്ഞിരിക്കുന്നത്.

> "അങ്ങനെയിരിക്കെ കരുനാഗപ്പള്ളിക്കാരായ ചില മരയ്ക്കാന്മാർ വഞ്ചികളിൽ കയറി വലവീശി മത്സ്യം പിടിച്ചു നടന്ന കൂട്ടത്തിലൽ മേൽപ്പറഞ്ഞ കയത്തിനു സമീപം വഞ്ചികളടുപ്പിച്ചു കരയ്ക്കിറങ്ങി

ആ കയത്തിൽ കുളിച്ചു. അപ്പോൾ അതിൽ ഒരുത്തന് ആ കയത്തിന്റെ ആഴം എത്രമാത്രമുണ്ടെന്നൊന്നു നോക്കണമെന്ന് തോന്നി. അവൻ ആ കയത്തിൽ മുങ്ങി അടിയിൽ ചെന്നപ്പോൾ ഘനമുള്ള എന്തോ ഒരു വസ്തു അവന്റെ കാലിൽ തടഞ്ഞു. ഇവർ അതെടുത്തു കരയ്ക്കു കൊണ്ടുവന്നു. അത് ഒരു ദേവീ വിഗ്രഹംതന്നെയായിരുന്നു. ഉടനെ ആ വിവരം വഞ്ഞിപ്പുഴത്തമ്പുരാൻ മുതലായവരറിഞ്ഞു. ചിലരെപ്പറഞ്ഞയച്ച് ആ മരയ്ക്കാൻമാരെക്കൊണ്ടുതന്നെ ആ വിഗ്രഹമെടുപ്പിച്ചു പടിഞ്ഞാറേ ഗോപുരത്തിങ്കൽ വരുത്തി. അപ്പോൾ ആ മരയ്ക്കാൻമാർ വിശപ്പുകൊണ്ട് ഏറ്റവും വലഞ്ഞിരുന്നു. എങ്കിലും അന്ന് ശിവരാത്രിയായിരുന്നതിനാൽ അവർക്ക് കരിക്ക് (ഇളനീർ), പഴം മുതലായവ ധാരാളമായിക്കൊടുത്തു സന്തോഷിപ്പിച്ച് അവരെപ്പറഞ്ഞയച്ചു..... ദേവിയെകുറിച്ചുള്ള പ്രസിദ്ധി ലോകത്തിൽ സർവ്വത്ര വ്യാപിക്കുകയും തങ്ങൾ എടുത്തുകൊടുത്ത വിഗ്രഹമാണ് അവിടെ പ്രതിഷ്ഠിക്കപ്പെട്ടതെന്ന് അറിയുകയും ചെയ്തപ്പോൾ കരുനാഗപ്പള്ളിക്കാരായ മരയ്ക്കാൻമാർക്കും ഭഗവതിയെക്കുറിച്ച് ക്രമത്തിലധികമായ ഭക്തിയും പ്രതിപത്തിയുമുണ്ടായിത്തീരുകയും അവർ ശിവരാത്രിതോറും ദേവിയെ വന്ദിക്കുന്നതിനായി ചെങ്ങന്നൂർ പടിഞ്ഞാറേ നടയ്ക്കൽ പോയിത്തുടങ്ങുകയും അവരവിടെച്ചെന്നാൽ ദേവസ്വക്കാർ അവർക്കു കരിക്കും പഴവും കൊടുത്തു തുടങ്ങുകയും ചെയ്തു. കാലക്രമേണ അതൊരു പതിവായിത്തീർന്നു. ആ മരയ്ക്കാൻമാരുടെ വംശക്കാർ ഇപ്പോഴും ശിവരാത്രിതോറും അവിടെ വരികയും ദേവസ്വത്തിൽനിന്ന് അവർക്കു കരിക്കും പഴവും കൊടുക്കുകയും ചെയ്തുവരുന്നുണ്ട്" (2006 : 722 – 723).

ഈ കഥയെ *ആലപ്പാട് സുബ്രഹ്മണ്യക്ഷേത്രവും ആലപ്പാട്ടരയന്മാരും* എന്നഗ്രന്ഥത്തിൽ ഖണ്ഡിക്കുന്നുണ്ട്.

"ഇതിൽ അടങ്ങിയിട്ടുള്ള അസാംഗത്യങ്ങൾ കൊട്ടാരത്തിൽ ശങ്കുണ്ണി കണ്ടില്ലെന്നു നടിച്ചു. ചെറുവഞ്ചികളിൽ കയറി മീൻ പിടിക്കുന്നതിന് ആലപ്പാട്ടരയന്മാർ നാല്പതോളം കിലോമീറ്റർ ദൂരെയുള്ള ചെങ്ങന്നൂർ

വരെ പോകണമായിരുന്നോ? അതിനിടയിലെങ്ങും കടലും കായലും പുഴയുമൊന്നും ഉണ്ടായിരുന്നില്ലേ? പുരാതനകാലത്ത് വിദേശരാജ്യങ്ങളുമായി വ്യാപാര സംസ്കാരിക ഇടപാടുകൾ നടത്തിക്കൊണ്ടിരുന്നത് പായ്ക്കപ്പലുകളിൽ കൂടിയായിരുന്നുവല്ലോ? അതിനെ മരക്കലം എന്നു പറയുന്നു. അന്നു മരക്കലത്തിന്റെ ഉടമസ്ഥരെ മരയ്ക്കാന്മാർ എന്നു പറഞ്ഞുവന്നിരുന്നു. സാമൂഹികമായി അവർ മറ്റാരുടെയും പിന്നിലായിരുന്നില്ലെന്നു മാത്രമല്ല, വളരെ ഉയർന്ന അംഗീകാരം ഉണ്ടായിരുന്നവരുമായിരുന്നു. അതിപുരാതനകാലത്ത് സമുദ്രം ചെങ്ങന്നൂർ പ്രദേശംവരെ വ്യാപിച്ചിരുന്നപ്പോൾ ചെങ്ങന്നൂരിലും പരിസരങ്ങളിലും അധിവസിച്ചിരുന്ന അരയന്മാരുടെ ആരാധനാകേന്ദ്രമായിരുന്നു ഇപ്പോഴത്തെ ചെങ്ങന്നൂർ ക്ഷേത്രം എന്ന വസ്തുത അതിന്റെ ലാഞ്ചന പോലും അനുവാചക മനസ്സിൽ തങ്ങിനിൽക്കാതിരിക്കത്തക്കവണ്ണം തൂത്തുമായ്ച്ചു കളയുന്നതിനുവേണ്ടി ബോധപൂർവ്വം കെട്ടിച്ചമച്ചതാണീ കഥ'' (ദേവദാസ്, 1981 : 30 - 31).

ആവേദകരും കൊട്ടാരത്തിൽ ശങ്കുണ്ണി പറയുന്ന ഐതിഹ്യത്തോട് വിയോജിക്കുന്നുണ്ട്. ശങ്കുണ്ണി പറയുന്നത് മണ്ടത്തരമാണെന്ന് അവർ അഭിപ്രായപ്പെടുന്നു. ഇതിനെതിരെ വേലുക്കുട്ടി അരയൻ പത്രത്തിലെഴുതിയിരുന്നു. അതിനു മാറ്റം വരുത്താമെന്ന് ശങ്കുണ്ണി പറഞ്ഞെങ്കിലും അദ്ദേഹം മരിച്ചതുകൊണ്ട് അതുനടന്നില്ല. മനോരമക്കാരും ഇട്ടൂപ്പ് ഇട്ടൂപ്പ് എന്ന ദേശാഭിമാനി പ്രസ്സുകാരനുംകൂടി അദ്ദേഹത്തെക്കൊണ്ടെഴുതിച്ചതാണ് ഐതിഹ്യമാലയെന്നും അവരതുകൊണ്ട് സാമ്പത്തിക ലാഭമുണ്ടാക്കിയെന്നും ആവേദകൻ പറയുന്നു (പാഠം - 17). ആലപ്പാടിന്റെ ചരിത്രവുമായി ബന്ധം പുലർത്തുന്ന ചെങ്ങന്നൂർ ക്ഷേത്രം ഒരുകാലത്ത് കടൽത്തീരമായിരുന്നു എന്ന് ആവേദകർ വിശ്വസിക്കുന്നു. അവിടെ താമസിച്ചിരുന്നവർ, പടിഞ്ഞാറോട്ടു കരവച്ചപ്പോൾ തീരത്തേയ്ക്കു മാറി. ഈ സാഹചര്യത്തിലാവാം ഐതിഹ്യം രൂപപ്പെട്ടത്. ഐതിഹ്യത്തിലുള്ളത് കുറെയൊക്കെ കള്ളമാണെന്ന് അഭിപ്രായമുണ്ട്. ഇപ്പോഴും നടക്കുന്ന പരിശംവയ്പ്പെന്ന ചടങ്ങിന് ചരിത്രപരമായ കാരണം കാണും. അത്, ഒരുകാലത്ത് ചെങ്ങന്നൂർ കടൽത്തീരമായിരുന്നു എന്നതാണ്. ശങ്കുണ്ണി പറയുന്ന ഐതിഹ്യം തെറ്റാണ്. അദ്ദേഹത്തിന്റെ കഥയിൽ ആലപ്പാട്ടുകാരൻ മീൻപിടിക്കാൻ ചെങ്ങന്നൂരെത്തി എന്നാണ് കാണുന്നത്. അതിന്റാവശ്യം കടൽത്തീരത്തു ജീവിക്കുന്ന അവർക്കില്ല (പാഠം - 18).

ഈ വാമൊഴി പാഠങ്ങൾ കൊട്ടാരത്തിൽ ശങ്കുണ്ണി പറയുന്ന ഐതിഹ്യത്തെ വിമർശിക്കുന്നതോടൊപ്പം ആലപ്പാട്ടു നിലനിൽക്കുന്ന ഐതിഹ്യത്തെയും ചോദ്യം ചെയ്യുന്നവയാണ്. കടലിനും കായലിനും ഇടയിൽ ജീവിക്കുന്ന ആലപ്പാട്ടരയർ നാല്പതോളം കിലോമീറ്ററുകൾ സഞ്ചരിച്ച് മീൻപിടിക്കാനായി ചെങ്ങന്നൂർ ക്ഷേത്രസമീപമുള്ള പുഴയിലെത്തി എന്ന ശങ്കുണ്ണിയുടെ കഥയിലെ യുക്തിയില്ലായ്മയെ ആവേദകർ വിമർശിക്കുന്നു. ഇത്തരം രചനകൾ വാണിജ്യതന്ത്രത്തിന്റെ ഭാഗമായി രൂപപ്പെടുന്നവയാണെന്ന സൂചനയും പാഠം - 17 നൽകുന്നു. ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള ചെങ്ങന്നൂർ ക്ഷേത്രസംബന്ധത്തെ വ്യാഖ്യാനിക്കാൻ പൂർവ്വികർ നിർമ്മിച്ച കള്ളക്കഥയായി ഈ ഐതിഹ്യത്തെ ആവേദകൻ വിലയിരുത്തുന്നു (പാഠം - 18).

ഈ ഐതിഹ്യം ആലപ്പാട്ടരയന്റെ സ്വത്വബോധത്തിൽ സ്വാധീനം ചെലുത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പരിശംവയ്പ്പ് എന്ന അനുഷ്ഠാനത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. തിരുവിതാംകൂർ ദേവസ്വം രേഖകളിൽ ഇത് ഇടം നേടിയിട്ടുണ്ട്[1]. അതനുസരിച്ച് ഏ.ഡി. 205 ലാണ് ഇതാരംഭിച്ചതെന്ന് വിശ്വസിക്കുന്നു. "... അത് തുടർന്നും മുറതെറ്റാതെ നടത്തിവരുന്നു. 1786 - ാമതു ശിവരാത്രിമഹോത്സവവും പരിശംവയ്പ്പും 1991 - ഫെബ്രുവരി 12 (1166 മകരം 29) - ന് ശ്രായിക്കാട് തുറയുടെ ആഭിമുഖ്യത്തിൽ സമംഗളമായി ആഘോഷിച്ചു'' (പുരുഷോത്തമൻ, 1991 : 47) ഇപ്രകാരം നോക്കിയാൽ 2012 ലെ ചടങ്ങ് 1807 - മത്തേതാണ്. ക്ഷേത്രബന്ധത്തെ സൂചിപ്പിക്കുന്ന മറ്റൊരു തെളിവുകൂടിയുണ്ടെന്നു പറയുന്നു.

> " ചെങ്ങന്നൂർ ദേവിക്ഷേത്രത്തിൽ ആലപ്പാട്ട് അരയന്മാർക്കുള്ള അവകാശത്തെ പ്രബലപ്പെടുത്തുന്ന മറ്റൊരു തെളിവ് 1104 - ാം മാണ്ട് മീനമാസം - 7- ാം തിയ്യതി സ്ഥാപിച്ച സ്വർണ്ണക്കൊടിമരത്തിന് മൊത്തത്തിൽ ഉണ്ടാകുമെന്നു കണക്കാക്കപ്പെട്ട ആകെ ചെലവിന്റെ അഞ്ചിലൊന്നായ 1601 രൂപ ചെങ്ങന്നൂരിലെ ഹൈന്ദവർ പിരിച്ച് ഖജനാവിൽ അടയ്ക്കണമെന്ന് അന്നത്തെ തിരുവിതാംകൂർ രാജ്യം ഭരിച്ചിരുന്ന റീജന്റ് റാണിയുടെ ഉത്തരവുണ്ടായപ്പോൾ ആലപ്പാട്ടരയന്മാർ അവർക്കു പ്രസ്തുത ക്ഷേത്രത്തിന്മേലുള്ള അവകാശത്തെ പുരസ്കരിച്ച് 751 രൂപാ

അടച്ച് അമ്പലപ്പുഴ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസിൽ നിന്ന് സ്വീകരിച്ചിട്ടുള്ള രസീതിയാണ്" (ദേവദാസ്, 1981 : 17).

പി.ജി. രാജേന്ദ്രന്റെ *ക്ഷേത്രവിജ്ഞാനകോശ*ത്തിലും ഈ വസ്തുത രേഖപ്പെടുത്തിയിരിക്കുന്നതു കാണാം (2001 : 455).

ഐതിഹ്യത്തിൽ പറയുന്ന അടുമ്പിവള്ളിയുടെ[2] ഉപയോഗത്തിൽ നിന്നാണ് കമ്പാവല (ചിത്രം 11) എന്ന മത്സ്യബന്ധനോപകരണമുണ്ടായതെന്ന് വിശ്വസിക്കുന്നു. കടൽത്തീരത്തു സുലഭമായി കാണുന്ന ഈ വള്ളിച്ചെടി കൂട്ടിക്കെട്ടി അതിന്റെ മധ്യഭാഗം കടലിലേയ്ക്കിട്ട് അഗ്രങ്ങൾ രണ്ടും ഒരേസമയം കരയിൽ നിന്ന് വലിച്ചാണ് മകരമത്സ്യത്തെ ബന്ധിച്ചത്. കമ്പാവല പ്രവർത്തിക്കുന്നതും ഈ യുക്തിയിൽത്തന്നെയാണെന്നു കാണാം. വലയുടെ ഇരുവശങ്ങളിലും വളരെ നീളമുള്ള കമ്പ ഘടിപ്പിക്കുന്നു. ഈ കമ്പയുടെ ഒരറ്റം കരയിൽ നിന്ന് പിടിക്കും. ശേഷിക്കുന്ന ഭാഗം വള്ളത്തിലാക്കി കടലിൽ കൊണ്ടുപോയി വലനീട്ടുകയും മറ്റേ അഗ്രവുമായി തിരികെ എത്തുകയും ചെയ്യും. പിന്നീട് കമ്പയുടെ രണ്ടഗ്രഭാഗങ്ങളും ഓരേ പോലെ വലിച്ചുകയറ്റിയാണ് മീൻപിടിക്കുന്നത്. കായികാധ്വാനം കൂടുതലുള്ള ഏകദേശം നൂറോളം ആളുകൾ സംഘടിതമായി ചെയ്യുന്ന ഈ പ്രവൃത്തിയിൽ അവർ ഏലേലോ, ഐലസ എന്നിങ്ങനെ വായ്ത്താരി മുഴക്കാറുണ്ട്. ഇത് മകരമത്സ്യത്തെ ബന്ധിച്ചപ്പോൾ ഉപയോഗിച്ച ഏ വേലാ, വാ വേലാ എന്ന വായ്ത്താരിയുടെ സ്മൃതിയാണെന്ന് ഇപ്പോഴും വിശ്വസിച്ചു വരുന്നു.

ചെങ്ങന്നൂർ ദേവിയുടെ പടിഞ്ഞാറോട്ടുള്ള ദർശനവും ക്ഷേത്രശില്പങ്ങളിലെ മത്സ്യസാന്നിധ്യവും ക്ഷേത്രവുമായുള്ള അവരുടെ ബാന്ധവത്തെയാണ് കാണിക്കുന്നതെന്ന് ആലപ്പാട്ടരയർ പറയുന്നു.

ക്ഷേത്രത്തിൽ പ്രവേശിക്കുമ്പോൾതന്നെ ചുറ്റമ്പലത്തിന്റെ പ്രധാനപടവിൽ രണ്ടു മത്സ്യരൂപങ്ങൾ കൊത്തിവച്ചിട്ടുണ്ട്. അതുപോലെ മുകൾത്തട്ടിലും മത്സ്യരൂപമുണ്ട് ഈ മത്സ്യരൂപങ്ങളെ അവിടന്ന് ഇളക്കിമാറ്റാൻ മുമ്പ് സവർണ്ണനേതൃത്വം ശ്രമിച്ചിരുന്നു. പക്ഷെ ഇവ ഒറ്റക്കല്ലിൽ നിർമ്മിച്ചിരിക്കുന്നതിനാൽ ആ ശ്രമം പരാജയപ്പെട്ടു (പാഠം - 19).

ചെങ്ങന്നൂർ ഭഗവതിയുടെ ദർശനം പടിഞ്ഞാറോട്ടാണ്. അവിടെ ഒരു ചന്തയുണ്ട്.

മീൻകച്ചവടമുണ്ട്. ആ ഭാഗത്ത് മതിൽകെട്ടിയാൽ എങ്ങനെയെങ്കിലും പൊളിയുമെന്ന് ആവേദകർ പറയുന്നു. അതുപോലെ ഈ മീനിന്റെ മണം ബ്രാഹ്മണർക്ക് ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. അതിനെക്കുറിച്ച് പറഞ്ഞുകൊണ്ട് പൂജാരി ക്ഷേത്രത്തിൽ പ്രവേശിക്കുമ്പോൾ, വിഗ്രഹത്തിന്റെ മുമ്പിൽ എന്തെങ്കിലും മീൻ കിടക്കുന്നുണ്ടാവും. ഇതു തുടർന്നപ്പോൾ പ്രശ്നംവച്ചു നോക്കുകയും ദേവിയും അരയന്മാരും തമ്മിലുള്ള ബന്ധം മനസ്സിലാവുകയും ചെയ്തുവെന്നും ആവേദകർ പറയുന്നു (പാഠം - 20).

ക്ഷേത്രങ്ങളിലെ മത്സ്യരൂപവും പടിഞ്ഞാറെ ദിക്കിലേയ്ക്കുള്ള ദേവീദർശനവും അതിനോടനുബന്ധമായി പറയുന്ന കഥകളും കൊണ്ട് ചെങ്ങന്നൂർക്ഷേത്രബന്ധത്തെ ദൃഢമാക്കാനാണ് ആവേദകർ ശ്രമിക്കുന്നത്. വിവാഹം ചെയ്തയച്ച മകളെയും മരുമകനെയും കാണാൻ എല്ലാ വിവാഹ വാർഷിക ദിനത്തിലും പരിശവുമായി (സ്ത്രീധനം) വധൂ ജനങ്ങൾ എത്തുന്നു എന്നതാണ് പരിശംവയ്പ്പിന്റെ സങ്കല്പം. ഐതിഹ്യത്തോട് ഒരു ചെറിയവിഭാഗം വിയോജിപ്പ് പ്രകടമാക്കുന്നുണ്ടെങ്കിലും (പാഠം - 18) അനേകം തലമുറകളായി പിന്തുടരുന്ന അനുഷ്ഠാനവും രേഖകളിലെ പരിശംവയ്പ്പെന്ന പരാമർശവും വസ്തുതാപരമാണെന്നു കാണാം. ആയതിനാൽ ഐതിഹ്യത്തിന്റെ അടിസ്ഥാനത്തിൽ നടന്നു വരുന്ന ചടങ്ങെന്നതിലുപരിയായി ഒരു ചരിത്രസ്മൃതിയുടെ അനുഷ്ഠാനരൂപമായി പരിശംവയ്പ്പിനെ വിലയിരുത്താം.

പരിശംവയ്പ്പ് എന്ന അനുഷ്ഠാനത്തെക്കുറിച്ച് ചെങ്ങന്നൂർ ക്ഷേത്രജീവനക്കാരോടും വിശ്വാസികളോടും അന്വേഷിക്കുകയുണ്ടായി. അവർ നൽകിയ മൊഴിപാഠങ്ങളിൽ ചിലത് താഴെ സംഗ്രഹിക്കുന്നു.

പെരുന്തച്ചനാണ് ചെങ്ങന്നൂർ ക്ഷേത്രം പണിതതെന്ന് ഇക്കൂട്ടർ വിശ്വസിക്കുന്നു. ആ അവസരത്തിൽ ദേവിയ്ക്ക് രണ്ടുവിഗ്രഹം നിർമ്മിച്ചിരുന്നു. അതിലൊന്ന് ഇവിടുള്ള കയത്തിൽ ഇട്ടു. ഒരിക്കൽ തീപിടുത്തത്തിൽ ദേവിവിഗ്രഹം നശിക്കുമെന്നും അപ്പോൾ കയത്തിൽനിന്ന് വിഗ്രഹം എടുത്തു പ്രതിഷ്ഠിക്കണമെന്നും ഗ്രന്ഥത്തിൽ എഴുതിയിരുന്നു. അപ്രകാരം സംഭവിച്ചപ്പോൾ കയത്തിൽനിന്ന് വിഗ്രഹമെടുക്കാനുള്ള ശ്രമം ഉണ്ടായി. അതിനു കഴിയാതെ വന്നപ്പോൾ, സമർത്ഥരായ നാവികരും മുങ്ങൽ വിദഗ്ദ്ധരുമായ ആലപ്പാട്ടരയരെ കൊണ്ടുവന്ന് വിഗ്രഹമെടുത്തു പ്രതിഷ്ഠിച്ചു.

അങ്ങനെ അവർ ദേവി ഉടയവരായി അറിയപ്പെട്ടു. അവർക്ക് അന്ന് സമ്മാനവും പ്രസാദവുമൊക്കെ നൽകി. പിന്നീട് അതൊരു ചടങ്ങായി മാറി. അതാണ് പരിശംവയ്പ്പ് എന്നു വിശ്വസിക്കുന്നു. ഇതിനെക്കുറിച്ച് മറ്റൊരു കഥയും പ്രചരിക്കുന്നുണ്ട്. ആലപ്പാട്ടരയന്റെ മകളായി ജനിച്ചതാണ് ദേവിയെന്നും വിവാഹം ചെയ്തുകൊണ്ടുവന്ന മകളെ കാണാൻ എല്ലാവർഷവും അവര് വരുന്ന അനുഷ്ഠാനമാണ് പരിശംവയ്പ്പെന്നും മറ്റൊരു പാഠത്തിൽ പറയുന്നു (പാഠം - 21 - 24).

ആലപ്പാട്ടരയർ നടത്തുന്ന ഈ ചടങ്ങിന് രേഖയുള്ളതായും ആവേദകർ പറയുന്നുണ്ട്. ആയിരത്തി എണ്ണൂറ് വർഷത്തിലേറെയായി ഇത് നടക്കുന്നുണ്ടെന്നാണ് കണക്ക് (പാഠം - 24). ഈ അരയജനതയോടുള്ള ബന്ധത്തിന്റെ പ്രതീകമാണ് ക്ഷേത്രശില്പങ്ങളിൽ കാണുന്ന മത്സ്യരൂപമെന്നും ആവേദകർ നിരീക്ഷിക്കുന്നുണ്ട് (പാഠം - 25).

ഈ വാമൊഴിപാഠങ്ങളിൽ നിന്നും മനസ്സിലാകുന്നത് ചെങ്ങന്നൂർ നിവാസികളും ആലപ്പാട്ടു നിലനിൽക്കുന്ന ഐതിഹ്യത്തെ അംഗീകരിക്കുന്നുണ്ടെന്ന വസ്തുതയാണ്. ആലപ്പാടിനു പുറത്തുള്ള സാംസ്കാരിക മേഖലയിലും ഈ ഐതിഹ്യത്തിന്റെ ഒന്നിലേറെ പാഠങ്ങൾ നിലനിൽക്കുന്നു/പ്രചരിക്കുന്നു എന്ന് ഇതു തെളിയിക്കുന്നു. ഇരുപത്തൊന്നും ഇരുപത്തിനാലും പാഠങ്ങളിൽ വരമൊഴിയുടെ സ്വാധീനം പ്രകടമാണ്. ഇരുപത്തൊന്നിൽ *ഐതിഹ്യമാല*യെ ഉപജീവിച്ചിരിക്കുന്നതായി മനസ്സിലാക്കാം. എന്നാൽ കരുനാഗപ്പള്ളിയിലെ ചില മരയ്ക്കാൻമാർ വഞ്ചികളിൽ കയറി മീമ്പിടിച്ചു നടന്ന കൂട്ടത്തിൽ കയത്തിലിറങ്ങി വിഗ്രഹം എടുത്തുവെന്ന് ശങ്കുണ്ണി പറയുന്നതിൽ നിന്ന് വ്യത്യസ്തമായ ആഖ്യാനമാണ് ആവേദകൻ നൽകുന്നത് എന്നത് ശ്രദ്ധേയമാണ്. കയത്തിൽ നിന്നും വിഗ്രഹമെടുക്കാൻ മറ്റാർക്കും കഴിയാതെ വന്നപ്പോൾ നാവികരും മുങ്ങൽ വിദഗ്ധരുമായ ആലപ്പാട്ടരയരെ പോയിക്കൊണ്ടുവന്നു എന്ന പറച്ചിൽ ആലപ്പാട്ടരയർക്ക് അന്ന് സമൂഹത്തിലുണ്ടായിരുന്ന പ്രാധാന്യമാണ് വ്യക്തമാക്കുന്നത്. ഒപ്പം പമ്പാതീരവാസികൾ മുങ്ങൽ വൈദഗ്ദ്ധ്യം ആർജ്ജിക്കാത്തവരായിരുന്നോ എന്ന മറുചോദ്യംകൂടി ഇതോടൊപ്പം ഉയരുന്നുണ്ട്. ഇരുപത്തിമൂന്നാംമൊഴിയിൽ ആവേദകൻ ഇരുകഥകളും പറയുന്നുണ്ട്. അതിന് കല്ലൂർ നാരായണപിള്ളയുടെ ഗ്രന്ഥത്തോ

ടുള്ള കടപ്പാട് വ്യക്തമാക്കുകയും ആലപ്പാട്ടെ ഐതിഹ്യത്തോട് ആനുകൂല്യം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ചെങ്ങന്നൂർ ക്ഷേത്രവാസികളും ഭക്തരും പരിശംവയ്പ്പുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന ഐതിഹ്യത്തെ അംഗീകരിക്കുന്നു എന്ന നിഗമനത്തിലാണ് പാഠവിശകലനം എത്തിച്ചേരുന്നത്.

## 4.2. സമൂഹഘടന, തുറഭരണം.

പരമ്പരാഗത സമൂഹത്തിന്റെ ഘടന, അവിടെ നിലനിന്നിരുന്ന ഭരണസംവിധാനം എന്നിവയാണ് ഇവിടെ ചർച്ചചെയ്യുന്നത്. അരയസമൂഹത്തെ പൊന്നില്ലം, കാരില്ലം, ചെമ്പില്ലം, കാച്ചില്ലം എന്നിങ്ങനെ വേർതിരിച്ചിരുന്നതായി വരമൊഴി വ്യവഹാരങ്ങളിൽ കാണുന്നുണ്ട്. എന്നാൽ ഈ വിഭജനരീതി ആവേദകർക്ക് അജ്ഞാതമാണ്. ലഭ്യമായ വാമൊഴികളിലൊന്നും അത്തരം പരാമർശങ്ങളില്ല. എന്നാൽ ചില വേർതിരിവുകൾ ഉണ്ടായിരുന്നതായി പറയുന്നുണ്ട്.

തുറഭരണം നടത്തിയിരുന്നത് തുറയിലരയനാണ്. അരയരിൽ തന്നെയുള്ള ഒരു ന്യൂനപക്ഷവിഭാഗമാണ് പണിക്കർമാർ. ജനങ്ങളിൽനിന്ന് കരം പിരിക്കുന്നതിനായി തിരുവിതാംകൂർ രാജാവ് അധികാരപ്പെടുത്തിയ അരയരാണ് പണിക്കൻമാർ. സാമ്പത്തികമായി മുന്നിട്ടു നിന്നവർക്കാണ് ഈ പദവി ലഭിച്ചത്. കാരണം ഇതിനായി ഒരു നിശ്ചിതതുക ഉറപ്പിനായി നൽകേണ്ടിയിരുന്നു. ആലപ്പാട്ട് ആറുപേർക്കാണ് പണിക്കർപദവി ലഭിച്ചത്.

1. അഴീക്കൽ അരയശ്ശേരിൽ മാടത്താൻ പണിക്കൻ. ഇദ്ദേഹത്തിന് മാടമ്പിസ്ഥാനവും ലഭിച്ചിരുന്നു.
2. കുഴിത്തുറ ചിങ്ങന്റയ്യത്തു പണിക്കൻ.
3. ചെറിയഴീക്കൽ കടവത്തു പണിക്കൻ.
4. ചെറിയഴീക്കൽ മക്കാടത്തു പണിക്കൻ.
5. പണ്ടാരത്തുരുത്ത് മാളിയേക്കൽ പണിക്കൻ.
6. പണ്ടാരത്തുരുത്ത് അരയശ്ശേരിൽ പണിക്കൻ.

ഇവർക്കാണ് പണിക്കർസ്ഥാനം ലഭിച്ചതെങ്കിലും പിന്നീട് ഇവരുടെ ആശ്രിതരും ഇവരുമായി ബന്ധം സ്ഥാപിച്ചവരും എല്ലാം പേരിനൊപ്പം പണിക്കർപദം ചേർത്തുപയോഗിക്കുകയും അങ്ങനെ ഒരു ചെറിയവിഭാഗം രൂപംകൊള്ളുകയും ചെയ്തു (പാഠം - 30).

അരയനെ മരയ്ക്കാനെന്നാണ് വിളിച്ചിരുന്നത്. അരയനിൽ, വടുകനെന്നും സ്വരുവനെന്നും രണ്ടുവിഭാഗം ഉണ്ടായിരുന്നതായും ആവേദകർ പറയുന്നു. ഇതുകൂടാതെ ചക്കരത്തി എന്നൊരു കൂട്ടരും ഇവർക്കിടയിലുണ്ട്. അവരെ അരയവാത്തിയെന്നാണ് വിളിക്കുന്നത് (പാഠം - 32).

വാമൊഴിപാഠങ്ങളിൽനിന്ന് പരമ്പരാഗതസമൂഹത്തിന്റെ ഘടനയെക്കുറിച്ച് കിട്ടുന്ന വിവരങ്ങൾ ഇങ്ങനെയാണ്: പ്രദേശത്തെ നിയന്ത്രിക്കുന്ന അധികാരിയെ തുറയിലരയൻ എന്നാണ് വിളിച്ചിരുന്നത്. തുറയിലരയന് കീഴിലായി ഭൂരിപക്ഷം വരുന്ന മരയ്ക്കാന്മാർ[3] (അരയൻ). അവർക്കു കീഴിൽ ന്യൂനപക്ഷവിഭാഗമായ ചക്കരത്തികൾ (അരയവാത്തി). പണിക്കർ സ്ഥാനം ലഭിച്ച തുറയിലരയൻ തുറയിൽപ്പണിക്കർ എന്നറിയപ്പെട്ടു. പണിക്കർ സ്ഥാനലബ്ധിയോടെ അരയർക്കുള്ളിൽ ആ പേരിൽ ഒരു ന്യൂനപക്ഷ വിഭാഗം രൂപംകൊണ്ടു. അതിനുമുമ്പ് അരയനിൽ സ്വരുവൻ, വടുകൻ എന്നിങ്ങനെ വേർതിരിവുണ്ടായിരുന്നു. സാമ്പത്തികമായി മുന്നിട്ടുനിന്നവരാണ് സ്വരുവനെന്നും സമുദായത്തിലെ നീചപ്രവൃത്തി ചെയ്തവരാണ് വടുകരെന്നും ആനുഷംഗികമായി പരാമർശിക്കുന്നതല്ലാതെ ഈ വേർതിരിവിന്റെ സാംഗത്യം വ്യക്തമാക്കാൻ മൊഴികൾ പര്യാപ്തങ്ങളല്ല. സാമാന്യമായി ഉച്ച - നീചത്വബോധം, ശുചിത്വബോധം, സാമ്പത്തികസ്ഥിതി എന്നിവയാണ് ഈ വിഭജനത്തെ നിർണ്ണയിച്ചിരിക്കുന്നതെന്നാണ് പാഠങ്ങളിലെ സൂചന.

സ്വരുവൻ എന്ന പദപ്രയോഗം തന്നെ ഇന്ന് സമൂഹത്തിൽ നിലവിലില്ലെങ്കിലും വടുകൻ എന്ന് സാന്ദർഭികമായി ഉപയോഗിച്ചു കാണുന്നുണ്ട്. വാക്കുതർക്കങ്ങളുണ്ടാക്കുന്ന വേളകളിൽ വടുകൻ, വടുകത്തി എന്നിങ്ങനെ സംബോധന ചെയ്തു കേൾക്കാറുണ്ട്. അതിനിരയാകുന്നവർ വടുകപരമ്പരയിൽ ഉൾപ്പെട്ടവരാകണമെന്നില്ല. മറിച്ച് സമൂഹത്തിലെ മോശപ്പെട്ടവർ എന്നർത്ഥത്തിലാണ് പ്രയോഗിക്കുന്നത്. സ്വരുവൻ, വടുകൻ

എന്നുള്ള വേർതിരിവ് മുൻകാലങ്ങളിൽ നിലനിന്നതായുള്ള കേട്ടറിവാണ് ആവേദകർ പങ്കുവെയ്ക്കുന്നത്. അതും ഒരു ന്യൂനപക്ഷവിഭാഗം മാത്രം. അരനൂറ്റാണ്ടിനപ്പുറം ഈ വേർതിരിവ് പൂർണ്ണമായും ഇല്ലാതായി എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

പണിക്കർ വിഭാഗത്തിന്റെ ഉൽഭവത്തെക്കുറിച്ച് വാമൊഴിപാഠം - 30 വിശദീകരിക്കുന്നു. മാർത്താണ്ഡവർമ്മയുടെ ഭരണകാലത്താണ് (1729 - 1758) പണിക്കർ സ്ഥാനം ലഭിച്ചത്. 1746 - ലാണ് ആലപ്പാടു ദേശം ഉൾപ്പെടുന്ന കായംകുളം രാജ്യം വേണാടിന്റെ ഭാഗമായത്(1.1.2 - കാണുക). ആയതിനാൽ അതിനുശേഷമാണ് പണിക്കർസ്ഥാനം നൽകിയതെന്നു മനസ്സിലാക്കാം. ഈ മേഖലയിൽ ആറുപേർക്കാണ് ഇത് ലഭിച്ചത്. ജനങ്ങളിൽ നിന്നും കരം പിടിച്ചെടുക്കുന്നതിനുള്ള അധികാരമാണ് ഈ സ്ഥാനലബ്ധിയിലൂടെ കൈവന്നത്. അതിനായി ഒരു നിശ്ചിത തുക ഖജനാവിൽ അടക്കേണ്ടിയിരുന്നു. അന്ന് അതിനുള്ള പ്രാപ്തിയുണ്ടായിരുന്നത് സ്വാഭാവികമായി സ്വരുവന്മാർക്കായിരുന്നു. പണിക്കർ സ്ഥാനം ലഭിച്ച ഈ ആറുകുടുംബക്കാരും അവരോട് ബന്ധം സ്ഥാപിച്ചവരും അവരുടെ പരമ്പരയും ഉൾപ്പെടുന്നതാണ് പണിക്കർ വിഭാഗം.

പരമ്പരാഗത സമൂഹശ്രേണിയിൽ ഏറ്റവും താഴെയായിരുന്നു ക്ഷുരകവൃത്തി ചെയ്തിരുന്ന അരയവാത്തിയുടെ സ്ഥാനം. ക്ഷൗരം കൂടാതെ വള്ളപ്പണി, വൈദ്യം എന്നിവയും ഉപജീവനമാർഗ്ഗമായി സ്വീകരിച്ചുപോന്ന അവർ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്നില്ല. സമുദായത്തിലുണ്ടാകുന്ന വിവാഹം, മരണം തുടങ്ങിയുള്ള കർമ്മങ്ങളിൽ അരയവാത്തിക്ക് നിർണ്ണായകസ്ഥാനമുണ്ട്. ആലപ്പാട്ടരയരല്ലാത്ത ആവേദകർ (പാഠം - 30, 32) പണിക്കർ, ചക്കരത്തി എന്നീ വേർതിരിവുകളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അതല്ലാതെ മുൻകാലങ്ങളിൽ നിലനിന്നിരുന്നു എന്നു പറയുന്ന സ്വരുവൻ, വടുകൻ എന്നീ വിഭാഗങ്ങളെക്കുറിച്ചുള്ള ധാരണകളൊന്നും അവരിൽനിന്നും ലഭിച്ചില്ല. അരയൻ മരയ്ക്കാനെന്ന പേരിൽ അറിയപ്പെട്ടിരുന്നതായി അന്യസമുദായത്തിൽപ്പെട്ട ആവേദക (പാഠം - 32) അഭിപ്രായപ്പെടുന്നത് ശ്രദ്ധേയമാണ്.

നവോത്ഥാനകാലംവരെ ഈ ഉപജാതിവിഭാഗങ്ങൾ പരസ്പരം തൊട്ടുണ്ണുകയോ വിവാഹബന്ധത്തിലേർപ്പെടുകയോ ചെയ്തിരുന്നില്ല. വേലുക്കുട്ടി അരയന്റെ നേതൃത്വത്തിൽ നടന്ന സാമൂഹ്യപരിഷ്കരണ ശ്രമങ്ങളാണ് ഉച്ചനീചത്വബോധം ഇല്ലാതാക്കി

പരസ്പര സഹകരണത്തിലേക്ക് സമുദായത്തെ നയിക്കാനിടയാക്കിയത്. സമകാലജീവിതത്തിൽ മരയ്ക്കനെന്നു വിളിക്കുന്നത് അരയനും ചക്കരത്തിയെന്നു വിളിക്കുന്നത് അരയവാത്തിയും അപമാനകരമായി കരുതുന്നുണ്ടെങ്കിലും പണിക്കർ എന്ന പദം അഭിമാനചിഹ്നമായി അവർ പേരിനൊപ്പം കൊണ്ടുനടക്കുന്നു. അത് ഒരു സാമൂഹ്യപദവിയായി ഗണിക്കുന്നതിനാലാവാം രാധാകൃഷ്ണ പണിക്കൻ, ഗീതാ പണിക്കൻ, ദാമോദര പണിക്കൻ, ലീലാ പണിക്കൻ എന്നിങ്ങനെയുള്ള പേരുകൾ നിലനിന്നുപോരുന്നത്. നവോത്ഥാനകാലത്ത് ഈഴവസമുദായം അവരിലെ ക്ഷുരകവിഭാഗത്തിന് ഈഴവാത്തി എന്ന പേര് സ്വീകരിക്കുകയുണ്ടായി. അതിനെ പിന്തുടർന്നാണ് അരയവാത്തിയെന്ന പ്രയോഗരീതി വന്നതെന്ന് പാഠം - 30 ലെ ആവേദകൻ വ്യാഖ്യാനിക്കുന്നു.

അരയനായി മാറിയ മരയ്ക്കാരന് ആ പദപ്രയോഗരീതി അപമാനജനകമാണെന്നു വ്യക്തമാക്കുന്ന ഒരാവേദക മൊഴി താഴെ സംഗ്രഹിക്കുന്നു.

എവിടെയായാലും ആലപ്പാട്ടരയരെന്ന് സ്വയം പരിചയപ്പെടുത്തും. ഒരിക്കൽ ശിവഗിരിയിൽ പോയപ്പോൾ സംഘത്തിലെ ഒരു കുട്ടി കല്ലെടുത്ത് മാവിലെറിഞ്ഞു. അത് മരയ്ക്കാത്തിയുടെ കുട്ടിയാണെന്ന് കൂടെയുണ്ടായിരുന്ന ഒരു ഈഴവസ്ത്രീ പറഞ്ഞു. അതിന്റെ പേരിൽ വാക്കുതർക്കമുണ്ടാകുകയും യുവാക്കൾ ഇടപെട്ട് പ്രശ്നം പരിഹരിക്കുകയും ചെയ്തു (പാഠം - 33).

ഇന്ന് അരയർ, മരയ്ക്കാൻ പദപ്രയോഗം മോശപ്പെട്ട വാക്കായി കരുതുന്നുവെന്ന് ഇതിൽ വ്യക്തമാണ്. പൊതുസമൂഹത്തിൽ മരയ്ക്കാനെന്നു സംബോധന ചെയ്യുന്നത് ആക്ഷേപസൂചകമായാണ് ആവേദക കാണുന്നത്. മറ്റു സമുദായങ്ങൾക്കുള്ളിലും ഇത്തരത്തിൽ പല പേരുകളും നിലനിന്നതായി പറയുന്ന അവർ മരയ്ക്കാൻ പദത്തിന് സ്വയം കല്പിക്കുന്ന മോശത്തമാണ് വെളിവാകുന്നത്. അതിൽ നിന്നുള്ള രക്ഷപ്പെടലിനായി സവർണ്ണതയെ കൂട്ടുപിടിക്കുന്നതും ശ്രദ്ധേയമാണ്. അതോടൊപ്പം ആലപ്പാട്ടരയൻ എന്ന സ്വത്വബോധത്തെ പൊതുസമൂഹത്തിൽ അടയാളപ്പെടുത്താനുള്ള ശ്രമവും ഈ മൊഴിയിൽ കാണാം.

**4.2.1. തുറഭരണം**

പരമ്പരാഗത സമൂഹത്തിൽ തുറയിലരയനാണ് ഭരണകാര്യങ്ങൾ നിർവ്വഹിച്ചിരുന്നത്. പണിക്കർ സ്ഥാനലബ്ധിയോടെ അധികാരി തുറയിൽപ്പണിക്കർ എന്നറിയപ്പെട്ടു. സമൂഹത്തിൽ നടക്കുന്ന ഏതു ചടങ്ങിനും ഇവരുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങണമായിരുന്നു. ജനങ്ങൾക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതും തുറയിലരയൻ/തുറയിൽപ്പണിക്കനാണ്. അധികാരം വഹിക്കുന്ന അരയശ്ശേരിൽ പണിക്കനെ 'വലിയച്ചൻ' എന്നാണ് ജനങ്ങൾ സംബോധന ചെയ്തിരുന്നത്. അഴീക്കൽ മുതൽ വെള്ളനാതുരുത്തുവരെയുള്ള പ്രദേശങ്ങളുടെ (ഇന്നത്തെ ആലപ്പാട് പഞ്ചായത്ത്) അധികാരിയായിരുന്ന 'വലിയച്ചൻ' ഭരണ സൗകര്യാർത്ഥം സാമന്തന്മാരെയും ഏർപ്പെടുത്തിയിരുന്നു (വേലുക്കുട്ടി അരയൻ, 1960: 137). കുട്ടുനാഥൻ വേലായുധപ്പണിക്കൻ, ചൊക്കനാഥൻ വേലായുധപ്പണിക്കൻ, കാട്ടിപ്പണിക്കൻ എന്നറിയപ്പെട്ട കുഞ്ഞൻ പണിക്കൻ[4] എന്നിവരാണ് 18 – 20 നൂറ്റാണ്ടുകളിൽ അധികാരികളായിരുന്നത് (ശശിധരൻ, 1960 : 112 – 113). മാർത്താണ്ഡവർമ്മ കായംകുളം പിടിച്ചടക്കാനായി നടത്തിയ യുദ്ധത്തിലാണ് കുട്ടുനാഥൻ വേലായുധപ്പണിക്കൻ കൊല്ലപ്പെട്ടത്. കായംകുളം തിരുവിതാംകൂറിനോട് കൂട്ടിച്ചേർത്തപ്പോൾ മാർത്താണ്ഡവർമ്മ അരയിശ്ശേരിൽ പണിക്കന്റെ അവകാശങ്ങൾ എടുത്തുകളഞ്ഞതായും പിന്നീട് ചൊക്കനാഥപ്പണിക്കരുടെ അപേക്ഷപ്രകാരം അവകാശങ്ങൾ തിരിച്ചുനൽകിയതായും പറഞ്ഞുവരുന്നു. മുമ്പുണ്ടായിരുന്ന അവകാശങ്ങളോടൊപ്പം കടൽകൊള്ളയും കള്ളവ്യാപാരവും തടയുന്നതിനുള്ള അധികാരവും അതിന്റെ അടയാളമായി സ്വർണ്ണം കെട്ടി ശംഖുമുദ്ര പതിച്ച ഒരു ചൂരലും ഈ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു ചെമ്പുപട്ടയവും ലഭിക്കുകയുണ്ടായി. ഗതകാലപ്രതാപത്തിന്റെ ഭാഗമായിരുന്ന ഇത്തരം വസ്തുവകകൾ കാലാന്തരത്തിൽ കടൽക്ഷോഭത്തിൽ നഷ്ടപ്പെടുകയുണ്ടായി.

തുറയിൽ പണിക്കന്റെ നിർദ്ദേശാനുസരണമായിരുന്ന പ്രദേശവാസികളുടെ ജീവിതം. കുടുബത്തിലുണ്ടാകുന്ന കർമ്മങ്ങൾക്ക് അധികാരികളുടെ മുൻകൂട്ടിയുള്ള അനുമതി നേടിയിരിക്കണം. അതിന് 'പൊകലവെപ്പെ'ന്നാണ് പറഞ്ഞിരുന്നത്. പണിക്കർക്ക്

വെറ്റിലയും പുകയിലയും കാഴ്ചവച്ച് ചടങ്ങുനടത്താൻ അനുവാദം വാങ്ങണം. ആ കാലത്തെക്കുറിച്ചുള്ള കേട്ടറിവ് പാഠം – 27 ൽ ആവേദക പങ്കുവയ്ക്കുന്നുണ്ട്. കടലിൽ നിന്നും വലിയ മീൻ ലഭിച്ചാൽ അത് പണിക്കർക്ക് കാഴ്ചവയ്ക്കണം. സാധാരണക്കാർ കാൽമുട്ടിന് താഴേയ്ക്ക് മുണ്ട് ഇറക്കിയുടുക്കാൻ പാടില്ല. എന്നിങ്ങനെയുള്ള കാര്യങ്ങൾ പാലിക്കാൻ ജനങ്ങൾ നിർബന്ധിതരായിരുന്നു. അത് ലംഘിക്കുന്നവർക്ക് വിലക്കേർപ്പെടുത്തുന്ന[5] സമ്പ്രദായവും നിലനിന്നിരുന്നു.

1814 – ലെ ഒരു രാജവിളംബര (ഗൗരിലക്ഷ്മിബായിയുടെ ഭരണകാലം 1810 – 1815)ത്തിലൂടെ കരം പിരിപ്പിക്കാനായി ഏർപ്പെടുത്തിയിരുന്ന പണിക്കൻ, തണ്ടാൻ, അരയൻ എന്നീ പദവികൾ നിർത്തൽ ചെയ്തു.

> "…..മേലെഴുതിയ തരങ്ങളിൽ, തണ്ടാന്മാരെ, പണിക്കന്മാരെ , നാടാന്മാരെ, അരയന്മാരെ ഇപ്പേർപ്പെട്ട സ്ഥാനങ്ങൾ കൊടുത്തിരിക്കക്കൊണ്ട് അയാളുകൾ മേലെഴുതിയ ജാതിയിലുള്ള ആളുകളുടെ പേരിൽ ഏറിയ അന്യായങ്ങളും അക്രമങ്ങളും ചെയ്തുവരിക കൊണ്ട് അവരുടെ സ്ഥാനം ഒക്കെയും ഇന്നുമുതൽ നിർത്തൽ ചെയ്തിരിക്കുന്നു. ഇനിമേൽ അയാളുകളുടെ സ്ഥാനം പ്രമാണിച്ച് മേലെഴുതിയ ആളുകളോട് യാതൊരു ചോദ്യം ചെയ്യാതെയും പണ്ടാരവക ഊഴിയം കാര്യങ്ങൾ നേരിട്ടു മണ്ഡപത്തും വാതിക്കൽ ഉദ്യോഗസ്ഥർ ചെയ്തുകൊള്ളത്തക്കവണ്ണം നാം കല്പനകൊടുത്തിരിക്കക്കൊണ്ട് ഈ വിളംബരപ്രകാരം എല്ലാ ആളുകളും അനുസരിച്ച് നടന്നുകൊള്ളുകയും വേണം (ബാലകൃഷ്ണൻ, 1997 : 391).

നിയമം മൂലം ഈ പദവികൾ നിർത്തൽ ചെയ്തെങ്കിലും ആലപ്പാടുപ്രദേശത്ത് അത് പ്രാവർത്തികമാക്കാൻ ഒരു നൂറ്റാണ്ടോളം വേണ്ടിവന്നുവെന്നാണ് ആവേദകമൊഴികളിൽ[6] നിന്ന് മനസ്സിലാക്കാനായത്.

**4.2.2 കരയോഗം**

ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ സമുദായത്തിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി അരയജനകരയോഗങ്ങൾ രൂപം കൊണ്ടു.

ഡോ. വി.വി. വേലുക്കുട്ടി അരയന്റെ നേതൃത്വത്തിൽ 1916 – ൽ പ്രവർത്തനമാരംഭിച്ച ചെറിയഴീക്കൽ അരയജനപരിപാലനയോഗം ആണ് ഇതിൽ ആദ്യത്തേത്. തുടർന്ന് മറ്റു തുറകളിലും കരയോഗങ്ങൾ രൂപം കൊണ്ടു.

കരയോഗങ്ങളെല്ലാം ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. സമൂഹം, കരയോഗം, ക്ഷേത്രം എന്നതാണ് ഇവിടെയുള്ള ഘടന. കരയോഗവുമായി ചേർന്നാണ് ഗ്രന്ഥശാലയുടെ പ്രവർത്തനവും. കല്യാണം പോലുള്ള ചടങ്ങുകൾ നടക്കണമെങ്കിൽ കരയോഗത്തിന്റെയും ഗ്രന്ഥശാലയുടെയും കുടിശ്ശിഖ തീർക്കണമെന്ന വ്യവസ്ഥ നിലവിലുണ്ട് (പാഠം – 34). കരയോഗങ്ങളിൽ ഭരണഘടനയുണ്ടാക്കിയ വേളയിൽ അതിന്റെ പ്രവർത്തനത്തിനായി ഒരു ചെറിയ തുക യോഗാംഗങ്ങൾ നൽകണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. അത് വട്ടചക്രമെന്ന് അറിയപ്പെട്ടു. കാരണം പണ്ട് 28 1/2 ചക്രമായിരുന്നു രൂപ. അതിലെ അരചക്രമാണ് വട്ടചക്രം അല്ലെങ്കിൽ വട്ടക്കാശെന്നു പറഞ്ഞുവന്നത്. അതിനു മുടക്കംവന്നാൽ കല്യാണവും മറ്റും നടക്കുന്ന വേളയിൽ ഈ കുടിശ്ശിഖ തീർക്കാൻ ജനം നിർബന്ധിതരാകുന്നു. പണം അടച്ചുതീർക്കാത്തിന്റെ പേരിൽ വീട്ടുപകരണങ്ങൾ ജപ്തിചെയ്യുന്ന രീതിയും നിലനിന്നിരുന്നതായി ആവേദകർ പറയുന്നു. അരയസമുദായത്തിൽവച്ച് വളരെ മുൻപുതന്നെ പുരോഗമന പ്രവർത്തനങ്ങളൊക്കെ ഉണ്ടായ നാടാണ് ആലപ്പാട്ട്. വേലുക്കുട്ടി അരയന്റെയും സുഹൃത്തുക്കളുടെയും പരിശ്രമത്തിന്റെ ഫലമായിട്ടാണ് കരയോഗങ്ങൾ, വായനശാല എന്നിവ ഉണ്ടായത്. എന്നാൽ പിൽക്കാലത്ത് അദ്ദേഹത്തിന് വേണ്ടത്ര പരിഗണന ലഭിച്ചില്ല. ഇതിൽ ആവേദകർ അസംതൃപ്തി പ്രകടമാക്കുന്നതും ചില പാഠങ്ങളിൽ കാണാം (പാഠം – 34 – 37).

ജന്മിത്തത്തിൽ നിന്ന് ജനാധിപത്യക്രമത്തിലേയ്ക്കുള്ള പരിവർത്തന ദശയിൽ ഉണ്ടായ സാമൂഹിക ചലനങ്ങളാണ് കരയോഗ രൂപീകരണത്തിനിടയാക്കിയത്. ഓരോ തുറകൾ കേന്ദ്രീകരിച്ചും ജനങ്ങളെ സംഘടിപ്പിക്കുന്നതിനും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ജനാധിപത്യക്രമത്തിൽ നിർമ്മിച്ചിട്ടുള്ള ഒരു ഭരണസംവിധാനമാണിത്. ക്ഷേത്രത്തിന്റെ ഭരണസമിതിയായി പ്രവർത്തി

ക്കുന്ന കരയോഗങ്ങളോടു ബന്ധപ്പെട്ടാണ് വായനശാലകളുടെ പ്രവർത്തനവും. പ്രദേശത്തെ ആദ്യത്തെ വായനശാലയായ വിജ്ഞാനസന്ദായിനി രൂപീകരിക്കപ്പെട്ട സന്ദർഭത്തിൽ (1908) അതിന്റെ നടത്തിപ്പിനായി സമുദായാംഗങ്ങളെല്ലാം വട്ടചക്രവും വിവാഹത്തോടനുബന്ധിച്ച് ഒരു നിശ്ചിത തുകയും സംഭാവനയായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു.

ആലപ്പാടുപ്രദേശത്ത് എല്ലാ തുറകളിലും ക്ഷേത്രങ്ങളുണ്ട്. ഓരോ തുറയിലും ജനങ്ങൾ ഒത്തുചേരുന്നയിടം എന്ന നിലയ്ക്കാണ് ക്ഷേത്രം ആ തുറയുടെ കേന്ദ്രമാകുന്നത്. കരയോഗങ്ങൾ അവിടെ കേന്ദ്രീകരിക്കപ്പെടുന്നതും അതുകൊണ്ടുതന്നെയാണ്. സെക്രട്ടറി, പ്രസിഡന്റ്, ട്രഷറർ, കമ്മിറ്റിയംഗങ്ങൾ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ജനാധിപത്യരീതിയിൽ തെരെഞ്ഞെടുക്കുന്ന സമിതിയാണ് കരയോഗം. സമൂഹത്തിൽ നടക്കുന്ന പ്രധാന ചടങ്ങുകൾക്ക് കമ്മിറ്റിയുടെ അനുമതി വാങ്ങിയിരിക്കണം. വിവാഹം, മരണാനന്തരചടങ്ങുകൾ എന്നിവ നടക്കുമ്പോൾ കരയോഗത്തിലറിയിക്കുകയും ഒരു നിശ്ചിത തുക ഫീസായി നൽകുകയും വേണം. പ്രസ്തുത ചടങ്ങുകളിൽ യോഗത്തിന്റെ പ്രതിനിധി പങ്കെടുക്കും. വിവാഹം നടക്കുന്നത് ഇരു കരയോഗങ്ങളിലെ സ്ത്രീപുരുഷന്മാർ തമ്മിലാണെങ്കിൽ ആ രണ്ടു കരയോഗങ്ങളിലെയും പ്രതിനിധികൾ വിവാഹത്തിൽ സംബന്ധിക്കുകയും അവർ വിവാഹ ഉടമ്പടിയിൽ വധൂവരന്മാരെക്കൊണ്ടും സാക്ഷികളെക്കൊണ്ടും ഒപ്പുവയ്പ്പിക്കുകയും ചെയ്യും. വധുവിന് നൽകുന്ന സ്വത്തിന്റെ വിവരങ്ങളും ഇതിൽ രേഖപ്പെടുത്താറുണ്ട്. വിവാഹമോചനം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ കരയോഗം ഇടപെട്ട് അനുരഞ്ജന ശ്രമങ്ങൾ നടത്താറുണ്ട്. അതു പരാജയപ്പെടുന്ന പക്ഷം വിവാഹ ഉടമ്പടിയിൽ പറഞ്ഞിരിക്കുന്ന സ്വത്ത് തിരികെ നൽകാൻ വരൻ ബാദ്ധ്യസ്ഥനാണ്. ദമ്പതികൾ ഉഭയസമ്മതപ്രകാരം കുടുംബകോടതിയെ സമീപിച്ചാൽ അനുബന്ധരേഖകളുമായി കരയോഗത്തിന്റെ പ്രതിനിധി കോടതിയിൽ ഹാജരായി മൊഴി നൽകുകയും എളുപ്പത്തിൽ വിവാഹമോചനം സാദ്ധ്യമാക്കുകയും ചെയ്യുന്നു. അതുകൂടാതെ സ്വത്തുതർക്കം, ഇതരവഴക്കുകൾ എന്നിവയെല്ലാം കരയോഗം മുൻപാകെ എത്തിയാൽ അതു രമ്യമായി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ അവർ നടത്തുന്നു. ഇങ്ങനെ രാഷ്ട്രീയതാതീതമായി ഓരോ തുറകൾ കേന്ദ്രീക

രിച്ചും പ്രവർത്തിച്ചുവരുന്ന അരയജനകരയോഗങ്ങളെല്ലാം ഇപ്പോൾ അഖിലകേരള ധീവ രസഭയോട് (1975 – ൽ സ്ഥാപിതം) ബന്ധപ്പെട്ടിരിക്കുന്നു.

പാഠം – 34 ലെ ആവേദകൻ, സാംസ്കാരിക പ്രവർത്തകനും വേലുക്കുട്ടി അരയനെക്കുറിച്ച് പഠനം നടത്തിയിട്ടുള്ള നമ്പൂതിരി സമുദായത്തിൽപ്പെട്ട വ്യക്തിയുമാണ്. പ്രദേശത്തെ സാംസ്കാരിക വളർച്ച ഈ മൊഴികൾ അടയാളപ്പെടുത്തുന്നുണ്ട്. ഇതിനെ അനുകൂലിക്കുന്ന അഭിപ്രായം തന്നെയാണ് സമീപദേശവാസിയും അരയനുമായ ആവേദകനും (പാഠം – 37) പങ്കുവയ്ക്കുന്നത്. വേലുക്കുട്ടി അരയന്റെ പ്രവർത്തന ങ്ങളാണ് ആലപ്പാടിന്റെ സാംസ്കാരിക പുരോഗതിയ്ക്ക് കാരണമായതെന്നു പറയുന്ന അദ്ദേഹം വേലുക്കുട്ടി അരയന് വേണ്ടത്ര പരിഗണന ലഭിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു.

### 4.3. കുടുംബവ്യവസ്ഥ – സ്ത്രീ പദവി

പരമ്പരാഗതമായി ആലപ്പാട്ടരയർ പിന്തുടരുന്ന കുടുംബസംവിധാനം, സ്ത്രീക ളുടെ സ്ഥാനം, കടലമ്മ എന്ന സങ്കല്പനം, ചെമ്മീനിലെ മിത്ത് എന്നിവയാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

പിതൃദായക്രമമാണ് ആലപ്പാട്ടരയർ പിൻതുടരുന്നത്. പിതാവിൽനിന്നും അധികാരവും സ്വത്തും മക്കളിലേക്ക് കൈമാറുന്ന രീതിയാണ് ഇവർക്കിടയിൽ നിലനിൽക്കുന്നത്. കുടുംബകാര്യങ്ങളിൽ അമ്മയുടെ വാക്കിന് വലിയ വില കല്പിച്ചിരുന്നു. തിരുവനന്തപുരം ഭാഗത്തും എറണാകുളത്തിന് വടക്കോട്ടും അരയരുടെ ഇടയിൽ മരുമക്കത്തായമാണുള്ളതെന്ന് ആവേദകർ പറയുന്നു. ഇതനുസരിച്ച് പെൺകുട്ടിയെ വിവാഹം ചെയ്തയച്ചുകഴിഞ്ഞാൽ അവൾക്ക് കുടുംബസ്വത്തിൽ യാതൊരു അവകാശവും ഉണ്ടാവില്ല (പാഠം – 38 – 44).

പിതൃദായക്രമം പാലിച്ചുവരുമ്പോഴും അവരുടെ കുടുംബഘടനയിൽ സ്ത്രീയുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടിരുന്നു. കുടുംബകാര്യങ്ങളിൽ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം അവർക്ക് അനുവദിക്കപ്പെട്ടിരുന്നു. അച്ഛനും അമ്മയും കൂട്ടായെടുക്കുന്ന തീരുമാനങ്ങളാണ് കുടുംബത്തിൽ പ്രാവർത്തികമാക്കിയിരുന്നത്. വിവാഹം കഴിച്ചയ

ച്ചുകഴിഞ്ഞാൽ പെൺകുട്ടിക്ക് കുടുംബസ്വത്തിൽ അവകാശമുണ്ടായിരുന്നില്ല. വിവാഹവേളയിൽ കുടുംബത്തിന്റെ ധനസ്ഥിതിക്കനുസരിച്ച് സ്വർണ്ണവും പണവും നൽകിയിരുന്നു.

മറ്റു സമുദായത്തിലുൾപ്പെട്ട ആവേദകയും (പാഠം – 42) ആലപ്പാട്ടരയർ മക്കത്തായികളാണെന്ന് അംഗീകരിക്കുന്നുണ്ട്. കൂട്ടുകുടുംബമായി കഴിഞ്ഞിരുന്ന അവരുടെ ഇടയിൽ വിവാഹിതയായ സ്ത്രീയ്ക്ക് കുടുംബസ്വത്തിൽ അവകാശമുണ്ടായിരുന്നില്ല. ആലപ്പാട്ടു മാത്രമല്ല അതിന്റെ വടക്കും തെക്കുമുള്ള സമീപദേശങ്ങളിലും അരയന്മാർ മക്കത്തായികളായിരുന്നുവെന്നും എറണാകുളത്തിന് വടക്കോട്ടും തിരുവനന്തപുരത്തുമാണ് മരുമക്കത്തായം ഉണ്ടായിരുന്നതെന്നും പാഠം – 43 – ലെ സമീപദേശവാസിയും അരയനുമായ ആവേദകൻ അഭിപ്രായപ്പെടുന്നുണ്ട്. പരമ്പരാഗതമായി സ്ത്രീക്ക് മുൻഗണന നൽകിയിരുന്ന ഒരു സമൂഹമാണ് ആലപ്പാട്ടരയരെന്ന് സ്ഥാപിക്കാനാണ് പാഠം – 44 – ൽ മറ്റു സമുദായക്കാരനായ ആവേദകൻ ശ്രമിക്കുന്നത്. സാഹിത്യകൃതികളിലും മറ്റും വിരചിതമായിരിക്കുന്ന തീരദേശസ്ത്രീജീവിതത്തിൽ നിന്നും ഭിന്നമാണ് ഇവിടുത്തെ സ്ത്രീകളുടെ അവസ്ഥ. പ്രാചീനകാലം മുതലേ സ്ത്രീക്കും സ്ത്രീദൈവങ്ങൾക്കും പ്രാധാന്യം നൽകിയിരുന്നതുകൊണ്ടാണ് അമൃതാനന്ദമയി എന്ന സന്യാസിനി ഇവിടെ നിർമ്മിക്കപ്പെട്ടത്. ആൾദൈവ സംസ്കാരത്തെ ന്യായീകരിക്കുകയല്ല, മറിച്ച് ഒരു സ്ത്രീ എന്തുകൊണ്ട് തൽസ്ഥാനത്ത് ഉയർന്നുവന്നു എന്ന് വിശകലനം ചെയ്യാനാണ് ആവേദകൻ ശ്രമിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ തന്നെ സാമ്പത്തികസ്ഥിതിയിൽ മുന്നിട്ടുനിന്നിരുന്ന പല കുടുംബങ്ങളിലെയും സ്ത്രീകൾ സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകൾ പഠിക്കുകയും മഹിളാസമാജങ്ങൾ സംഘടിപ്പിക്കുന്നതിന് മുന്നിട്ടിറങ്ങുകയും ചെയ്തതായി വാമൊഴിയിൽ കാണുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം, ശുചിത്വപാലനം, വയോജനവിദ്യാഭ്യാസം എന്നിവയ്ക്ക് പ്രാധാന്യം നൽകിയാണ് ഈ സമാജങ്ങൾ പ്രവർത്തിച്ചിരുന്നതെന്ന് ആവേദക പറയുന്നു (പാഠം – 45). വിദ്യാഭ്യാസം നേടിയ സ്ത്രീകൾ പുരോഗമനോന്മുഖമായി ചിന്തിക്കുകയും സമൂഹനവീകരണപ്രക്രിയയിൽ പങ്കാളികളാകുകയും ചെയ്തിരുന്നു എന്നതിന്റെ സൂചകമായി ഈ പാഠത്തെ

ക്കാണാം. പരമ്പരാഗത കുടുംബ വ്യവസ്ഥയിൽ സ്ത്രീകൾക്ക് ലഭിച്ചിരുന്ന പരിഗണന യാവാം പൊതുപ്രവർത്തനത്തിലേയ്ക്ക് തിരിയാൻ പ്രേരകമായത്.

**4.3.1. കടലമ്മ എന്ന സങ്കല്പം, *ചെമ്മീനി*ലെ മിത്ത്.**

സ്ത്രീ പദവിയുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യാവുന്ന ആശയങ്ങളായതി നാലാണ് കടലമ്മ, *ചെമ്മീനി*ലെ മിത്ത് എന്നിവയെക്കുറിച്ചുള്ള ആവേദകമൊഴികൾ ഇവിടെ വിശകലവിധേയമാക്കുന്നത്. കടലിനെ അമ്മയായും ദേവിയായും കരുതുന്നു. തകഴിയുടെ *ചെമ്മീനിൽ* പറയുന്ന മിത്ത് പ്രദേശത്ത് നിലനിന്നിരുന്നതാണോ എന്ന ചോദ്യത്തിന് വ്യത്യസ്ത അഭിപ്രായങ്ങളാണ് ആവേദകർ നൽകിയത്.

കടലമ്മ എന്ന സങ്കല്പം ആലപ്പാട്ടരയർക്കുണ്ട്. കടലിനെ സ്നേഹവും ശിക്ഷയും നൽകുന്ന അമ്മയായി, അന്നദാതാവായി അവർ കരുതുന്നു. ശുദ്ധിസങ്കല്പത്തിലും അവർ കടലിന് പ്രാധാന്യം നൽകുന്നുണ്ട്. കടൽവെള്ളം തളിച്ചാൽ ഏതശുദ്ധിയും നീങ്ങുമെന്നും ശുദ്ധിയോടുകൂടി മാത്രമേ കടലിലിറങ്ങാവൂ എന്നും അവർ പറയുന്നു. തകഴി *ചെമ്മീനിൽ* പറയുന്ന മിത്ത് ഈ പ്രദേശത്ത് നിലനിന്നതല്ലെന്ന് അവർ വാദിക്കുന്നു. ലൈംഗികപ്രകടനങ്ങളിൽ ജാഗ്രത പുലർത്തിയിരുന്ന ആലപ്പാട്ടരയർക്കിടയിൽ വിധവാവിവാഹവും ബഹുഭാര്യത്വവും അനുവദിച്ചിരുന്നു. എന്നാൽ സദാചാരലംഘനം നടത്തിയിരുന്നവരെ, ചിരട്ടകൊണ്ട് മാലയുണ്ടാക്കി അണിയിച്ച് ചെണ്ടകൊട്ടിയും കൂക്കിവിളിച്ചും പൊതുജനമധ്യത്തിൽ നിർത്തി ശിക്ഷിച്ചിരുന്നതായി ആവേദകർ പറയുന്നുണ്ട് (പാഠം - 46 - 53).

മക്കളെ സ്നേഹിക്കുകയും ശിക്ഷിക്കുകയും ആഹാരം നൽകുകയും ചെയ്യുക എന്നത് അമ്മയുടെ കർത്തവ്യമാണ്. ഈയൊരാശയതലമാണ് കടലമ്മ എന്ന സങ്കല്പ ത്തിനു പിന്നിലുള്ളത്. കടലിന് ദൈവികശക്തിയും ആവേദകർ കല്പിക്കുന്നുണ്ട്. അന്ന ദാതാവായ പോറ്റമ്മയായും ആപത്തുകളിൽ കാത്തുരക്ഷിക്കുന്ന ദേവിയായും കടലിനെ കരുതുന്നതിനാൽ അരയരുടെ ശുദ്ധിവിചാരത്തിലും അതിന് നിർണ്ണായക സ്ഥാനമു ണ്ട്. ശുദ്ധിയോടെ വേണം കടലിലിറങ്ങാൻ, കടൽജലം തളിച്ചാൽ ഏതശുദ്ധിയും മാറും എന്നിങ്ങനെയുള്ള വിശ്വാസങ്ങൾ നിലനിൽക്കുന്നു.

തകഴി *ചെമ്മീനിൽ* പറയുന്ന മിത്ത് പരമ്പരാഗത സമൂഹത്തിൽ നിലനിന്നിരുന്നില്ല എന്ന അഭിപ്രായമാണ് ഭൂരിപക്ഷം ആവേദകരും പങ്കുവെച്ചത്. വ്രതത്തോടും ഭക്തിയോടും ജീവിക്കണം എന്ന അലിഖിത നിയമത്തോട് ബന്ധിപ്പിച്ച്  മിത്ത് നിലനിന്നിരുന്നതുകൊണ്ടാവാം അങ്ങനെയൊരു ജീവിതചര്യ പാലിക്കപ്പെട്ടതെന്ന് ചില ആവേദകർ സംശയിക്കുന്നു (പാഠം - 47, 49). തകഴിയുടെ നോവലിലൂടെയും രാമുകാര്യാട്ടിന്റെ സിനിമയിലൂടെയുമാണ് ഈ മിത്ത് ആലപ്പാട്ടരയർക്കിടയിൽ പ്രചാരം നേടിയതെന്ന് മനസ്സിലാക്കാം. വേലുക്കുട്ടി അരയന്റെ *ചെമ്മീൻ നിരൂപണവും* ഈ പ്രചാരണത്തെ ത്വരിതപ്പെടുത്തുകയുണ്ടായി. ചാരിത്ര്യലംഘനത്തിന് മുതർന്നവരെ പൊതുജന മധ്യത്തിൽ ശിക്ഷിക്കുകയും അതിലൂടെ മാനസികപീഡനത്തിന് വിധേയരാക്കുകയും ചെയ്തിരുന്നു എന്ന കാര്യവും ഇതോടൊപ്പം ചേർത്ത് വായിക്കാവുന്നതാണ്. 'അരയ'നായതുകൊണ്ടാണ് വേലുക്കുട്ടി അരയന്റെ സാഹിത്യ, സാംസ്കാരിക പ്രവർത്തനങ്ങൾ വേണ്ടത്ര അംഗീകാരം നേടാനാവാതെ പോയതെന്ന വസ്തുതയും ആവേദകൻ പറയുന്നത് ശ്രദ്ധേയമാണ്(പാഠം - 49). സാഹിത്യ ചരിത്രരചനയിലെ സാമുദായിക താൽപ്പര്യങ്ങളിലേക്ക് വിരൽചൂണ്ടുന്നതാണ് ഈ നിരീക്ഷണമെന്നുകാണാം.

*ചെമ്മീനി*ലെ മിത്ത് ആലപ്പാട്ടരയർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നതല്ല എന്നു പറയുന്ന സമീപവാസിയും അന്യസമുദായക്കാരനുമായ ആവേദകൻ (പാഠം - 52) അതിലെ ദ്വയാർത്ഥപ്രയോഗത്തെ വിമർശിക്കുന്നുണ്ട്. തികച്ചും അരക്ഷിതമായ സാഹചര്യത്തിൽ പണിചെയ്യുന്ന മത്സ്യത്തൊഴിലാളിയുടെ കുടുംബസങ്കല്പമോ മാനസിക വ്യാപാരമോ സാഹിത്യത്തിന് വിഷയമായിട്ടില്ലെന്ന സൂചനയും അദ്ദേഹം നൽകുന്നു. പുരോഗമനവാദിയായ തകഴിയ്ക്കു പറ്റിയ അബദ്ധമായിട്ടാണ് മിത്തിനെ സമീപദേശവാസിയും അരയനുമായ ആവേദകൻ (പാഠം - 53) വിലയിരുത്തുന്നത്. ആലപ്പാട്ടോ സമീപതീരങ്ങളിലോ നിലനിന്നിരുന്ന ഒന്നല്ല ഈ മിത്തെന്ന നിഗമനമാണ് പാഠചർച്ചയിലൂടെ ഉരുത്തിരിയുന്നത്.

**4.4. പാർപ്പിടം, വസ്ത്രം, ആഹാരം**

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളായ പാർപ്പിടം, വസ്ത്രം, ആഹാരം എന്നിവ

യെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ആലപ്പാട്ടരയർ തലമുറകളായി ഉപയോഗിച്ചുവരുന്ന വീടുകൾ, വസ്ത്രധാരണ രീതി, ആഹാരരീതി എന്നിവയെക്കുറിച്ചുള്ള പ്രസക്തമായ മൊഴികൾ വിശകലനവിധേയമാകുന്നു.

#### 4.4.1. പാർപ്പിടം

'ചാപ്ര' എന്നു വിളിച്ചിരുന്ന ചെറിയ കൂരകളിൽ നിന്നും കോൺക്രീറ്റ് വീടുകളിലേയ്ക്കുള്ള വളർച്ചയാണ് വാമൊഴി പാഠങ്ങൾ അടയാളപ്പെടുത്തുന്നത്.

മുളയും ഓലയും മടലും കൊണ്ടു നിർമ്മിച്ച ചെറിയ കുടിലുകളിലാണ് ആലപ്പാട്ടരയർ താമസിച്ചിരുന്നത്. കായലിൽനിന്ന് കോരിയെടുക്കുന്ന ചെളി അട്ടിയായിട്ട് അടിച്ചുറപ്പിച്ചതിനുശേഷം അതിന് മുകളിൽ ചാണകം മെഴുകി മിനുസപ്പെടുത്തിയാണ് കുടിലിന്റെ അടിത്തറ ഉണ്ടാക്കിയിരുന്നത്. ചാപ്ര, ചെറ്റക്കുടിൽ എന്നീ പേരുകളിലാണ് ആ വീടിനെ അവർ വിളിച്ചിരുന്നത്. സാധാരണക്കാർ ഒന്നോ രണ്ടോ മുറികളായിത്തിരിച്ച ഇത്തരം കുടിലുകളിലാണ് താമസിച്ചിരുന്നതെങ്കിലും സമൂഹത്തിലെ സമ്പന്നർക്ക് നാലുകെട്ടും എട്ടുകെട്ടും ഉണ്ടായിരുന്നതായി ആവേദകർ പറയുന്നു. ചാപ്രകളിൽനിന്ന് പതുക്കെ കല്ലുകെട്ടി ഓടിട്ട പുരകളിലേക്കും കോൺക്രീറ്റ് വീടുകളിലേക്കും അവരുടെ പാർപ്പിടങ്ങൾ പരിണമിച്ചതായി വാമൊഴിപാഠങ്ങൾ വ്യക്തമാക്കുന്നു (പാഠം - 54 - 58).

ചാപ്രകൾ എന്നു വിളിച്ചിരുന്ന ചെറിയ കൂരകളിലാണ് അരയർ വസിച്ചിരുന്നതെന്ന് വാമൊഴികളിൽ വ്യക്തമാണ്. അതിനെ ചെറ്റക്കുടിലെന്നു വിളിച്ചിരുന്നു. ആലപ്പാട്ടരയർ മാത്രമല്ല സമീപദേശങ്ങളിലെ എല്ലാജനവിഭാഗങ്ങളുടെയും വാസസ്ഥാനം ചെറ്റക്കുടിലുകൾ തന്നെയായിരുന്നു എന്നാണ് അന്യദേശത്തെ അരയനായ ആവേദകനും (പാഠം - 57) തണ്ടാൻ സമുദായത്തിൽപ്പെട്ട ആവേദകയും (പാഠം - 58) അഭിപ്രായപ്പെടുന്നത്. 1436 ൽ കേരളം സന്ദർശിച്ച ചൈനീസ് സഞ്ചാരിയായ ഫെയ്സീൻ ഇവരുടെ പാർപ്പിടത്തെക്കുറിച്ച് പറയുന്നുണ്ട്. കടപ്പുറത്തെ തെങ്ങിൻതോപ്പുകളിൽ കെട്ടിയിട്ടുള്ള ചെറിയ കൂരകളിലാണ് ഇവരുടെ താമസമെന്ന് ഫെയ്സീനെ ഉദ്ധരിച്ചുകൊണ്ട് വേലായുധൻ പണിക്കശ്ശേരി രേഖപ്പെടുത്തിയിട്ടുണ്ട്

(2001[a] : 198). പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ഇത്തരം കുടിലുകളിലാണ് താമസിച്ചി രുന്നതെങ്കിലും സമുദായത്തിലെ പ്രമാണിമാരായ തുറയിലരയനും തുറയിൽപ്പണിക്ക നുമൊക്കെ നാലുകെട്ടിലാണ് വസിച്ചിരുന്നത്. ഇവയും തടിയും ഓലയുമൊക്കെക്കൊണ്ടു നിർമ്മിച്ചവയായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ, ദേശപ്രമാണിയാ യിരുന്ന അരയശ്ശേരിൽ കുഞ്ഞൻ പണിക്കന്റെ തറവാടിനെക്കുറിച്ചുള്ള ഒരു വിവരണം ചുവടെ ചേർക്കുന്നു.

> "രണ്ടേക്കറോളം വരുന്ന ഒരു പുരയിടത്തിന്റെ നാലുവശവും മതിൽകെ ട്ടിയതിനുള്ളിലാണ് പുരകൾ നിന്നിരിക്കുന്നത്. തനി ചിലന്തിക്കാത ലിൽ തീർത്തിരുന്ന ഗംഭീരമായ നാലുകെട്ടും ഇടക്കെട്ടും അടുക്കളയും ഇവയ്ക്കു സമാന്തരമായി പടിഞ്ഞാറുവശത്തുള്ള വലിയ നെടുമ്പരയും തേങ്ങാക്കൂടും എല്ലാം കൂടി ചേർന്നതായിരുന്നു തറവാട്. തെക്കേ മതി ലിന്റെ മദ്ധ്യത്തിലുള്ള ഊക്കൻ ഗോപുരം കടന്ന് തെക്കുവശത്തേയ്ക്കി റങ്ങുമ്പോൾ പൂമാലദേവിയുടെ പ്രതിഷ്ഠയുള്ള പൂക്കോട്ടുപരമ്പര കുടും ബക്ഷേത്രത്തിന്റെ കിഴക്കേ മുറ്റത്താണ് ചെന്നുചേരുന്നത്. അതിനു തെക്കുവശത്തു കളരിയും അരയശ്ശേരിൽ മൂപ്പേൽക്കുന്ന അച്ചന്മാരും അവരുടെ കീഴിലുള്ള ഇടപ്രഭുക്കന്മാരും ചേർന്നിരുന്ന് കാര്യവിചാരം ചെയ്തിരുന്ന ചാവടിയും സ്ഥിതിചെയ്തിരുന്നു. കിഴക്കേ പടിപ്പുര മുതൽ കിഴക്കോട്ട് കായൽ വരെയും ഇരുവശവും അടക്കാമരം വച്ചു പിടിപ്പിച്ച വിസ്തൃതമായ ഒരു വഴിയുണ്ടായിരുന്നു. ആ വഴി അവസാ നിക്കുന്നിടത്ത് കൂടാരബോട്ടും ഓടിവള്ളവും സൂക്ഷിക്കുന്ന വള്ളപ്പു രയും വള്ളമൂന്നുകാർക്കും തണ്ടുകാർക്കും വിശ്രമിക്കാനുള്ള ഗൃഹ ങ്ങളും കാവൽപ്പുരയും സ്ഥിതി ചെയ്തിരുന്നു. വടക്കേ മതിലിന് വട ക്കുവശത്താണ് അടുക്കളക്കാര്യത്തിനും മറ്റു വീട്ടുകാര്യങ്ങൾക്കും ഭൃത്യ വേല ചെയ്യുന്നവരുടെ താമസസ്ഥലം '' (ശശിധരൻ, 1960 : 118).

കഴിഞ്ഞ ഏതാനും ദശകങ്ങളായി കുടിലുകളിൽ നിന്ന് കൂടുതൽ ആധുനികമായ പാർപ്പിടങ്ങളിലേയ്ക്ക് മാറി എന്നുപറയാമെങ്കിലും പ്രദേശത്ത് വൻതോ തിൽ നാശം വിതച്ച സുനാമിക്കു മുമ്പുവരെ തീരെ ദരിദ്രരായ പരമ്പരാഗത മത്സ്യ ത്തൊഴിലാളികളുടെ വീടുകളിൽ അധികവും ഓലമേഞ്ഞ കുടിലുകൾ തന്നെയായിരു

ന്നു. സർക്കാരിന്റെയും സന്നദ്ധ സംഘടനകളുടെയും പ്രവർത്തനഫലമായിട്ടാണ് അവർക്ക് ഇന്നു കാണുന്ന കോൺക്രീറ്റ് വീടുകളിലേറെയും ലഭ്യമായിട്ടുള്ളത്. ചെറ്റക്കുടിലിനെക്കുറിച്ചും ഓടിട്ടപുരയെക്കുറിച്ചും നാലുകെട്ടിനെക്കുറിച്ചും പറയാൻ ആവേദകർ വീടെന്ന പദത്തെ പ്രയോഗിച്ചിരുന്നത് ശ്രദ്ധേയമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ തന്നെ വാസസ്ഥാനത്തെ സംബോധന ചെയ്യാൻ ആലപ്പാട്ടരയർ വീടെന്ന ആധുനിക രൂപത്തെ സാർവ്വത്രികമായി ഉപയോഗിച്ചിരുന്നു എന്നുവേണം മനസ്സിലാക്കാൻ.

**4.4.2. വസ്ത്രം.**

പരമ്പരാഗത വസ്ത്രധാരണരീതിയിൽ ഉണ്ടായിട്ടുള്ള മാറ്റത്തെ മൊഴികൾ അടയാളപ്പെടുത്തുന്നുണ്ട്. സ്ത്രീപുരുഷഭേദമന്യേ അരയിൽ ഒറ്റമുണ്ടുമാത്രം ധരിച്ചിരുന്ന അരയരുടെ വസ്ത്രധാരണരീതിയിൽ കാര്യമായ മാറ്റങ്ങൾ പ്രകടമാകുന്നത് ഇരുപതാംനൂറ്റാണ്ടിലുണ്ടായ പരിഷ്കരണശ്രമങ്ങളുടെ ഭാഗമായാണ്.

കാൽമുട്ടിനുമുകളിൽ നിൽക്കുന്ന ഒറ്റമുണ്ടായിരുന്നു ആദ്യം അവരുടെ വേഷം. പിന്നീട് പുരുഷന്മാർ മുണ്ടിനോടൊപ്പം ഷർട്ടും മേൽമുണ്ടും ധരിച്ചു തുടങ്ങി. കാലക്രമേണ ജുബ്ബ, പാന്റ് എന്നിങ്ങനെ വേഷ വൈവിധ്യം അവർ സ്വീകരിച്ചു. കായലിന് കീഴക്കുവശത്തുള്ള ജനസമൂഹങ്ങൾക്കിടയിൽ ഇത്തരം പരിഷ്കാരങ്ങൾ വരുന്നതിനു മുമ്പുതന്നെ ആലപ്പാട് പ്രദേശത്ത് ഇവ പ്രചരിച്ചതായി ആവേദകർ പറയുന്നു. കാരണം ഉരുവിൽ കയറി അന്യദേശങ്ങളിൽ വ്യാപാരം നടത്തിയിരുന്ന ആലപ്പാട്ടരയർ അവിടങ്ങളിൽനിന്ന് സ്വായത്തമാക്കിയ പുതുമകളെ നാട്ടിൽ പ്രാവർത്തികമാക്കാൻ ശ്രമിച്ചിരുന്നു. അർദ്ധനഗ്നരായി നടന്ന സ്ത്രീകൾ ഏത്താപ്പിടുകയും റൗക്ക, ജംബർ, ബ്ലൗസ്, മുണ്ടും നേരിയതും, സാരി എന്നിവ ധരിക്കുന്ന രീതി ക്രമേണ പ്രാവർത്തികമാകുകയും ചെയ്തതായി വാമൊഴിപാഠങ്ങൾ തെളിയിക്കുന്നു (പാഠം - 59 - 64).

അരയിൽ ഒരു തോർത്തുമാത്രമുപയോഗിച്ച പഴയകാലത്തിൽ നിന്ന് ഇരുപതാം നൂറ്റാണ്ടായപ്പോഴേയ്ക്കും വസ്ത്രധാരണത്തിലുണ്ടായ മാറ്റമാണ് ഈ മൊഴികളിൽ നിന്ന്

മനസ്സിലാകുന്നത്. സ്ത്രീകളുടെ വസ്ത്രധാരണ രീതി മേൽമുണ്ട് ധരിക്കാൻ പാടില്ലാത്ത അവസ്ഥയിൽ നിന്നും ഏത്താപ്പ്, ജമ്പർ, ബ്ലൗസ്, മുണ്ടും തോർത്തും, മുണ്ടും നേരിയതും, സാരി എന്ന തരത്തിൽ മാറ്റപ്പെട്ടു. മുണ്ടും തോർത്തും മുണ്ടും ഷർട്ടും കോട്ടും പാന്റും ധരിക്കുന്ന രീതി പുരുഷൻമാരും കഴിഞ്ഞ നൂറ്റാണ്ടിൽ സ്വീകരിക്കുകയുണ്ടായി. ആലപ്പാട്ടരയർ വ്യാപാരത്തിനായി നിരന്തരം അന്യദേശങ്ങളിൽ പോയിരുന്നതിനാൽ ഈ ബന്ധത്തിലൂടെ വസ്ത്രധാരണരീതി പരിഷ്കരിക്കപ്പെട്ടതായി മനസ്സിലാക്കാം. ഈ പുതുമകൾ കായലിന് അപ്പുറമുള്ള സമീപദേശത്ത് പ്രചരിക്കുന്നതിനു മുമ്പു തന്നെ ഈ തീരദേശ മേഖലയിൽ പ്രാവർത്തികമായിരുന്നു എന്ന് ആവേദമൊഴിയിൽ (പാഠം - 63) കാണാം. ഇവിടേക്ക് വിവാഹിതയായെത്തിയ ക്രിസ്ത്യൻ സമുദായത്തിലുൾപ്പെട്ട ആവേദക (പാഠം - 62), അവരിവിടെ എത്തുമ്പോൾ കോട്ടുധരിക്കുന്ന രീതി നിലനിന്നിരുന്നില്ല എന്ന് പരോക്ഷമായി പറയുന്നുണ്ട്. എന്നാൽ പാഠം - 63 അത് ശരിയല്ലെന്ന് വാദിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽതന്നെ ഇത്തരം പുരോഗമനമൊക്കെ പ്രദേശത്ത് നിലവിൽ വന്നുവെന്നാണ് ആ പാഠത്തിൽ ആവേദകയുടെ പക്ഷം. അരയസമുദായത്തിലുൾപ്പെട്ട ക്ലാപ്പനസ്വദേശിയും (പാഠം - 64) വസ്ത്രപരിണാമത്തെക്കുറിച്ചു പറയുകയുണ്ടായി. ഇതേ വസ്ത്രധാരണ രീതിയാണ് സമീപദേശമായ ആലപ്പാട്ടും പ്രചാരത്തിലിരുന്നതെന്ന് അവർ അഭിപ്രായപ്പെട്ടു.

1921 – ൽ ചെറിയഴീക്കലിൽ വച്ച് നടന്ന അരയവംശ പരിപാലനയോഗത്തിന്റെ നാലാം വാർഷികാഘോഷവേളയിൽ അധ്യക്ഷനായിരുന്ന സി.എസ്. സുബ്രഹ്മണ്യൻ പോറ്റി അരയസ്ത്രീകളുടെ പരിഷ്കാരാഭിവാഞ്ചയെ പ്രകീർത്തിച്ചുസംസാരിച്ചതായി രേഖപ്പെടുത്തിക്കാണുന്നു.

> "ഈ രാജ്യത്ത് വ്യത്യസ്തമായ ഒരു പുതിയ സാംസ്കാരികവളർച്ച അരയസമുദായം കൈവരിച്ചിരിക്കുന്നതായും സമ്മേളന സദസ്സിൽ കണ്ട നല്ലൊരു ശതമാനം സ്ത്രീകളുടെ ആകാരവത്തിലും വസ്ത്രധാരണയിലും ശുചീകരണത്തിലും അദ്ധ്യക്ഷൻ മതിമറന്ന് പ്രസംഗിക്കുകയുണ്ടായി. സാധാരണ ഒരു സമുദായത്തിലെയും സ്ത്രീകൾ മാറുമറ

യ്ക്കാത്ത ആ കാലഘട്ടത്തിൽ, പൊതുസമ്മേളനത്തിൽ സ്ത്രീജന ങ്ങൾ പങ്കെടുക്കാത്ത ആ കാലഘട്ടത്തിൽ റൗക്കയും ജാക്കറ്റും ധരിച്ച അരയസ്ത്രീകളുടെ കെട്ടും മട്ടും അസൂയാർഹമായിരുന്നു. .................ഏതാണ്ട് 45 വയസ്സിനു താഴെയുള്ള അനവധി സ്ത്രീകൾ വാർഷികസമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. അരയ സ്ത്രീകളുടെ ഈ പരിഷ്കാരവാഞ്ഛ രാജ്യത്തുടനീളം പടർന്നു പന്തളിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ടും , വേലുക്കുട്ടി അരയനെയും യോഗപ്രവർത്തക രെയും അദ്ധ്യക്ഷൻ പ്രകീർത്തിക്കുകയുണ്ടായി'' (ചക്രപാണി, 1982 : 18 : 19).

ഈ ഉദ്ധരണി 63 - ാം വാമൊഴിപാഠത്തോട് ചേർന്നുനിൽക്കുന്നുണ്ടെന്ന് കാണാം ഇന്ന് വസ്ത്രധാരണ രീതിയിൽ മറ്റു സമൂഹങ്ങൾ പ്രകടമാക്കുന്ന പുതുമകളെ ആല പ്പാട്ടരയരും സാംശീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തുവരുന്നു.

**4.4.3. ആഹാരം**

ആലപ്പാട്ടരയർ പിൻതുടർന്നു പോന്ന ആഹാരരീതികളാണ് ഇവിടെ ചർച്ച ചെയ്യു ന്നത്. സാമ്പത്തികാവസ്ഥയിലെ ഏറ്റക്കുറച്ചിലുകൾ ഭക്ഷ്യവസ്തുക്കളിലും പ്രകടമാ യിരുന്നു. ആഹാരനിഷ്ഠ തൊഴിലിനെ ആശ്രയിച്ചാണ് നിലനിന്നിരുന്നത്.

രാവിലെ കടലിൽ പണിക്കുപോകുന്ന പുരുഷന്മാർ പഴഞ്ചോറാണ് കഴിക്കുക. തലേദിവസത്തെ ചോറിൽ ഉപ്പും ഉള്ളിയും പച്ചമുളകും അരിഞ്ഞുചേർത്ത് വെള്ളത്തിലിട്ടുവയ്ക്കുന്നതാണ് പഴഞ്ചോറ്. ഇതോടൊപ്പം മീൻകറിയും ചിലപ്പോൾ കപ്പ പുഴുങ്ങിയതും കാണും. വീടുകളിൽ സാധാരണ ചായ പതിവുണ്ടായിരുന്നില്ല. ജോലിക്കുപോകുന്നവർ പുറത്ത് കടകളിൽനിന്ന് ചായകുടിക്കും. വീടുകളിൽ ചിലർ ചക്കരക്കാപ്പി ഉണ്ടാക്കിയിരുന്നതായി പറയുന്നു. പഴഞ്ചോറുതന്നെയാണ് സ്ത്രീകളും കുട്ടികളും രാവിലെ കഴിക്കുക. ചോറും കപ്പയും മീൻകറിവച്ചതും വറുത്തതും ഒക്കെയാണ് പിന്നീടും കഴിക്കുക. പച്ചക്കറികൾ അന്ന് വളരെ അപൂർവ്വമായിരുന്നു. പച്ചക്കറിയുണ്ടെങ്കിൽതന്നെ അത് നട്ടുവളർത്തിയ ചേനയോ ചേമ്പോ കാച്ചിലോ ആകും. വീടുകളിൽ പലഹാരങ്ങളുണ്ടാക്കാറില്ല. എന്തെങ്കിലും വിശേഷദിവസങ്ങളിൽ മാത്രമാണ് അരിയും ഗോതമ്പും ഉപയോഗിച്ച് പലഹാരങ്ങൾ ഉണ്ടാക്കിയിരുന്നത്.

എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായിരുന്നു ജന്മിഗൃഹങ്ങളിലെ ഭക്ഷണരീതി. നെല്ലുകൃഷിയും തെങ്ങുകൃഷിയും നടത്തിയിരുന്ന അവിടങ്ങളിൽ പശുക്കൾ സുലഭമായിരുന്നു. അതിനാൽ അവരുടെ ആഹാരക്രമത്തിൽ പാലും തൈരും മോരുമൊക്കെ ഉൾപ്പെട്ടിരുന്നതായി ആവേദകർ പറയുന്നു (പാഠം - 65 - 68).

ഇരുപാതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലെ ഭക്ഷണരീതികളാണ് വാമൊഴിയിൽ കാണാൻ കഴിയുന്നത്. തൊഴിലിനെയും ഭക്ഷ്യസാധനങ്ങളുടെ ലഭ്യതയെയും ആശ്രയിച്ചാണ് ആഹാരനിഷ്ഠ നിലനിന്നിരുന്നത്. ഈ ആശയം തന്നെയാണ് തണ്ടാൻസമുദായത്തിലുൾപ്പെട്ട ആവേദകയും (പാഠം - 68) പങ്കുവയ്ക്കുന്നത്. പ്രദേശത്തെ സാമ്പത്തിക ശേഷിയുള്ള കുടുംബക്കാരുടെ ആഹാരക്രമത്തിൽ പാലും പാലുല്പന്നങ്ങളും ഉൾപ്പെട്ടിരുന്നു. എന്നാൽ ദരിദ്രരായ മറ്റുള്ളവർക്ക് മീൻപിടിത്തത്തിലൂടെ ലഭിക്കുന്ന വരുമാനമാണ് ആഹാരക്രമത്തെ നിയന്ത്രിച്ചിരുന്നത്. രാവിലെ പണിചെയ്തുകിട്ടുന്ന തുകകൊണ്ടാണ് ആ ദിവസത്തെ ആഹാരത്തിനുള്ള സാധനങ്ങൾ വാങ്ങിയിരുന്നത്. അതുകൊണ്ടാണ് അവരുടെ നിത്യജീവിതത്തിൽ പഴഞ്ചോറ് പ്രഭാത ഭക്ഷണമായി സ്ഥാനം പിടിച്ചത്.

അധ്വാനശീലരായ അവർക്ക് ആരോഗ്യം പ്രദാനം ചെയ്തിരുന്നത് ഈ ഭക്ഷണരീതിയായിരുന്നു. കറുത്തവാവുപോലുള്ള വിശേഷദിവസങ്ങളില് പായസമോ പലഹാരമോ ഉണ്ടാക്കിയിരുന്നതായി പറയുന്നു. കറുത്തവാവിന് പിതൃക്കൾക്ക് ബലിതർപ്പണം ചെയ്യുന്ന പതിവ് നിലവിലുണ്ട്. അതിന്റെ തലേദിവസം വ്രതം നോൽക്കും. അന്ന് ഒരിക്കലൂണാണ്. ഉച്ചസമയത്ത് മാത്രമേ അരിയാഹാരം കഴിക്കൂ. അതും പഴകിയ ഭക്ഷണമോ മത്സ്യമോ കഴിക്കില്ല. വീട്ടമ്മ ശുദ്ധിയും ശുചിത്വവും പാലിച്ചുകൊണ്ടുവേണം പാചകം ചെയ്യാൻ.

അരയരുടെ വ്രതാനുഷ്ഠാനങ്ങളിൽ നിത്യജീവിതത്തിന്റെ ഭാഗമായ മീനിനെ എന്തുകൊണ്ട് അകറ്റി നിർത്തുന്നു എന്ന ചോദ്യം പ്രസക്തമാണ്. പരമ്പരാഗതമായി പാലിക്കുന്നുവെന്നല്ലാതെ എന്തുകൊണ്ട് എന്നതിന് ഉത്തരം നൽകാൻ അവർക്കാവുന്നില്ല. ആര്യവൽക്കരണത്തിന്റെ ഫലമായാവാം വ്രതാനുഷ്ഠാനങ്ങളിൽ മത്സ്യവർജ്ജനം സ്ഥാനം നേടിയത്. അതുകൊണ്ടാകാം മീനുമായി നിരന്തര സമ്പർക്കം പുലർത്തിയിരുന്ന

അരയരുടെ ശുദ്ധിവിചാരത്തിൽ മീൻമണം അശുദ്ധിയുടെ പ്രതീകമായിത്തീർന്നത്. മത്സ്യ വിഭവങ്ങൾ ഉപയോഗിക്കുന്ന മറ്റു ജനവിഭാഗങ്ങളും മീൻമണത്തെ ഇത്തരത്തിലാണ് ഗണിക്കുന്നതെന്ന വസ്തുത ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതുണ്ട്. ക്രമേണ സാമ്പത്തിക ക്രമങ്ങളിലുണ്ടായ മാറ്റങ്ങൾ ഭക്ഷ്യവിഭവങ്ങളിലും വൈവിധ്യത്തിനിട യാക്കി. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പലതരം മത്സ്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള ഇന്നത്തെ ജീവിതചര്യയിൽ നാലുനേരത്തെ ഭക്ഷണക്രമമാണ് ആലപ്പാട്ടരയർ തുടർന്നു പോരുന്നത്. ഇതുകൂടാതെ വിശേഷദിവസങ്ങളിൽ മാംസ്യവർഗ്ഗങ്ങൾ, പായസങ്ങൾ എന്നിവയൊക്കെ വിഭവങ്ങളിൽ ഇടം നേടുന്നു.

### 4.5. ആചാരാനുഷ്ഠാനങ്ങൾ

ഒരു കൂട്ടായ്മയെ നിലനിർത്തുന്നതിൽ ആചാരാനുഷ്ഠാനങ്ങൾ സുപ്രധാന മായ പങ്കുവഹിക്കുന്നുണ്ട്. അവ ജീവിതചര്യയുടെ ഭാഗമായി പിൻതുടർന്നുവരുന്നവ യാണ്. ഒരു സമുദായത്തിനുള്ളിൽ നിലനിന്നിരുന്ന വിശ്വാസങ്ങളിൽ അധിഷ്ഠിതമായി രൂപം കൊള്ളുന്ന പെരുമാറ്റ സംഹിതകളാണ് ആചാരാനുഷ്ഠാനങ്ങൾ എന്നു പറ യാം. അവ ആചാരങ്ങളെന്നും അനുഷ്ഠാനങ്ങളെന്നും രണ്ടായി വ്യവഹരിച്ചുകാണു ന്നുണ്ട്. ആചാരത്തിന് നാട്ടുനടപ്പ്, കീഴ് വഴക്കം, ദേശകാലോചിതമായ നടപടി, മര്യാദ എന്നിങ്ങനെയുള്ള അർത്ഥങ്ങളാണ് ശബ്ദതാരാവലിയിൽ കാണുന്നത് (പദ്മനാഭപി ള്ള, 1998 : 257). അനുഷ്ഠാനത്തിന് ശാസ്ത്രവിഹിതമായ കർമ്മം ചെയ്യൽ, മറ്റൊന്നിന് ആശ്രയിച്ചുള്ള പ്രവൃത്തി എന്നീ അർത്ഥങ്ങളും നൽകിയിരിക്കുന്നു.(പദ്മനാഭപിള്ള, 1998 : 133). ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ഘടനാപരമായി സമാനതകളു ണ്ടെങ്കിലും അവയുടെ ധർമ്മങ്ങളിൽ വ്യത്യാസങ്ങൾ പ്രകടമാണെന്ന് അനിൽ.കെ.എം. പറയുന്നു.

> “അനുഷ്ഠാനങ്ങൾ മനുഷ്യരെ പരലോകവുമായാണ് ബന്ധിപ്പിക്കുന്ന തെങ്കിൽ ആചാരങ്ങൾ വ്യക്തിയെ സമൂഹവുമായാണ് ബന്ധിപ്പിക്കു ന്നത്. ആചാരം എന്നത് അലിഖിതമായ ഒരു നിയമസംഹിതയാണ്. സാമൂഹ്യഘടനയുമായി ബന്ധപ്പെട്ടതാണ് ആചാരങ്ങൾ. അതുകൊ

ണ്ടുതന്നെ സാമൂഹ്യഘടന മാറുമ്പോൾ ആചാരങ്ങൾ അപ്രത്യക്ഷ മാവുന്നു. എന്നാൽ അനുഷ്ഠാനങ്ങൾ സാമൂഹ്യഘടനയെ പ്രബല പ്പെടുത്തുന്ന ഒന്നല്ല. മറിച്ച് അത് മനുഷ്യന്റെ ജ്ഞാനഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു. ശാസ്ത്രബോധത്തിന്റെ പരിമിതിയിലാണ് അനു ഷ്ഠാനത്തിന്റെ നിലനിൽപ്. ശാസ്ത്രീയവീക്ഷണം വികസിക്കുന്ന തിനനുസരിച്ച് അനുഷ്ഠാനങ്ങൾ പരിണമിക്കുകയോ കാലഹരണ പ്പെട്ടുപോവുകയോ ചെയ്യാം. മനുഷ്യരും പ്രപഞ്ചവും തമ്മിലുള്ള വൈരുദ്ധ്യത്തിലാണ് അനുഷ്ഠാനങ്ങളുടെ നിലനിൽപ്. ഇത് കൂടു തൽ സങ്കീർണ്ണവും ചരിത്രപരമായി ആഴത്തിൽ വേരുള്ളതുമാണ്. എന്നാൽ സാമൂഹ്യാചാരങ്ങൾ നിലനിൽക്കുന്നത് മനുഷ്യനും മനു ഷ്യനും തമ്മിലുള്ള വൈരുദ്ധ്യത്തിലാണ്. അതായത് അനുഷ്ഠാനം ആത്മീയവും ആചാരം ഭൗതികവുമാണ്'' (2004 : 50 – 51).

അരയക്കൂട്ടായ്മകൾക്കിടയിലും പലതരത്തിലുള്ള ആചാരാനുഷ്ഠാനങ്ങളുണ്ട്. കാലം പുരോഗമിക്കുമ്പോൾ പല ആചാരാനുഷ്ഠാനങ്ങളും അനാചാരങ്ങളായി തിരി ച്ചറിയപ്പെടുകയും അഭികാമ്യമല്ലാത്തവയെ കൂട്ടായ്മതന്നെ നിരുത്സാഹപ്പെടുത്തുകയും ഉപേക്ഷിക്കുകയും ചെയ്യും. ആലപ്പാട്ടരയൻ വിവിധ സന്ദർഭത്തിൽ പരിപാലിച്ചുപോന്ന ആചാരാനുഷ്ഠാനങ്ങളാണ് ആവേദകമൊഴികളിലൂടെ ഇവിടെ രേഖപ്പെടുത്തുന്നത്.

**4.5.1. ജനനം**

ഒരു കുട്ടിയുടെ ജനനവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന ആചാരങ്ങളാണ് ഇവിടെ ചർച്ചചെയ്യുന്നത്. ആലപ്പാട്ടരയർക്കിടയിൽ നിലനിന്നിരുന്ന ആചാരങ്ങളെ ക്കുറിച്ച് വിശദമായ വിവരങ്ങൾ വാമൊഴിപാഠങ്ങളിൽ നിന്നു കിട്ടുന്നു.

ആശുപത്രികളില്ലാതിരുന്ന പഴയകാലങ്ങളിൽ പതിച്ചികൾ എന്നറിയപ്പെടുന്ന അനുഭവപരിചയമുള്ള പ്രായംചെന്ന സ്ത്രീകളാണ് പ്രസവം എടുത്തിരുന്നത്. ഇവർ സ്വജാതിയിൽ പെടുന്നവരായിരിക്കും. കുട്ടി ജനിച്ചുകഴിഞ്ഞാൽ ആദ്യം ചെയ്യുന്ന കർമ്മം കുരവയിടലാണ്. ജനനവിവരം പതിച്ചി വന്നറിയിക്കുമ്പോൾ, അവിടെ കൂടിയിരിക്കുന്നതിൽ ആരെങ്കിലും കുരവയിടും. ഇതുകേൾക്കുന്നവർക്ക് കുട്ടിയുടെ ലിംഗനിർണ്ണയം സാധ്യമാകുന്നു. മൂന്നു പ്രാവശ്യം കുരവയിട്ടാൽ പെൺകുട്ടിയാണെന്നും

രണ്ടുതവണയാണ് കുരവയെങ്കിൽ ആൺകുട്ടിയാണെന്നും മനസ്സിലാക്കാം. തുടർന്ന് മടൽ പലതവണ നിലത്തടിച്ച് ശബ്ദമുണ്ടാക്കുന്നു. കുട്ടി പിന്നീട് ഇത്തരത്തിലുള്ള ശബ്ദങ്ങൾ കേട്ട് ഭയക്കാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നതെന്ന് ആവേദകർ പറയുന്നു. കുഞ്ഞിന് വയറ്റിനസുഖം വരാതിരിക്കാനായി ഉരമരുന്ന്[7] നൽകുന്ന പതിവും ഉണ്ടായിരുന്നു. പതിനൊന്നാം ദിവസം കുട്ടിയ്ക്ക് കരിവരയ്ക്കും[8]. കണ്ണിലും പുരികത്തിലും രോമങ്ങൾ ഇടതൂർന്ന് വളരുന്നതിനും ദൃഷ്ടിദോഷമകറ്റുന്നതിനും ഇത് സഹായിക്കുമെന്നാണ് വിശ്വാസം.

കുട്ടി ജനിച്ച് ഇരുപത്തിയെട്ടാമത്തെ ദിവസം ചരടുകെട്ടുന്നു. ഒപ്പം കുട്ടിയുടെ അപ്പൂപ്പന്റെയോ അമ്മൂമ്മയുടെയോ പേര് ചെവിയിൽ മൂന്നുരു വിളിക്കുകയും ചെയ്യുന്നു. ഇതിനൊക്കെയുള്ള അവകാശം അച്ഛനാണ്. അഞ്ചുമാസം തികഞ്ഞാൽ കുട്ടിക്ക് ചോറൂണ് നടത്തും. കുട്ടികളെ രോഗപീഢകളിൽനിന്നും രക്ഷിക്കുന്നതിനായി അടിമവയ്ക്കുക എന്നൊരു കർമ്മം മുൻപ് നടത്തിയിരുന്നതായി ആവേദകർ അഭിപ്രായപ്പെടുന്നു. നേർച്ചക്ക് വിധേയനാകുന്ന കുട്ടിയെ ക്ഷേത്രനടയിൽ കിടത്തുകയും പൂജകൾ നടത്തുകയും ചെയ്യും. ഇങ്ങനെ കുട്ടിയെ ദൈവത്തിന്റെ അടിമയായി സങ്കല്പിച്ച് പ്രാർത്ഥിച്ചാൽ ബാലപീഢകളിൽനിന്നു മുക്തിയുണ്ടാകുമെന്ന് ആവേദകർ പറയുന്നു (പാഠം - 69 - 72).

കഴിഞ്ഞ നൂറ്റാണ്ടിൽ നിലനിന്നിരുന്ന ഈ ആചാരങ്ങളിൽ പലതും ഇന്ന് നില വിലില്ല. പതിച്ചികളിൽ നിന്ന് പ്രസവം ആശുപത്രികളിലേയ്ക്ക് മാറിയപ്പോൾ കുര വയിടലും മടൽ നിലത്തടിക്കുന്ന പതിവും ഇല്ലാതായി. ഇരുപത്തെട്ടുകെട്ടും ചോറൂണും ഇന്നും ആഘോഷപൂർവ്വം നടത്തുന്നു. ആ ചടങ്ങുകളിലും കാലികമാറ്റങ്ങൾ പ്രകടമാ ണ്. പണ്ട് ഇതൊരാചാരം മാത്രമായിരുന്നുവെങ്കിൽ ഇന്ന് ഇരുകുടുംബങ്ങളുടെയും അവരുടെ ബന്ധുക്കളുടെയും സാമ്പത്തികശേഷി പ്രകടമാക്കുന്നതിനുള്ള വേദികൂടി യായി ഇത്തരം ചടങ്ങുകൾ മാറിയിരിക്കുന്നു.

ആധുനിക വിദ്യാഭ്യാസം സമൂഹഘടനയിൽ ചെലുത്തിയ സ്വാധീനമാണ് ആചാരങ്ങളിൽ പരിവർത്തനങ്ങൾക്ക് നിമിത്തമായത്. ജനനം വിളിച്ചറിയിച്ചിരുന്ന കുരവും കുട്ടിയ്ക്ക് ധൈര്യം പകർന്നു നൽകാൻ നടത്തിയിരുന്ന മടൽ നിലത്തടിക്കുന്ന

രീതിയും പൊതു ഇടമായ ആശുപത്രി അസാധ്യമാക്കി. കൺമഷി പൊതുവിപണിയിൽ ലഭ്യമായതോടെ അതിന്റെ നിർമ്മാണം ഇല്ലാതായെന്നുതന്നെ പറയാം. ഉരമരുന്ന് കൊടുക്കുന്നതിനോടും അമ്മയ്ക്ക് ദേഹരക്ഷയ്ക്കായി നൽകിയിരുന്ന ആയുർവേദ ഔഷധക്കൂട്ടുകളോടും ആലോപ്പതി വൈദ്യന്മാർ ഇപ്പോൾ പ്രതികൂലനിലപാട് സ്വീകരിക്കുന്നുണ്ട്. കുട്ടിയുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുമെന്ന് അവർ അഭിപ്രായപ്പെടുന്നു. ഇത്തരം ആചാരങ്ങൾ എല്ലാ സമൂഹത്തിലും നിലനിൽക്കുന്നു എന്നു പറയുന്ന ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട ആവേദക (പാഠം – 71), കൂട്ടുകാർ പകർന്നു നൽകിയ അറിവുകളാണ് പങ്കുവച്ചത്. വലിയഴീക്കൽ സ്വദേശിയായ അരയൻ (പാഠം – 72) സമീപകാലത്തായി ആചാരങ്ങളിൽ പ്രകടമാകുന്ന ആഘോഷപരത യെക്കുറിച്ച് വാചാലനാകുന്നു. പ്രാചീനകാലത്ത് സമീപദേശങ്ങൾ തമ്മിൽ സഹകരണമില്ലാതിരുന്നതുകൊണ്ട് ആചാരങ്ങളിലും വ്യത്യസ്തത പ്രകടമായി രുന്നിരിക്കണം എന്നദ്ദേഹം അഭിപ്രായപ്പെടുന്നു.

**4.5.2. താലികെട്ടു കല്യാണം**

ശൈശവത്തിൽതന്നെ കുട്ടികളെക്കൊണ്ട് താലികെട്ടു കല്യാണം നടത്തിക്കുന്ന പതിവ് അരയർക്കിടയിൽ നിലനിന്നിരുന്നു. ഈ ആചാരവുമായി ബന്ധപ്പെട്ട് ലഭ്യമായ വാമൊഴിപാഠങ്ങളാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

പെൺകുട്ടിക്ക് ആറോ ഏഴോ വയസ്സു പ്രായമാകുമ്പോൾ താലികെട്ടു കല്യാണം നടത്തുന്നു. ആങ്ങളയുടെയും പെങ്ങളുടെയും മക്കൾ തമ്മിലാണ് താലികെട്ടുകല്യാണം നടത്തുന്നത്. പ്രായപൂർത്തിയാവുമ്പോൾ ഇവർ വിവാഹിതരാകണമെന്നില്ല. ചടങ്ങിനുശേഷം അയൽക്കാർക്കും ബന്ധുജനങ്ങൾക്കും വിഭവസമൃദ്ധമായ സദ്യ നൽകാറുണ്ട്. ഈ ആചാരം നടത്താതിരിക്കുന്നത് സമൂഹത്തിൽ വലിയ മാനഹാനിയ്ക്ക് ഇടയാക്കുമെന്ന് ആവേദകർ പറയുന്നു (പാഠം – 73 – 75).

കഴുത്തുകെട്ടെന്നും മിന്നുകെട്ടെന്നും വിളിച്ചിരുന്ന ഈ ചടങ്ങും ചെലവേറിയ തായിരുന്നു. മുറനോക്കി നടത്തിക്കൊണ്ടിരുന്ന ഈ ആചാരം ചിലപ്പോഴെങ്കിലും ശാപ കാരണമായിത്തീർന്നിട്ടുണ്ടെന്ന് വാമൊഴിയിൽ(പാഠം – 73) നിന്ന് മനസ്സിലാക്കാം.

മരണത്തെ മുഖാമുഖം കണ്ട് ശയ്യാവലംബിയായി കഴിയുന്നത് താലികെട്ടിയ കുട്ടിയുടെ ശാപം കൊണ്ടാണെന്ന വിശ്വാസം താലികെട്ടുകല്യാണം കുട്ടികളുടെ മനസ്സിനെ സ്വാധീനിച്ചിരിക്കുന്നു എന്ന സൂചന നൽകുന്നു. ഈ ആചാരം അരയർക്കിടയിൽ മാത്രമല്ല, മറ്റു സമുദായങ്ങൾക്കിടയിലും നിലനിന്നിരുന്നു എന്നു പറയുന്ന ഈഴവ സമുദായത്തിലുൾപ്പെടുന്ന ആവേദക (പാഠം - 74) അത് നടത്താഞ്ഞാൽ മാനഹാനിയുണ്ടാവുമെന്നും അഭിപ്രായപ്പെടുന്നു. അരയനും ചവറ സ്വദേശിയുമായ ആവേദകൻ (പാഠം - 75) വിദ്യാഭ്യാസത്തിലൂടെ ആർജിച്ചതും തലമുറകളിലൂടെ കൈമാറിയതുമായി അറിവാണ് പങ്കുവച്ചത്.

ഓരോരുത്തരുടെയും ധനസ്ഥിതിക്കനുസരിച്ച് ആഘോഷങ്ങളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ അഴീക്കൽ അരയശ്ശേരിയിൽ പണിക്കന്റെ ഗൃഹത്തിൽ നടന്ന ഒരു താലികെട്ടുകല്യാണത്തിന്റെ വിവരണം താഴെകൊടുക്കുന്നു.

> "പണ്ടാരതുരുത്ത് പണ്ടകശാലയ്യത്തെ തന്റെ സഹോദരിയുടെ മക്കളെയാണ് അരയശ്ശേരിയിലെ പെൺകുട്ടികളുടെ താലികെട്ടിന് മൂത്തപണിക്കൻ തെരഞ്ഞെടുത്തത് അഴീക്കൽ നിന്ന് പണ്ടാരത്തുരുത്തിലേയ്ക്ക് എട്ടുമൈൽ ദൂരം കാണും. .... താലികെട്ടു നിശ്ചയിച്ചിരുന്ന ദിവസം രാവിലെ മണവാളന്മാർ പണ്ടകശാലയ്യത്തിന്ന് യാത്രയ്ക്ക് തയ്യാറായി. സർവ്വാഭരണവിഭൂഷിതയായി നിന്ന ഏഴു യുവാക്കന്മാരെ മൂന്നാനയുടെ പുറത്തായി തയ്യാറാക്കിയിരുന്ന അമ്പാരികളിൽ കയറ്റിയിരുത്തി. അമ്പാരിയൊടൊപ്പം മുത്തുകുടയും പിടിച്ചിരുന്നു. അവർക്കു ചങ്ങാതിമാരായി ആളിന് മൂന്നുവീതം 21 പേരെ സൈനിക വേഷങ്ങളണിയിച്ച് കുതിരപ്പുറത്തും കയറ്റി അകമ്പടി നിർത്തിയിരുന്നു. ഘോഷയാത്ര നീങ്ങിയപ്പോഴേക്കും വാദ്യമേളങ്ങളാരംഭിച്ചു. പാണ്ടിവാദ്യത്തിനും ചെണ്ടയ്ക്കും പുറമേ അഴീക്കലെയും പണ്ടാരത്തുരുത്തിലെയും പള്ളികളിലെ ബാന്റും ഉണ്ടായിരുന്നു. എല്ലാ തുറക്കാരും പന്തലിട്ട് വിതാനിച്ച്  കാത്തുനിന്ന് ഘോഷയാത്രയെ ഉപചരിച്ചു. ഘോഷയാത്ര ഉച്ചയോടുകൂടി മദ്ധ്യാഹ്നഭക്ഷണത്തിനും വിശ്രമത്തിനുമായി പറയകടവിൽ ചിങ്ങന്റയ്യത്തെത്തിച്ചേർന്നു. വിശ്ര

മാനന്തരം പുറപ്പെട്ട ഘോഷയാത്ര പനക്കടയെത്തിയപ്പോൾ സന്ധ്യയായി. അവിടെ നിന്നും അനേകം തീവെട്ടികളും പന്തങ്ങളും വീഥിക്കിരുവശവുമായി കത്തിക്കുകയും കുത്തുവിളക്കും ചങ്ങലവിളക്കും ആനകൾക്കു മുമ്പിൽ പിടിക്കുകയും ചെയ്താണ് ഘോഷയാത്ര മുമ്പോട്ടു നീങ്ങിയത്. പരിചമുട്ടുകളി, കോലടിക്കളി മുതലായവ ഘോഷയാത്രയെ മോടിപ്പിടിപ്പിച്ചിരുന്നു''(ശശിധരൻ, 1960 : 116 – 117).

ഇത്രത്തോളം മോടിയില്ലെങ്കിൽ കൂടി പ്രദേശത്തെ മറ്റു ജനവിഭാഗങ്ങളും താലികെട്ടു കല്യാണം നടത്തിയിരുന്നു. പിൽക്കാലത്ത് അനാചാരമായി തിരിച്ചറിയപ്പെടുകയും നിർത്തലാക്കുകയും ചെയ്ത ഈ ചടങ്ങ് പാലിക്കേണ്ടത് അവന്റെ അഭിമാനപ്രശ്നമായിരുന്നു. അതിനാൽ ദരിദ്രരായവർ പോലും ഇത് നടത്താൻ നിർബന്ധിതരായിത്തീരുകയായിരുന്നു എന്നു മനസ്സിലാക്കാം.

**4.5.3. തിരണ്ടു കല്യാണം**

പെൺകുട്ടി ആദ്യമായി ഋതുമതിയാകുമ്പോൾ നടത്തിയിരുന്ന ആചാരമാണിത്. അരയർക്കിടയിൽ മാത്രമല്ല പല സമുദായങ്ങൾക്കിടയിലും ഈ ആചാരം നിലനിന്നിരുന്നതായി ആവേദകമൊഴികളിൽനിന്ന് മനസ്സിലാക്കാം.

തിരണ്ടുകുളിയെന്നും അറിയപ്പെട്ടിരുന്ന ഈ ചടങ്ങിൽ പെൺകുട്ടിയുടെ അപ്പച്ചിമാർക്കാണ് (അച്ഛന്റെ സഹോദരി) പ്രാധാന്യം. അവർ കുരവയിട്ട് പെൺകുട്ടി തിരണ്ടവിവരം നാട്ടുകാരെ അറിയിക്കുന്നു. ഋതുമതിയെ വീടിനോട് ചേർന്നുള്ള ഒരു പ്രത്യേക പുരയിൽ നാലുദിവസം താമസിപ്പിക്കും. അവൾ വീടും വീട്ടിലുള്ളവരെയും തൊട്ട് അശുദ്ധമാക്കാൻ പാടില്ല. അവൾക്കുള്ള ഭക്ഷണസാധനങ്ങൾ പുരയിൽ എത്തിച്ചുകൊടുക്കുന്നു. നാലാം ദിവസമാണ് തിരണ്ടുകുളി. കുളിച്ച് മണ്ണാത്തി കൊടുക്കുന്ന വസ്ത്രം ഉടുക്കണം. അത് ഉടുത്താൽ മാത്രമേ അശുദ്ധി മാറുകയുള്ളൂ എന്ന് വിശ്വസിച്ചിരുന്നു. ആ വസ്ത്രത്തിന് മണ്ണാത്തിമാറ്റെന്നാണ് പറഞ്ഞിരുന്നത്. അന്നേ ദിവസം പെണ്ണിന്റെ അപ്പച്ചിമാർ, പച്ചരികൊണ്ട് ചക്കരയും തേങ്ങയും ചേർത്ത് ചക്കരച്ചോറ് വയ്ക്കുന്നു. പലഹാരം, പണം, ആഭരണം, വസ്ത്രം എന്നിങ്ങനെ വിവിധ

സമ്മാനങ്ങളുമായി എത്തിച്ചേരുന്ന ബന്ധുമിത്രാദികൾക്ക് ഈ ചക്കരച്ചോറ് നൽകുന്നു (പാഠം - 76 - 78).

വളരെ ആഘോഷപൂർവ്വം നടത്തിയിരുന്ന ഈ ആചാരവും മാറ്റങ്ങൾക്ക് വിധേയമായി. പൊതുജനപങ്കാളിത്തത്തോടെ നടത്തിയിരുന്ന ഈ ചടങ്ങ് ഇന്ന് കുടുംബമെന്ന സ്വകാര്യയിടത്തിലേക്ക് ഒതുക്കപ്പെട്ടു. നവോത്ഥാന ചിന്തകൾ സമൂഹഘടനയിൽ ഉളവാക്കിയ ഉണർവാണ് ഇതിനു നിമിത്തമായത്. തിരണ്ടുകുളി പോലുള്ള കർമ്മങ്ങൾ സ്ത്രീയുടെ സ്വകാര്യജീവിതത്തിന്റെ ഭാഗമാണെന്നും അത് പൊതു ഇടത്തിൽ ആഘോഷിക്കപ്പെടേണ്ടതല്ല എന്നുമുള്ള തിരിച്ചറിവ് ഈ മാറ്റത്തിനു കാരണമായി. തിരണ്ടുകല്യാണം മറ്റുസ്ഥലങ്ങളിലും ഉണ്ടായിരുന്നു എന്നു പറയുന്ന മണ്ണാൻ സമുദായത്തിൽപ്പെട്ട ആവേദക (പാഠം - 77) ചടങ്ങിൽ മാറ്റുവസ്ത്രത്തി നുണ്ടായിരുന്ന പ്രാധാന്യം വ്യക്തമാക്കുന്നു. ക്ലാപ്പനക്കാരിയും അരയസമുദാ യാംഗവുമായ ആവേദക (പാഠം - 78) ഈ ആചാരം ചെറിയതോതിൽ ഇപ്പോഴും നടക്കുന്നുണ്ട് എന്ന ആശയമാണ് പങ്കുവച്ചത്. ആചാരത്തിൽ അപ്പച്ചിക്ക് പ്രാധാന്യം നൽകുന്നത് ശ്രദ്ധേയമാണ്. പിതൃദായക്രമത്തോടനുബന്ധിച്ച് അതിനെ വ്യാഖ്യാനി ക്കാവുന്നതാണ്. സാമ്പത്തികസ്ഥിതിക്കനുസരിച്ച് ആഘോഷത്തിൽ ഏറ്റക്കുറച്ചിലു കൾ പ്രകടമായിരുന്നു.

ചെണ്ടമേളത്തിന്റെയും കതിനവെടിയുടെയും അകമ്പടിയോടെ ആഘോഷ പൂർവ്വം നടത്തിയിരുന്ന തിരണ്ടുകുളിക്ക് തിരളാത്ത പെണ്ണിനെക്കൂടി വിധേയയാക്കിയി രുന്നു എന്ന അപഹാസ്യമായ വസ്തുത സമുദായ പരിഷ്കരണചർച്ചകളിൽ വേലു ക്കുട്ടി അരയൻ നിരീക്ഷിക്കുന്നുണ്ട് (1920 : 3 - 4). മലിനത നിറഞ്ഞ മണ്ണാത്തിമാറ്റെന്ന പഴന്തുണി അന്തർഭാഗത്തു ധരിക്കുന്നത് രോഗകാരണമാണെന്നും അതിനാൽ അതു പേക്ഷിക്കാൻ സ്ത്രീകൾ തയ്യാറാകണമെന്നും ആ ലേഖനത്തിലൂടെ അദ്ദേഹം ഉദ്ബോ ധിപ്പിക്കുന്നുണ്ട്. വേലുക്കുട്ടി അരയന്റെയും മറ്റും പ്രവർത്തനഫലമായാണ് ഈ അനാ ചാരം സമുദായത്തിൽ നിന്ന് ഇല്ലാതായത്.

**4.5.4. മുണ്ടുകൊട**

വിവാഹത്തിന് പകരമായി മുണ്ടുകൊട, പുടവകൊട, എന്നീ പദങ്ങളാണ് അരയർ ഉപയോഗിച്ചിരുന്നത്. അവരുടെ വിവാഹരീതികളിൽ ഉണ്ടായ പരിവർത്തനങ്ങൾ മൊഴികളിൽ കാണാം.

വിവാഹിതരാകുന്ന പുരുഷന്റെയും സ്ത്രീയുടെയും അച്ഛൻമാർ ചേർന്നാണ് കല്യാണസമയം തീരുമാനിക്കുന്നത്. അതിന് 'പൊഴുതുകുറി' എന്നാണ് പറഞ്ഞിരുന്നത്. മുൻകാലങ്ങളിൽ രാത്രിസമയത്താണ് കല്യാണം നടത്തിയിരുന്നത്. വിവാഹം നിശ്ചയിച്ചുകഴിഞ്ഞാൽ കമുക് മുറിച്ച്, അതിനുമീതെ ഓലയും ഇലകളുമൊക്കെവച്ച് അലങ്കരിച്ച് വധൂഗൃഹത്തിൽ പന്തലിടുന്നു. ഒരു ചെറിയ ഉരുളിയിൽ ഒരു വെള്ളമുണ്ടും ഒരു ബ്ലൗസും കൊണ്ടാണ് വരനും കൂട്ടരും എത്തുക. അത് നിശ്ചയിച്ച സമയത്ത് പെണ്ണിന് കൊടുക്കും. ഒപ്പം കറുത്ത ചരടുകെട്ടുകയും ചിലപ്പോൾ പൂമാല അണിയിക്കുകയും ചെയ്യും. വരൻ കല്യാണത്തിനുണ്ടാവണമെന്ന് നിർബന്ധമില്ല. പകരം വരന്റെ പെങ്ങൾ ചടങ്ങുനടത്തിയാലും മതിയാകും. പെണ്ണിന്റെ അമ്മയ്ക്കും ഒരു മുണ്ട് കൊടുക്കുക പതിവാണ്. വധുവരന്മാർ തിരിച്ചുപോകുമ്പോൾ ഈ ഉരുളിനിറച്ച് ചോറുകൊടുത്തയക്കുന്ന ഒരു ചടങ്ങുണ്ട്. മുണ്ടകൊടയ്ക്ക് കുടുംബത്തിന്റെ സാമ്പത്തികശേഷിയ്ക്കനുസരിച്ച് വധുവിനെ സ്വർണ്ണാഭരണങ്ങൾ അണിയിക്കുകയും ആഘോഷത്തിന് മോടികൂട്ടാൻ വാദ്യമേളങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

വിവാഹശേഷം 'പൊലിവ്' എന്നൊരു ചടങ്ങുണ്ട്. ബന്ധുമിത്രാദികൾ, അവിടെ വച്ചിട്ടുള്ള ഉരുളിയിലേക്ക് ഒരു തുക സമ്മാനമായി ഇടുന്നു. ഈ ചടങ്ങിനാണ് പൊലിവ് എന്നുപറയുന്നത്. തുടർന്ന് പച്ചക്കറിസദ്യ നടത്തും. അടുത്ത ദിവസം 'വൻമുറി' നടത്തുന്ന പതിവും ആലപ്പാട്ടരയർക്കിടയിലുണ്ടായിരുന്നു. കല്യാണദിനം നൽകിയ പച്ചക്കറിസദ്യയിൽനിന്ന് വ്യത്യസ്തമായി മീനും ഇറച്ചിവിഭവങ്ങളുമൊക്കെ ഉൾപ്പെടുത്തി ബന്ധുമിത്രാദികൾക്ക് സദ്യ നൽകുന്നതിനെയാണ് വൻമുറിയെന്നു പറയുക. രണ്ടുദിവസത്തിനുശേഷം 'അടുക്കള കാണൽ' എന്ന ചടങ്ങുകൂടിയുണ്ട്. വധുവിന്റെ വീട്ടുകാരും ബന്ധുജനങ്ങളും കൂടി അവൾക്ക് ലഭിച്ച സമ്മാനങ്ങളും പലഹാരങ്ങളുമായി വരന്റെ വീടുകാണാൻ പോകുന്നതാണ് അടുക്കള കാണൽ. ആ

ചടങ്ങിന് 'നല്ലവാതിൽ' എന്നും പറയാറുണ്ട്. അടുത്തദിവസം ദമ്പതികൾ, കുടുംബാംഗങ്ങൾക്ക് പുതുവസ്ത്രങ്ങളുമായി വധുവിന്റെ വീട്ടിലേയ്ക്ക് വരുന്നു. പിന്നീട് മറ്റു ബന്ധുക്കളുടെ ക്ഷണം സ്വീകരിച്ചുകൊണ്ടുള്ള വിരുന്നുപോകലും സർവ്വസാധാരണമാണ് (പാഠം - 79 - 83).

വിവാഹസംബന്ധിയായ ഏർപ്പാടുകളിൽ വന്ന മാറ്റങ്ങൾ ഈ മൊഴികളിലുണ്ട്. വീട്ടുമുറ്റത്തിട്ട പന്തലിൽ നിന്ന് കല്യാണമണ്ഡപങ്ങളിലേയ്ക്കുള്ള വിവാഹത്തിന്റെ പരിണാമം, സാമൂഹിക - സാംസ്കാരിക - സാമ്പത്തിക ക്രമങ്ങളിൽ ഉണ്ടാകുന്ന മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. അതോടൊപ്പം അരയക്കൂട്ടായ്മയുടെ സാമാന്യവൽക്കരണത്വരയും പൊതുധാരയിൽ ചേരാനുള്ള ശ്രമവും ഈ മാറ്റങ്ങൾസൂചിപ്പിക്കുന്നുണ്ട്. ഈ ആചാരക്രമത്തിനുണ്ടാകുന്ന കാലികമായ മാറ്റങ്ങൾ സമൂഹഭദ്രതയുടെ നിലനിൽപ്പിന് ഒഴിവാക്കാനാവാത്തവയാണെന്നു കാണാം. വാമൊഴിക്കരാറുകൾക്ക് നൽകിയിരുന്ന പ്രാധാന്യം മൊഴിയിലൂടെ (പാഠം - 79) വ്യക്തമാകുന്നുണ്ട്. അതുപോലെ ഇത്തരം ആചാരങ്ങളിൽ നിലനിൽക്കുന്ന സാമ്പത്തിക ഇടപാടുകൾ ശ്രദ്ധേയമാണ്. പ്രാദേശികാടിസ്ഥാനത്തിൽ നടന്നുവരുന്ന ഒരുതരം സ്വാശ്രയ-ബാങ്കിങ്ങ് സംവിധാനമായി ഇതിനെ കാണാൻ കഴിയും. സമ്പത്തുള്ളവനും ഇല്ലാത്തവനും ഒരുപോലെ ആശ്രയിക്കാവുന്ന ഒന്നായി ഈ സംവിധാനം നിലനിൽക്കുന്നു.

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന സ്ത്രീധനഭ്രമത്തെയാണ് വലിയഴീക്കൽക്കാരനും അരയനുമായ ആവേദകൻ (പാഠം - 82) അടയാളപ്പെടുത്തു ന്നത്. സ്ത്രീധനം നൽകാൻ കുടുംബങ്ങൾ പരസ്പരം മത്സരിക്കുന്നതിലൂടെ അവരുടെ ആഡംബരഭ്രമവും പ്രകടനപരതയും വ്യക്തമാകുന്നതായി അദ്ദേഹം അഭിപ്രായപ്പെടുന്നു. സമൂഹത്തിൽ ഓരോ കുടുംബങ്ങളുടെയും സ്ഥാനം നിർണ്ണയിക്കുന്നത് സാമ്പത്തിക സ്ഥിതിയാണ് എന്ന ധാരണയാണ് സ്ത്രീധനം കൊടുക്കുന്നതിൽ പ്രകടമാകുന്ന ഈ മത്സരചിന്തയ്ക്ക് കാരണം. ക്രിസ്ത്യൻ സമുദായത്തിൽ ഉൾപ്പെട്ട ആവേദകയും (പാഠം - 83) വിവാഹം എന്ന ആചാരത്തിനുണ്ടാവുന്ന വ്യതിയാനങ്ങളെക്കുറിച്ചാണ് പറയുന്നു.

#### 4.5.5. പുളികുടി

സ്ത്രീ ഗർഭിണിയായാൽ നടത്തിയിരുന്ന ഒരാചാരമാണ് പുളികുടി. അതിനെക്കുറിച്ചുള്ള കേട്ടറിവാണ് ആവേദകർ പങ്കുവച്ചത്.

സ്ത്രീ ഏഴുമാസം ഗർഭിണിയാകുമ്പോഴാണ് പുളികുടി നടത്തിയിരുന്നത്. വളരെ വിശേഷമായി നടത്തിയിരുന്ന ഈ ചടങ്ങിനും നാട്ടുകാരും ബന്ധുക്കളുമൊക്കെ എത്തിച്ചേരും. പലതരം പുളിയുടെ ഇലകൾ ഇടിച്ചുപിഴിഞ്ഞ് നീരെടുത്ത് ഗർഭിണി കുടിക്കണം. ഭർത്താവിന്റെ കയ്യിൽനിന്നാണ് അവളിത് കുടിക്കുക. ഇതാണ് പ്രധാന ചടങ്ങ്. ഏഴാംമാസത്തിൽതന്നെ 'വയറുകാണൽ' എന്ന ചടങ്ങും നടത്തിയിരുന്നു. അത് പെൺവീട്ടിൽനിന്ന്, ഒരു സംഘം സ്ത്രീകൾ ഏഴുതരം പലഹാരങ്ങളുമായി ഗർഭിണിയെ കാണാൻ വരുന്നതാണ്. തുടർന്ന് ജന്മഗൃഹത്തിലേക്ക് അവളെ കൂട്ടിക്കൊണ്ടുപോകും. പ്രസവം കഴിഞ്ഞ് കുഞ്ഞുമായി മൂന്നുമാസത്തിനുശേഷമാണ് അവൾ വരന്റെ വീട്ടിലേക്ക് മടങ്ങുന്നത് (പാഠം – 84 – 86).

പുളികുടിയെക്കുറിച്ച് മറ്റു പല ആവേദകരും പറഞ്ഞുവെങ്കിലും മുകളിൽ പറഞ്ഞ വിവരങ്ങൾക്കുപരിയായി മറ്റൊന്നും ലഭ്യമായില്ല. അവർക്ക് അനുഭവവേദ്യമായ ഒന്നായല്ല ഈ അറിവുകൾ പങ്കുവെച്ചത്. മറിച്ച് അവരുടെ പൂർവ്വികർ പകർന്നു നൽകിയവ എന്ന നിലയ്ക്കാണ്. ചിലർ പുളിക്കു പകരം നെയ്കുടിപ്പിച്ചിരുന്നതായും അഭിപ്രായപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിൽ തന്നെ പുളികുടി ഈ പ്രദേശത്തുനിന്നും നിർമ്മാർജ്ജനം ചെയ്തിരുന്നു എന്നു വേണം മനസ്സിലാക്കാൻ. മിക്ക ജാതിക്കാർക്കിടയിലും ഈ ആചാരം നിലനിന്നിരുന്നു എന്നു പറയുന്ന പുലയ സമുദായത്തിൽപ്പെട്ട ആവേദകൻ (പാഠം – 85) അതിനു പിന്നിലെ യുക്തിയെ അനാവരണം ചെയ്യുന്നത് ശ്രദ്ധേയമാണ്. പുളിനീര് ബുദ്ധിവൈകല്യത്തിന് കാരണമാണോയെന്നും ബ്രാഹ്മണർ, ഇതരർക്ക് മേൽ നിർബന്ധിതമായി പ്രയോഗിച്ച ഒന്നാണോ ഈ ആചാരമെന്നും ഇയാൾ സംശയിക്കുന്നു. എന്നാൽ ആവേദകന്റെ ഈ അഭിപ്രായത്തോട് യോജിക്കാൻ കഴിയില്ല. കാരണം ബ്രഹ്മണർ അനുഷ്ഠിക്കേണ്ട ഷോഡശ സംസ്കാരങ്ങളിൽ ഒന്നാണ് പുളികുടി (പുംസവനം) എന്നത് (പദ്മനാഭപിള്ള, 1998 : 1237). അന്യദേശവാസിയും യുവാവുമായ അരയന് (പാഠം – 86)

പുളികുടിയെക്കുറിച്ച് കേട്ടറിവുപോലുമില്ല. യുവതലമുറ ഈ ആചാരത്തെക്കുറിച്ച് അജ്ഞരാണ് എന്നതിന്റെ സൂചകമായി ഇതിനെ കാണാൻ കഴിയും.

**4.5.6. മരണം**

ആലപ്പാട്ടരയർ പരമ്പരാഗതമായി തുടർന്നുവരുന്ന മരണാനന്തര കർമ്മങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

ശവശരീരം ദഹിപ്പിക്കുകയാണ് ആലപ്പാട്ടരയർ ചെയ്യുന്നത്. മരണാനന്തര ചടങ്ങുകൾക്കെല്ലാം പുരോഹിതനായി വർത്തിക്കുന്നത് ചക്കരത്തിയാണ്. മരണം നടന്ന വീട്ടിൽ അടയ്ക്കാമരം മുറിച്ച് പച്ചോലകൊണ്ട് പന്തലിടുന്നു. മൃതദേഹത്തിലെ ആഭരണങ്ങൾ നീക്കംചെയ്ത് കുളിപ്പിച്ച് വസ്ത്രം ധരിപ്പിച്ചതിനുശേഷം പച്ചപ്പന്തലിലേക്ക് എടുപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് 'കോടിയിടുക' എന്ന ചടങ്ങുണ്ട്. ചക്കരത്തി, കോടിയിടൽ ചടങ്ങിന് അവിടെ കൂടിനിൽക്കുന്നവരിൽനിന്ന് അനുവാദം വാങ്ങിക്കഴിഞ്ഞാൽ മരുമക്കൾ ശവത്തിൽ കോടി പുതപ്പിക്കുന്നു. തുടർന്ന് 'കോടിമുറിക്കൽ' ചടങ്ങാണ്. ചക്കരത്തി കോടിയുടെ തലപ്പ് മുറിക്കുകയും ആ തുണി ചുറ്റിയെടുത്ത് ശേഷക്രിയ ചെയ്യാനായി ഈറനോടെ നിൽക്കുന്ന മകന്റെ തലയിൽ വയ്ക്കുകയും ചെയ്യുന്നു. അതിനു മീതെ മുഖം ചെത്തിയ കരിക്കുവച്ചാണ് കർമ്മം ചെയ്യുന്നത്. അവശേഷിക്കുന്ന കോടിത്തുണികളിൽ ഒന്നുമാത്രം ശവത്തിനുമീതെ ഇടുകയും മറ്റുള്ളവ ചക്കരത്തി എടുക്കുകയും ചെയ്യും. അവ അദ്ദേഹത്തിന് അവകാശപ്പെട്ടതാണ്. ചക്കരത്തിയുടെ നിർദ്ദേശാനുസരണം മരുമക്കൾ ശവം വഹിച്ചുകൊണ്ട്, കർമ്മം ചെയ്യുന്ന മകനോടൊപ്പം ദഹനസ്ഥലത്തേക്ക് പോകുന്നു. കർമ്മം ചെയ്യുന്ന വ്യക്തി ശവത്തെ മൂന്നുരു പ്രദക്ഷിണം വയ്ക്കുകയും തലഭാഗത്തായി പിൻതിരിഞ്ഞുനിന്നുകൊണ്ട് കരിക്ക് ശവത്തിനുമീതെ പിന്നിലേക്ക് വലിച്ചെറിയുകയും ചെയ്യുന്നു. തുടർന്ന് വിറകടുക്കി സജ്ജമാക്കിയ ചിതയ്ക്ക് മകൻ തീകൊളുത്തുന്നു. ശേഷം 'കൊള്ളിവയ്ക്കുന്ന' ചടങ്ങുണ്ട്. പരേതന്റെ അടുത്ത ബന്ധുക്കൾ പാദത്തിന്റെ വശത്തുനിന്ന് അവിടെ ചെറുതായി മുറിച്ചുവച്ചിട്ടുള്ള മാവിൻകൊള്ളി മൂന്നുപ്രാവശ്യം തലയ്ക്കുഴിഞ്ഞ് ചിതയിലേയ്ക്കിടുന്നു. അതാണ് കൊള്ളിവയ്പ്.

ദഹനം നടന്നതിന്റെ അടുത്ത ദിവസം മുറ്റത്തിട്ടിരിക്കുന്ന പന്തലിന്റെ വാതിൽ പച്ചോലവെട്ടി മറയ്ക്കും. ഒരാൾക്കുമാത്രം കയറാൻ പാകത്തിൽ അതിൽ വിടവ് കാണും. മരിച്ച വ്യക്തിയുടെ സഹോദരിയുടെ മകൾ അവിടെക്കയറി നെല്ലുകുത്തും. ഇങ്ങനെ കുത്തിയെടുക്കുന്ന അരികൊണ്ട് ചോറുണ്ടാക്കിയാണ് കർമ്മങ്ങൾക്ക് ഉപയോഗിക്കുക. ഈ സ്ത്രീയും മരിച്ചയാളിന്റെ മക്കളും പതിനാറുദിവസം വ്രതം നോൽക്കണം. ക്ഷൗരം ചെയ്യാനോ മത്സ്യമാംസാദികൾ കഴിക്കാനോ പാടില്ല. ദഹനം കഴിഞ്ഞ് മൂന്നാം ദിവസം അല്ലെങ്കിൽ അഞ്ചാംദിവസം 'സഞ്ചയനം' നടത്തുന്നു. അന്ന് പരേതന്റെ അസ്ഥി ശേഖരിച്ച് ചിരട്ടയിലാക്കി വായ്മൂടിക്കെട്ടി സൂക്ഷിക്കും. ശേഷിക്കുന്ന അസ്ഥിയും ചാരവും പച്ചോലകൊണ്ട് നിർമ്മിച്ച കുട്ടകളിലാക്കി കടലിൽ കളയുന്നു. അടുത്ത ബന്ധുക്കളും പരിസരവാസികളും മാത്രം പങ്കെടുക്കുന്ന 'വാരിക്കളയൽ' എന്നുകൂടി പേരുള്ള ഈ ചടങ്ങിനുശേഷം, കുടുംബക്കാർ കൂടിയിരുന്ന് 'പുലകുളി' സംബന്ധമായ കാര്യങ്ങൾ തീരുമാനിക്കുന്നു.

പതിനാറിനാണ് 'പുലകുളി' നടത്തുന്നത്. കാർമ്മികന്റെ നേതൃത്വത്തിൽ അസ്ഥിവച്ച് പൂജകൾ നടത്തുകയും പരേതന്റെ മക്കൾ, എള്ളും പൂവും പച്ചച്ചോറുംകൊണ്ട് പിണ്ഡംവച്ച് ബലിയർപ്പിക്കുകയും ചെയ്യും. ഇത് ഓരോ പാത്രത്തിലാക്കി കർമ്മം ചെയ്യുന്നവർ തലയിലേറ്റുകയും ദീപം തെളിച്ചുകൊണ്ടുപോകുന്ന ചക്കരത്തിയെ അനുഗമിച്ച് കടൽത്തീരത്തെത്തുകയും ചെയ്യുന്നു. കറുത്തൊരു കുടയ്ക്കുമീതെ വെളുത്തതുണിയിട്ട് അതും പിടിച്ചാണ് ചക്കരത്തി നടക്കുക. അതുപോലെ കർമ്മം ചെയ്യുന്നവരോടൊപ്പവും മുത്തുകുടപിടിച്ച് ആളുണ്ടാവും. ബന്ധുജനങ്ങളും ഇവരെ അനുഗമിച്ച് കടൽത്തീരത്ത് എത്തും. കർമ്മം ചെയ്തവർ കഴുത്തറ്റം വെള്ളത്തിലിറങ്ങുകയും തലയിലിരിക്കുന്ന ബലിദ്രവ്യങ്ങൾ കടലിലൊഴുക്കിക്കളഞ്ഞ് മുങ്ങിക്കുളിക്കുകയും ചെയ്യുന്നു. തുടർന്ന് പരേതനെ സങ്കല്പിച്ച് കടൽത്തീരത്ത് ഒരു പന്തം കുത്തിവയ്ക്കുകയും സമീപത്ത് ഒരു പാത്രത്തിൽ കർമ്മത്തിനുപയോഗിച്ച അരിയും പൂവും എള്ളും വയ്ക്കുകയും ചെയ്യും. പരേതന്റെ ബന്ധുക്കൾ ഇവയെടുത്ത് മൂന്നുരു തലയ്ക്കുഴിഞ്ഞ് പന്തത്തിലിടുന്നു. എന്നിട്ട് കടലിലിറങ്ങി വെള്ളംകോരി തലയ്ക്കുമീതെ വീശുന്നു. തുടർന്ന് പൂജയ്ക്കുപയോഗിച്ച പാലും അരിമാവും കടൽജലവും കലർന്ന വെള്ളം ചക്കരത്തികൊണ്ടുവന്ന് വീശിക്കുടയുന്നു. വീട്ടിലേക്ക് മടങ്ങിയെത്തിയശേഷം ചക്കരത്തി ഈ കർമ്മം

ആവർത്തിക്കുന്നു. ഈ ചടങ്ങിന് 'പാലുവീശുക' എന്നാണ് പറയുന്നത്. തുടർന്ന് സദ്യ നടത്തുന്നു. പുലകുളിക്ക് മുൻകാലങ്ങളിൽ ചെണ്ടമേളവും നടമാറ്റ് വിരിപ്പും ഉണ്ടായിരുന്നതായി ആവേദകർ പറയുന്നു. കർമ്മംചെയ്യുന്നവർ വീട്ടിൽനിന്ന് കടൽത്തീരംവരെ വെള്ളമുണ്ടിന് മീതെ നടന്നുപോകുന്നു. അവർ നടന്നുകഴിഞ്ഞാൽ പുറകിൽ കിടക്കുന്ന മുണ്ടെടുത്ത് മുന്നിൽ വിരിക്കുന്നു. ഇതാണ് നടമാറ്റ്. മണ്ണാത്തി കൊണ്ടുവരുന്ന വസ്ത്രമാണ് ഇതിനുപയോഗിക്കുന്നത്. സാമ്പത്തികശേഷി യുള്ളവരായിരുന്നു ഇത്തരത്തിൽ നടമാറ്റും ചെണ്ടമേളവും പുലകുളിക്ക് ഉപയോഗിച്ചിരുന്നതെന്ന് ആവേദകർ പറയുന്നു (പാഠം - 87 - 90).

മരണാന്തരചടങ്ങുകളിൽ കാലികമായി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. മുൻകാലങ്ങളിൽ പത്താംദിവസം നടത്തിയിരുന്നു എന്നു പറയുന്ന 'വാരിക്കളയൽ' മൂന്നാംദിവസം അല്ലെ ങ്കിൽ അഞ്ചാംദിവസമാണ് ഇപ്പോൾ ചെയ്തുകാണുന്നത്. പുലകുളിക്കുശേഷം പരേ തന്റെ മക്കൾ മാസംതോറും ബലിയിടും. ഒരു വർഷം പൂർത്തിയാകുമ്പോൾ ആണ്ട് നട ത്തുന്നു. അന്ന് വീട്ടിൽ പൂജ നടത്തുകയും ആത്മാവിനെ ചന്ദനമുട്ടിയിലാവാഹിച്ച് കാർമ്മി കന്റെ നിർദ്ദേശാനുസരണം ക്ഷേത്രത്തിൽ കുടിയിരുത്തുകയും ചെയ്യും. തുടർന്നും വർഷം തോറും അവകാശികൾ ആ ക്ഷേത്രത്തിൽപോയി ബലികർമ്മം അനുഷ്ഠിക്കുന്നു. മരണാനന്തര ചടങ്ങുകളെക്കുറിച്ചുള്ള അന്വേഷണത്തിന് വലിയഴീക്കൽക്കാരനായ അരയന്റെ (പാഠം - 89) പ്രതികരണം ചടങ്ങുകളിൽ മുൻപ് ദേശഭേദം നിലനിന്നിരുന്നോ എന്നറിയല്ല എന്നാണ്. ഇപ്പോൾ ആലപ്പാട്ടും സമീപപ്രദേശങ്ങളിലും നിലനിൽക്കുന്ന മരണാനന്തരകർമ്മങ്ങൾ സമാനത പുലർത്തുന്നവയാണ്. ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട ആവേദക (പാഠം - 90) ആലപ്പാട്ടരയർ പിൻതുടരുന്ന ചടങ്ങുകൾ അവരുടെ അനുഭവ പരിസരത്തു നിന്നുകൊണ്ട് വിവരിക്കുകയാണ് ചെയ്യുന്നത്.

ജനനം മുതൽ മരണം വരെയുള്ള ജീവിതഘട്ടത്തിൽ അനുക്രമമായി വരുന്ന പ്രധാന ആചാരാനുഷ്ഠാനങ്ങളെയാണ് ഇവിടെ വിവരിച്ചത്. നമ്പൂതിരി, നായർ, ഈഴ വർ, പുലയർ തുടങ്ങിയുള്ള എല്ലാ ജാതിസമൂഹങ്ങളിലും ഇത്തരത്തിലുള്ള കർമ്മ ങ്ങൾ നിലവിലുണ്ട്. എന്നാൽ ജാതിയ്ക്കും ദേശത്തിനുമനുസരിച്ച് ഇവയിൽ വ്യത്യ സ്തതകൾ പ്രകടമാണ്. കേരളത്തിലെ അരയസമൂഹത്തിനുള്ളിൽ തന്നെ പ്രാദേശിക

കൂട്ടായ്മകളിൽ വൈവിധ്യങ്ങൾ കാണാൻ കഴിയും. ആലപ്പാട്ടരയർക്കിടയിലും ഈ പ്രവണതയുണ്ടായിരുന്നതായി വാമൊഴികളിൽ നിന്ന് വ്യക്തമാണ്. ആചാരാനുഷ്ഠാനങ്ങളിലെ ഈ വ്യത്യാസം ആഘോഷപരതയിലാണ് കൂടുതൽ ദൃശ്യമാകുന്നത്. പുളികുടിയ്ക്കു പകരം നടത്തിയിരുന്ന നെയ്കുടി, നടമാറ്റ്, ചെണ്ടമേളം, ആന, കുതിര തുടങ്ങിയവയുടെ സാന്നിധ്യം എന്നീ കാര്യങ്ങളിൽ ഉണ്ടായിരുന്ന ഏറ്റക്കുറച്ചിലുകൾ എന്നിവ സമുദായത്തിലെ സാമ്പത്തിക വൈരുദ്ധ്യത്തിൽ നിന്നാണ് രൂപം കൊണ്ടതെന്ന് മനസ്സിലാക്കാം.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം വരെയും ഇത്തരം കർമ്മങ്ങൾ അനുഷ്ഠിക്കാൻ ജനങ്ങൾ നിർബന്ധിതരായിരുന്നു. സമൂഹത്തിലെ ഉന്നതശ്രേണിയിലുള്ളവർ ഇവ ആഘോഷപൂർവ്വം കൊണ്ടാടിയപ്പോൾ മീൻപിടിച്ചു വിറ്റ് നിത്യവൃത്തി നടത്തിയിരുന്ന പാവങ്ങൾക്ക് ഇത് സാമ്പത്തികബാധ്യത സൃഷ്ടിക്കുന്നതായിരുന്നു. അവർ പട്ടിണികിടന്നാണെങ്കിലും ഇത്തരം കാര്യങ്ങൾ ചെയ്യാൻ നിർബന്ധിതരായി. കാരണം, ആചാരാനുഷ്ഠാനങ്ങൾ പാലിക്കാത്തവരുടെയും അനാദരവ് പ്രകടിപ്പിച്ചിരുന്നവരുടെയും കുടുംബങ്ങൾക്ക് തുറയിലെ ഭരണാധികാരി 'അഞ്ചുവിലക്ക്' ഏർപ്പെടുത്തിയിരുന്നു. വെള്ളം, തീ, ഇണങ്ങ് (സ്നേഹബന്ധം), ക്ഷൗരം, മണ്ണാത്തിമാറ്റ് എന്നിവയായിരുന്നു അഞ്ചു വിലക്കുകൾ (വേലുക്കുട്ടി അരയൻ, 1923 : 1). ഇതിനെ ഭയന്നാണ് ദരിദ്രരായവർപോലും ആചാരാനുഷ്ഠാനങ്ങൾ പാലിച്ചിരുന്നതെന്ന് മനസ്സിലാക്കാം.

മുകളിൽ വിശകലനം ചെയ്ത ആചാരാനുഷ്ഠാനങ്ങൾ കൂടാതെ തൊഴിലുമായി ബന്ധപ്പെട്ട ചില ചടങ്ങുകളും ആലപ്പാട്ടരയർക്കിടയിൽ നിലനിന്നിരുന്നു.

#### 4.5.7. കടലേറ്റു കല്യാണം.

അരയൻ ആദ്യമായി കടലിൽ തൊഴിൽ ചെയ്യാൻ പോകുമ്പോൾ നടത്തിയിരുന്ന ആചാരമാണ് കടലേറ്റു കല്യാണം. ഈ ആചാരത്തെക്കുറിച്ച് അറിയുന്ന ആവേദകർ കുറവാണ്. അവരെല്ലാംതന്നെ പറഞ്ഞുകേട്ട അറിവ് എന്ന നിലയ്ക്കാണ് ഇത് പകർന്നു നൽകിയത്. ഈ ആചാരം നേരിട്ടുകണ്ട ആരെയും ഗവേഷകയ്ക്ക് കണ്ടെത്താനായില്ല.

കടലിലേറാത്തവനെ കടലിൽകൊണ്ടുപോകുന്ന ചടങ്ങാണ് കടലേറ്റുകല്യാണം. താലികെട്ടുകല്യാണം നടത്തിയിരുന്നതുപോലെ, ഒരുപക്ഷെ അതിനെക്കാൾ പ്രാധാന്യത്തോടെ ചെറുപ്രായത്തിൽ ആൺകുട്ടികളെക്കൊണ്ട് ഈ കർമ്മം ചെയ്യിച്ചിരുന്നു. തുറയിലരയന്റെ അനുവാദത്തോടെയാണ് കടലേറ്റുന്നത്. കടലമ്മയെ തൊട്ടുവണങ്ങിയതിനുശേഷം കുട്ടിയെ മുതിർന്നവർ പാറിൽ കയറ്റിക്കൊണ്ടു പോകുന്നു. പെയ്ത്തുകഴിഞ്ഞ് മടങ്ങിവരുമ്പോൾ മീൻകൊണ്ട് പലതരത്തിലുള്ള ആഭരണങ്ങൾ കുട്ടി അണിഞ്ഞിരിക്കും. പച്ച ഈർക്കിലിൽ മീൻകൊണ്ട് മാലകോർത്ത് കഴുത്തിലണിയുന്നു. കടുക്കന്റെ രൂപത്തിൽ ഈർക്കിൽ വളച്ച് മീനിട്ട് കാതിൽ ധരിപ്പിക്കും. അതുപോലെ തോൾവളയും കൈവളയും ഉണ്ടാക്കി കുട്ടിയെ അണിയിക്കും. ഇങ്ങനെ എത്തുന്ന പുത്തൻ കടലേറ്റുകാരനെ കരക്കാർ ചേർന്ന് തുറയരയന്റെ മുന്നിലേക്ക് ആനയിക്കും. അവന്റെ ദേഹത്തണിഞ്ഞിരിക്കുന്ന മത്സ്യാഭരണങ്ങൾ അദ്ദേഹത്തിന് അവകാശപ്പെട്ടതാണ്. കടലേറ്റുകർമ്മത്തിന് ഒരു നിശ്ചിതപ്രായം ഉണ്ടായിരുന്നില്ല. കടലേറ്റുകാരന് ചിലപ്പോൾ കടൽചൊരുക്ക് നിമിത്തം തലചുറ്റൽ, ഛർദ്ദി എന്നിവയുണ്ടാകാറുണ്ടെന്നും നിരന്തര അഭ്യാസത്തിലൂടെ അതുമാറി അവൻ നല്ല പണിക്കാരനായി മാറുമെന്നും ആവേദകർ അഭിപ്രായപ്പെടുന്നു (പാഠം – 91 – 93).

കടലേറ്റു കല്യാണം തീരെ ഇല്ലാതിയിട്ട് ഒരു നൂറ്റാണ്ടുകാലമെങ്കിലും ആയിട്ടുണ്ടാവാമെന്നാണ് ആവേദകമൊഴികളിൽ നിന്ന് വ്യക്തമായത്. തൊണ്ണൂറ്റഞ്ചു വയസ്സു വരെ പ്രായമുള്ള ആവേദകരിൽ പലരും ഈ ആചാരത്തെക്കുറിച്ച് പറഞ്ഞുവെങ്കിലും ആരുംതന്നെ നേരിട്ടനുഭവിച്ചവരില്ല. മറിച്ച് കേട്ടറിവ് മാത്രമാണ് അവർക്കുള്ളതെന്ന് മനസ്സിലാക്കാം. പാഠം – 92 ലെ ആവേദകൻ അരയനും സമീപദേശവാസിയുമാണ്. അദ്ദേഹത്തിന് കടലേറ്റുകല്യാണം അപരിചിതമാണ്. കടലിൽ പണിക്കിറങ്ങുമ്പോൾ പ്രാർത്ഥനാനിരതരാകാറുണ്ടെന്നു പറയുന്ന അദ്ദേഹം മുമ്പ് ഇത്തരത്തിലൊരാചാരം നിലനിന്നിരിക്കാം എന്ന അനുമാനിക്കുന്നു. ഈഴവസമുദായത്തിലുൾപ്പെടുന്ന ആവേദകയും (പാഠം – 93) ഈ ആചാരം അറിയില്ലെന്ന് പറയുന്നതോടൊപ്പം കടലിനെ അമ്മയായി ആരാധിക്കുന്നതുകൊണ്ട് അതിൽ നിന്നും രൂപം കൊണ്ട എന്തെങ്കിലും പൂജയാവാം ഇതെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

ഒരു വ്യക്തി കടൽപ്പണിക്കാരനായി സ്വയം രൂപപ്പെടുന്നതിന്റെ മുന്നൊരുക്കമായി കടലേറ്റുകല്യാണത്തെ വ്യാഖ്യാനിക്കാം. അവനെ തൊഴിലിന് പാകപ്പെടുത്തുകയാണ് ഈ കർമ്മത്തിലൂടെ ചെയ്യുന്നത്. കടലേറ്റുന്നതിലൂടെ തുറയിലെ തൊഴിൽ കൂട്ടായ്മയിൽ അവനും ഒരു സ്ഥാനം ലഭിക്കുന്നു.

**4.5.8. വള്ളപ്പൂയന, വലപ്പൂയന**

അരയൻ വള്ളം, വല തുടങ്ങിയ തൊഴിലുപകരണങ്ങൾ പുതുതായി വാങ്ങിയാൽ അത് കടലിറക്കുന്നതിന് മുമ്പായി ബന്ധുമിത്രാദികളെ ക്ഷണിച്ചുവരുത്തി പൂജ നടത്തുന്ന ഒരു ചടങ്ങുണ്ട്. അതാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

ആലപ്പാട്ടരയർ വള്ളവും വലയും വാങ്ങിച്ചാൽ കാണിക്കയുമായി ചെന്ന് തുറയിലരയനെ വിവരം ധരിപ്പിക്കുകയും വള്ളപ്പൂയനയ്ക്കും വലപ്പൂയനയ്ക്കും അനുവാദം വാങ്ങുകയും ചെയ്യുന്നു. പിന്നീട് ദിവസം നിശ്ചയിച്ച് ബന്ധുക്കളെ ക്ഷണിക്കുന്നു. ആ ദിവസം വള്ളത്തിനും വലയ്ക്കും സമീപം നിലവിളക്കു കൊളുത്തിവച്ച് പ്രാർത്ഥിയ്ക്കുകയും കുടുംബത്തിലെ കാരണവർ ദീപമുഴിഞ്ഞ് പൂജിയ്ക്കുകയും ചെയ്യുന്നു. വള്ളവും വലയും പൂക്കൾ, ചന്ദനം എന്നിവകൊണ്ട് അലങ്കരിക്കും. ഏവരുടെയും അനുഗ്രഹത്തോടെ 'വല കൈമാറൽ' ചടങ്ങ് നടത്തും. ആ വള്ളത്തിൽ പണിയ്ക്കുപോകാൻ നിശ്ചിയിച്ചിട്ടുള്ള ആളുകളെക്കൊണ്ട് വല കൈമാറി ഉടമസ്ഥൻ അത് വള്ളത്തിൽ വയ്ക്കുന്നു. എന്നിട്ട് കൂട്ടത്തിലുള്ള കാരണവൻമാർക്ക് ദക്ഷിണ നൽകും. തുടർന്ന് 'വള്ളം നനയ്ക്കൽ' ചടങ്ങ് നടത്തും. വള്ളം തള്ളി കടലിറക്കുകയും വലയിടുകയും ചെയ്യുന്നു (പാഠം - 94 - 96).

കാലികമായ പരിവർത്തനങ്ങളോടെ ഇന്നും ഈ ആചാരം നിലനിൽക്കുന്നുണ്ട്. മീൻ കച്ചവടം നടത്തിയിരുന്നു എന്നവകാശപ്പെടുന്ന മുസ്ലിംസമുദായക്കാരനും (പാഠം - 96) സമീപദേശവാസിയും അരയനുമായ ആവേദകനും (പാഠം - 95) ആലപ്പാട്ടരയർ പറയുന്ന വള്ളപ്പൂയന, വലപ്പൂയന എന്നീ ആചാരങ്ങളെ അംഗീകരിക്കുന്നുണ്ട്. അവ ഇന്നും തുടർന്നുപോരുന്നെന്നും ആലപ്പാട്ടു മാത്രമല്ല സമീപപ്രദേശങ്ങളും നിലനിൽക്കുന്നുണ്ടെന്നും പാഠം - 95 ൽ ആവേദകൻ പറയുന്നു.

കടൽപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഈശ്വരവിശ്വാസം കൂടുതലാണെന്നും തൊഴിലുപകരണങ്ങൾ പൂജനടത്തി മാത്രമേ കടലിലിറക്കാറുള്ളെന്നും ഇസ്ലാംമതത്തിൽപ്പെട്ട ആവേദകൻ (പാഠം – 96) സാക്ഷ്യപ്പെടുത്തുന്നു. ഇന്നും പുതുതായി ഏതെങ്കിലും മത്സ്യബന്ധനോപകരണം വാങ്ങിയാൽ കടലിലിറക്കുന്നതിന് മുഹൂർത്തം കുറിക്കുകയും പൂജാരിയെക്കൊണ്ടുവന്ന് പൂജ നടത്തുകയും ചെയ്യും. ഗുരുസ്ഥാനീയർക്കും അതിന്റെ നിർമ്മാണത്തിന് നേതൃത്വം നൽകിയവർക്കും ദക്ഷിണ നൽകി അനുഗ്രഹം തേടും. ചടങ്ങിന് ശേഷം അതിൽ പങ്കെടുത്ത ബന്ധുമിത്രാദികൾക്ക് മദ്യവും ആഹാരവും നൽകുക പതിവാണ്. പുതിയ തൊഴിലുപകരണങ്ങളുടെ ഉടമസ്ഥനായി മാറിയിരിക്കുന്നു എന്ന് കൂട്ടായ്മയെ ബോധ്യപ്പെടുത്തുകയും അതിലൂടെ സാമൂഹികാംഗീകാരം നേടിയെടുക്കുകയും ചെയ്യുന്നു എന്നുള്ളതാണ് ഈ ചടങ്ങിനു പിന്നിലെ രാഷ്ട്രീയം.

**4.5.9. ആണ്ടിയാർ പടുക്ക**

പ്രദേശവാസികൾ മീൻ കടലിൽ നിന്ന് കിട്ടാതെവരുന്ന അവസരത്തിൽ അനുഷ്ഠിച്ചിരുന്ന ഒരു കർമ്മമാണ് ആണ്ടിയാർ പടുക്ക.

വള്ളങ്ങളിൽ പണികിട്ടാതെ വരുന്ന അവസരത്തിൽ കരക്കാർ കൂടിയാലോചിച്ച് ആണ്ടിയാർ പടുക്ക നടത്താൻ തീരുമാനിക്കുന്നു. കടലിൽ മകരമത്സ്യമായി അവതരിച്ച ആണ്ടിയാരെ പ്രീതിപ്പെടുത്തിയാൽ മീൻ സമൃദ്ധമായി ലഭിക്കുമെന്നാണ് വിശ്വാസം. സുബ്രഹ്മണ്യനാണ് ആണ്ടിയാർ. പടുക്ക ദിവസം നിശ്ചയിച്ചു കഴിഞ്ഞാൽ അതിന്റെ പൂജാവിധികൾ ചെയ്യുന്ന കാരണവർ ഏഴു ദിവസം വ്രതം അനുഷ്ഠിക്കണം. സ്വയം പാചകം ചെയ്യുന്ന ഭക്ഷണം വേണം ഇദ്ദേഹം കഴിക്കാൻ കടൽപ്പുറത്ത് വലിയ പച്ചോലപന്തലിട്ട് അതിലാണ് പൂജ നടത്തുക. പടുക്കയുടെ തലേദിവസംതന്നെ അതിനുള്ള ഒരുക്കങ്ങൾ ആരംഭിക്കും. പച്ചരിപ്പൊടിയിൽ തേങ്ങയും ശർക്കരയും ചേർത്ത് പലതരത്തിലുള്ള മത്സ്യങ്ങളുടെ ആകൃതിയിൽ പലഹാരങ്ങൾ ഉണ്ടാക്കുന്നു. ഇതുകൂടാതെ ഉണ്ണിയപ്പം, പായസങ്ങൾ എന്നിവയും തയ്യാറാക്കും. പൂജനടത്തുന്ന പന്തലിൽ പായകൾ വിരിച്ച് അതിൽ വാഴയിലകൾ നിരത്തിയാണ് പൂജാദ്രവ്യങ്ങളായ പലഹാരങ്ങൾ വയ്ക്കുന്നത്. നിലവിളക്കുകൊളുത്തിവച്ച് കർമ്മി മന്ത്രങ്ങൾ

ഉരുവിടുകയും ഈ പലഹാരങ്ങൾ നിവേദിക്കുകയും ചെയ്യുന്നു. ഈ വേളയിൽ ചുറ്റും നിൽക്കുന്ന ജനങ്ങൾ സുബ്രഹ്മണ്യനെ സ്തുതിച്ചുകൊണ്ട് നാമങ്ങൾ ചൊല്ലുന്നു. ഇവയുടെ താളം മുറുകി മൂർദ്ധന്യാവസ്ഥയിലെത്തുമ്പോൾ, നേദ്യത്തിനുചുറ്റും പ്രദക്ഷിണം ചെയ്തുകൊണ്ടിരിക്കുന്ന കർമ്മി ഉറഞ്ഞുതുള്ളുന്നു. അദ്ദേഹം ദൈവത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ പറയുകയും മൂർച്ഛിച്ചുവീണ് ബാധ ഒഴിയുകയും ചെയ്യുന്നു. തുടർന്ന് നിവേദ്യത്തിലൊരു പങ്ക് കടലമ്മയ്ക്ക് സമർപ്പിക്കുകയും ശേഷിക്കുന്നവ കരക്കാർ പങ്കിട്ടെടുക്കുകയും ചെയ്യും. പടുക്ക നടത്തിയതിനുശേഷം അടുത്തദിവസം കടലിൽപ്പോയാൽ ധാരാളം മീൻ കിട്ടാറുണ്ടെന്ന് ആവേദകർ പറയുന്നു (പാഠം - 97 - 100).

കടലിൽ മത്സ്യം കുറയുന്നത് മകരമത്സ്യമായവതരിച്ച സുബ്രഹ്മണ്യന്റെ കോപം നിമിത്തമാണെന്നും അതിനാൽ ദൈവപ്രീതിയിലൂടെ മത്സ്യലഭ്യത സാധ്യമാകുമെന്നുമുള്ള വിശ്വാസത്തിൽ നിന്നാണ് ആണ്ടിയാർ പടുക്ക എന്ന അനുഷ്ഠാനം രൂപംകൊണ്ടത്. ഇതിലും കാലാനുസൃതമായ പരിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. ജനങ്ങൾ സംഘടിതമായി തുറകൾതോറും നടത്തിയിരുന്ന ഈ ചടങ്ങ് ഇപ്പോൾ ആലപ്പാട് സുബ്രഹ്മണ്യക്ഷേത്രത്തിൽ മാത്രമാണുള്ളത്. ആണ്ടിലൊരിക്കൽ കരയോഗത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന പൂജയായി ഈ അനുഷ്ഠാനം മാറിയിരിക്കുന്നു. ഈ ചടങ്ങിൽ, ദൈവത്തിന്റെ പ്രതിരൂപം തുള്ളിയുറഞ്ഞ് കാര്യങ്ങൾ വെളിപ്പെടുത്തുന്നതായി ആവേദകർ പറയുന്നുണ്ട്. പാഠം - 98 ലെ ആവേദക ഈയിടയായിട്ട് തുള്ളുന്നതായി കാണുന്നില്ല എന്നു വെളിപ്പെടുത്തി.[9]

ഈഴവസമുദായത്തിലുൾപ്പെട്ട കോളേജ് വിദ്യാർത്ഥിനിയും (പാഠം - 99) അന്യദേശവാസിയായ ഒരു അരയനും (പാഠം - 100) ഈ അനുഷ്ഠാനത്തെക്കുറിച്ച് പറയുകയുണ്ടായി. അനുഷ്ഠാനത്തിൽ പങ്കാളിയായ ഒരു ആവേദക (പാഠം - 99) മറ്റു പ്രദേശങ്ങളിലൊന്നും ഇത്തരത്തിലൊരു പൂജ കണ്ടിട്ടില്ലെന്നു പറയുന്നത് പ്രധാനമാണ്. മറ്റ് അരയക്കൂട്ടായ്മകളിൽനിന്ന് ആലപ്പാട്ടരയരെ വ്യത്യസ്തരാക്കുന്നതിൽ ഈ അനുഷ്ഠാനത്തിന്റെ പങ്ക് നിർണ്ണായകമാണ്. ആലപ്പാട്ട് പ്രചാരത്തിലിരിക്കുന്ന ഐതിഹ്യത്തെ സ്ഥാപിക്കുന്നതിനും തമിഴ്നാടുമായുള്ള കുടിയേറ്റബന്ധത്തെ

ന്യായീകരിക്കുന്നതിനും ഈ അനുഷ്ഠാനത്തെ ആലപ്പാട്ടരയർ പ്രയോജന പ്പെടുത്തുന്നുണ്ട്.

**4.5.10. മാടൻ സ്വാമിയ്ക്ക് തെണ്ടുപുഴുങ്ങൽ/തെണ്ടുപൂയന**

ആണ്ടിയാർ പടുക്കപോലെ തന്നെ മീൻ ലഭ്യതക്കായി നടത്തുന്ന മറ്റൊരനു ഷ്ഠാനമാണ് മാടൻ സ്വാമിയ്ക്ക് തെണ്ടുപുഴുങ്ങൽ അല്ലെങ്കിൽ തെണ്ടുപൂയന.

വള്ളത്തിൽ പണികിട്ടാതെ വരുന്ന അവസരങ്ങളിൽ, വീട്ടുമുറ്റത്തുവച്ച് ചെയ്തിരുന്ന ഒരനുഷ്ഠാനമാണ് മാടൻസ്വാമിയ്ക്ക് തെണ്ടുപുഴുങ്ങൽ. വള്ളങ്ങൾ പണിചെയ്ത് മീനുമായി തിരികെയെത്തുകയും ഏതെങ്കിലും ഒരു വള്ളത്തിനു മാത്രം വേണ്ടത്ര മീൻ കിട്ടാതെ വരികയും ചെയ്താൽ അത് മാടനച്ചന്റെ കോപംകൊണ്ടാണെന്ന് ആലപ്പാട്ടരയർ കരുതുന്നു. അതിനാൽ മാടനച്ചനെ പ്രീതിപ്പെടുത്താൻ തെണ്ടുപുഴുങ്ങുന്നു. വള്ളമുടമസ്ഥന്റെ വീട്ടുമുറ്റത്തുവച്ചാണ് ചടങ്ങുനടത്തുക. വീട്ടുകാരും വള്ളത്തിൽ പോകുന്ന ജോലിക്കാരും വ്രതം നോൽക്കുന്നു. സന്ധ്യാസമയത്താണ് പൂജ. നീളത്തിൽ പുഴുങ്ങിയെടുക്കുന്ന തെണ്ടെന്ന പലഹാരമാണ് പ്രധാന പൂജാദ്രവ്യം. പച്ചോല വെട്ടി വൃത്തിയാക്കി മലർത്തിവച്ച് അതിൽ അരിമാവും ശർക്കരയും തേങ്ങയും തേർന്ന മിശ്രിതം നിറക്കുന്നു. അതിനുമീതേ ഒരോലകൂടി കമഴ്ത്തിവച്ച് ചുറ്റിക്കെട്ടുന്നു. ഇത് വലിയ ചെമ്പുപാത്രത്തിൽവച്ച് പുഴുങ്ങിയെടുക്കും. പച്ചോലകൊണ്ടല്ലാതെ വാഴപ്പോളയിൽ മിശ്രിതം നിറച്ചും ഈ പലഹാരം ഉണ്ടാക്കാറുണ്ട്. ഇതും കള്ളുംവച്ചാണ് മാടൻസ്വാമിയെ സംതൃപ്തനാക്കാനായി പൂജിക്കുന്നത്. ഈ പൂജാസ്ഥാനത്ത് വലയും കൊണ്ടുവയ്ക്കുന്നു. കുടുംബത്തിലെ കാരണവരാണ് ഇവിടെ കർമ്മി. പൂജയ്ക്കുശേഷം നിവേദ്യത്തിലൊരുപങ്ക് കടലമ്മയ്ക്ക് കൊടുക്കുന്ന പതിവും ഈ അനുഷ്ഠാനത്തിലുമുണ്ട്. ഇതിൽ ദൈവം സംപ്രീതനായാൽ അടുത്തനാൾ വള്ളത്തിൽ മീൻ കിട്ടുമെന്ന് ആവേദകർ പറയുന്നു (പാഠം - 101 - 104).

മാടൻസ്വാമിക്ക് തെണ്ടുപുഴുങ്ങൽ, തെണ്ടുപൂയന എന്നീ പേരുകളുള്ള ഈ അനുഷ്ഠാനവും തൊഴിൽ ലഭ്യതയ്ക്കുവേണ്ടിയാണ് നടത്തിയിരുന്നത്. ആണ്ടിയാർ പടുക്ക ഒരു തുറക്കാർ സംഘടിതമായി കടൽപ്പുറത്തുവച്ചു ചെയ്തിരുന്ന ചടങ്ങാണെ

ങ്കിൽ തെണ്ടുപുഴുങ്ങലിനുള്ള ഇടം വള്ളം ഉടമസ്ഥന്റെ വീട്ടുമുറ്റമായിരുന്നു. വാഴപ്പോളയിലോ ഓലയിലോ വച്ചു പാകം ചെയ്തിരുന്ന ഈ പലഹാരത്തിന് ദണ്ഡിന്റെ രൂപവുമുണ്ടായിരുന്നതിനാലാണ് അതിന് തെണ്ട് പൂയന എന്ന പേർ വന്നുചേർന്നത്. പ്രദേശത്താകെ തൊഴിൽക്ഷാമമുണ്ടാകുന്ന വേളയിലാണ് പടുക്ക നടത്തിയിരുന്നതെങ്കിൽ മറ്റുള്ളവർക്ക് തൊഴിൽ ലഭിക്കുകയും ഏതെങ്കിലും ഒരുപകരണത്തിൽ മാത്രം മീൻ കിട്ടാതെ വരികയും ചെയ്യുന്ന അവസരത്തിലാണ് തെണ്ടുപുഴുങ്ങിയിരുന്നത്.

ഈ അനുഷ്ഠാനത്തെക്കുറിച്ച് മറ്റു ജനവിഭാഗങ്ങളോട് ആരാഞ്ഞപ്പോൾ പലരും ആണ്ടിയാർ പടുക്കയെക്കുറിച്ചാണ് പറഞ്ഞത്. സമീപവാസിയും അരയനുമായ ആവേദകനും (പാഠം - 103), പുലയസമുദായത്തിൽപ്പെട്ട കയർത്തൊഴിലാളിയും (പാഠം - 104) ഇതേ അഭിപ്രായമാണ് പങ്കുവച്ചത്. ക്ഷേത്രങ്ങളിൽ മാടൻസ്വാമിയെ വച്ചാരാധിക്കുന്നുണ്ടെന്നു പറഞ്ഞെങ്കിലും ഈ അനുഷ്ഠാനം അവർക്കപരിചിതമാണ്. ആലപ്പാട്ടരയരുടെ ചില ചടങ്ങുകളിൽ തമിഴ്സ്വാധീനം പ്രകടമാണെന്നു പറയുന്ന ആവേദകൻ (പാഠം - 103) അവരുടെ തമിഴ്നാടുമായുള്ള ബന്ധത്തെ അംഗീകരിക്കുകയാണ് ചെയ്യുന്നത്. തെണ്ടുപുഴുങ്ങൽ തൊഴിൽ സമൃദ്ധിക്കായി നടത്തിയിരുന്ന പൂജയാവാം എന്നദ്ദേഹം ഊഹിക്കുന്നു. ഇതിനു സമാനമായ അഭിപ്രായം തന്നെയാണ് ഒരു ആവേദകയും (പാഠം - 104) പ്രകടമാക്കിയത്.

### 4.5.11. പരിശംവയ്പ്പ്

ആലപ്പാട്ടരന്മാരും ചെങ്ങന്നൂർ ക്ഷേത്രവുമായുള്ള ബന്ധം വെളിവാക്കുന്ന ഐതിഹ്യത്തെ മുൻനിർത്തി നടത്തുന്ന അനുഷ്ഠാനമാണ് പരിശംവയ്പ്പ്.

കുംഭമാസത്തിലെ ശിവരാത്രിനാളിലാണ് പരിശംവയ്പ്പ് നടക്കുന്നത്. ആയിരത്തിയെണ്ണൂറ് വർഷത്തിലേറെയായി നടക്കുന്ന ഈ അനുഷ്ഠാനം ചെങ്ങന്നൂർ ദേവിയുടയവരായ ആലപ്പാട്ടരയരുടെ അവകാശത്തെ സ്ഥാപിച്ചുറപ്പിക്കുകയാണ് ചെയ്യുന്നത്. ഓരോ വർഷവും പ്രദേശത്തെ ഏതെങ്കിലും ഒരു കരയോഗത്തിന്റെ നേതൃത്വത്തിലാണ് ചടങ്ങ് സംഘടിപ്പിക്കുക. ആലപ്പാടിന്റെ വടക്കേയറ്റമായ അഴീക്കൽനിന്ന് പുലർച്ചെ ആറുമണിയോടെ പരിശംവയ്പ്പ് ഘോഷയാത്ര ആരംഭിക്കും. ഒരു തുറന്ന വാഹനത്തിൽ ശിവന്റെയും പാർവ്വതിയുടെയും ചിത്രങ്ങൾവച്ച് അലങ്കരിക്കുകയും പൂജിക്കുകയും ചെയ്യും. അതിനു മുൻപിൽ ഭക്തർക്ക് പൊലിവിനായി

ഒരു ഉരുളിയും വച്ചിരിക്കും. ഈ വാഹനത്തിനു പിന്നിലായി ഭക്തജനങ്ങളെയുംകൊണ്ട് മറ്റു വാഹനങ്ങൾ ഉണ്ടാവും. ഇങ്ങനെ പുറപ്പെടുന്ന ഘോഷയാത്ര ഓരോ ക്ഷേത്രങ്ങളും സന്ദർശിക്കുകയും അവിടെനിന്ന് പൂജയും പൊലിവും സ്വീകരിക്കുകയും ചെയ്യും. ഈ ഘോഷയാത്ര കടന്നുപോന്ന സ്ഥലങ്ങളിലെ ക്ഷേത്രങ്ങളിൽ ഇങ്ങനെ സ്വീകരണമുണ്ടാവും. സന്ധ്യാസമയത്താണ് ഈ യാത്ര ചെങ്ങന്നൂർ ക്ഷേത്രത്തിലെത്തുക. അവിടെ ക്ഷേത്രഭരണസമിതി ഈ ഘോഷയാത്രയെ സ്വീകരിക്കുന്നു. അവിടെത്തുമ്പോഴെയ്ക്കും പൊലിവിനായി വച്ചിരുന്ന ഉരുളി നിറഞ്ഞിട്ടുണ്ടാവും. ഈ പണമാണ് പരിശപ്പണമായി ഉപയോഗിക്കുന്നത്. ക്ഷേത്രത്തിലെ എല്ലാ പൂജകൾക്കും ശേഷം അർദ്ധരാത്രിസമയത്താണ് പരിശംവയ്ക്കുന്നത്. അതിനായി ദേവനെയും ദേവിയെയും ആനപ്പുറത്ത് എഴുന്നള്ളിച്ച് വാദ്യമേളങ്ങളോടെ ക്ഷേത്രപ്രദക്ഷിണം ചെയ്യും. തുടർന്ന് കിഴക്കേനടയിൽ (ശിവന്റെ നട) തെക്കോട്ട് ദർശനമായി നിന്നാണ് പരിശംവയ്പ്പ് സ്വീകരിക്കുന്നത്. പരിശംവയ്ക്കാൻ നിയുക്തനായ വ്യക്തി നിലവിളക്കു കൊളുത്തിവച്ച്, പായയിൽ തൂശനിലയിട്ട് പരിശം വയ്ക്കുന്നു. തുടർന്ന് പടിഞ്ഞാറേനടയിൽ നിന്ന് വെള്ളിക്കുടം കൊണ്ടു വന്ന് ഈ പരിശം നിറക്കുകയും ഇതുമായി പ്രദക്ഷിണം ചെയ്ത് ദേവിയുടെ നടയിൽ ഈ കുടം സമർപ്പിക്കുകയും വേണം. തുടർന്ന് അവിടെ പൂജ നടക്കുകയും ഭക്തർക്ക് നിവേദ്യം നൽകുകയും ചെയ്യും. പിന്നീട് ചടങ്ങുനിർവ്വഹിച്ച വ്യക്തിയും ക്ഷേത്രഭരണസമിതിയംഗവും ചേർന്ന് ഈ പണം എണ്ണിത്തിട്ടപ്പെടുത്തി അത് റിക്കാർഡുബുക്കിൽ രേഖപ്പെടുത്തുകയും ചടങ്ങിന് നേതൃത്വം നൽകിയ കരയോഗത്തിന്റെ പ്രതിനിധിയും ദേവസ്വം ബോർഡിലെ ഒരു ഉദ്യോഗസ്ഥനും അതിൽ ഒപ്പുവയ്ക്കുകയും ചെയ്യും. തുടർന്ന് ക്ഷേത്രഭരണസമിതിയ്ക്ക് പരിശപ്പണം കൈമാറി ആലപ്പാട്ടരയർ മടങ്ങുന്നു (പാഠം - 105 - 108).

പരമ്പരാഗതമായി അനുഷ്ഠിച്ചുപോന്ന പരിശംവയ്പ്പിൽ കാലികമായ മാറ്റങ്ങൾ ഉണ്ടാകുന്നതായി ആവേദകമൊഴികളിൽ നിന്ന് മനസ്സിലാക്കാം. മുൻകാലങ്ങളിൽ സമുദായത്തിലെ പ്രധാനികളോ കരയോഗം പ്രതിനിധികളോ ആണിത് നിർവ്വഹിച്ചിരുന്നത്. എന്നാൽ ഗതാഗതസൗകര്യങ്ങളിലും സാമ്പത്തികസ്ഥിതിയിലും ഉണ്ടായ പുരോഗതി ഏറെ പ്രകടനപരമായ തലത്തിലേയ്ക്ക് ഈ അനുഷ്ഠാനത്തെ മാറ്റുന്നതിനിടയാ

ക്കിയെന്ന് കാണാം. ചെങ്ങന്നൂർക്ഷേത്രത്തിൽ ആലപ്പാട്ടരയർക്കുള്ള അവകാശത്തെ ദൃഢമാക്കുക എന്നതാണ് ഈ അനുഷ്ഠാനത്തിനു പിന്നിലെ രാഷ്ട്രീയം. ആലപ്പാട്ടരയരുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്ന ഐതിഹ്യത്തിന്റെ പിൻബലത്തിലാണ് ഈ അനുഷ്ഠാനം നടക്കുന്നത്. ഇതിൽ ആലപ്പാട്ടരയർ മാത്രമല്ല, സമീപമുള്ള എല്ലാ ജനവിഭാഗങ്ങളും പങ്കാളികളാകുന്നുണ്ട്. ചെങ്ങന്നൂരേക്ക് പോകുന്ന ഘോഷയാത്രയ്ക്ക് വിവിധ ക്ഷേത്രങ്ങളിൽ നൽകുന്ന സ്വീകരണങ്ങൾ അതിനു തെളിവാണ്. ആലപ്പാട്ടരയർ എന്ന കൂട്ടായ്മയെ സമൂഹത്തിൽ സ്ഥാനപ്പെടുത്തുന്നതിൽ ഈ അനുഷ്ഠാനം നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്.

തണ്ടാൻസമുദായത്തിൽപ്പെട്ട ആവേദകയും (പാഠം - 108) സമീപദേശ വാസിയായ അരയനും (പാഠം - 107) പരിശംവയ്പ്പിനെക്കുറിച്ച് പറയുകയുണ്ടായി. ഐതിഹ്യവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ചടങ്ങ് എന്ന നിലയ്ക്കാണ് അവരും ഇതിനെ നോക്കിക്കാണുന്നത്. യുവഡോക്ടറായ ആവേദകൻ ഈ അനുഷ്ഠാനത്തെ ക്കുറിച്ച് മനസ്സിലാക്കിയത് നോട്ടീസിലൂടെയാണെന്നു പറയുന്നുണ്ട്. ഈ രീതിയിലും സമീപദേശങ്ങളിൽ ആലപ്പാട്ടരയരുടെ ഐതിഹ്യവും അനുഷ്ഠാനവും പ്രചരിക്കുന്നുണ്ടെന്നു കാണാം. ഇത്തരത്തിലുള്ള ശ്രമങ്ങളിലൂടെ ആലപ്പാട്ടരയർ എന്ന കൂട്ടായ്മയെ പൊതുസമൂഹത്തിൽ സ്ഥാനപ്പെടുത്തുകയാണ് ചെയ്യുന്നത്.

### 4.6. വിശ്വാസങ്ങളും വിലക്കുകളും

ആലപ്പാട്ടരയർക്കിടയിൽ നിലനിന്നിരുന്ന വിശ്വാസങ്ങളും വിലക്കുകളുമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ദൈവത്തിൽ അടിയുറച്ചു വിശ്വസിച്ചിരുന്നവരാണ് അവർ. ഈ പ്രദേശത്തെ ക്ഷേത്രങ്ങളുടെ ആധിക്യം അതാണ് സൂചിപ്പിക്കുന്നത്. തൊഴിലിൽ നിലനിൽക്കുന്ന അനിശ്ചിതാവസ്ഥയാണ് അവരെ ഈശ്വരനിലേക്ക് കൂടുതൽ അടുപ്പിക്കുന്നത്. തിരിച്ചുവരാൻ കഴിയുമെന്ന യാതൊരുറപ്പുമില്ലാതെ ആർത്തലയ്ക്കുന്ന കടലിനോട് മല്ലടിച്ച് മീൻപിടിച്ചു ജീവിക്കുന്ന അവർ വരുമാനത്തിന്റെ ഒരു പങ്ക് ദൈവങ്ങൾക്കായി മാറ്റിവയ്ക്കുന്നു.

കടലമ്മയിലുള്ള വിശ്വാസം പരമ്പരാഗതമായി ആലപ്പാട്ടരയർ

മുറുകെപ്പിടിക്കുന്നു. ആഹാരം നൽകി പരിപാലിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന പോറ്റമ്മയാണ് അവർക്ക് കടൽ. വിശുദ്ധിയുടെ പ്രതീകമായും കടലിനെ അവർ കാണുന്നു. ഗൃഹത്തിൽ നടക്കുന്ന പല കർമ്മങ്ങൾക്കും കടൽവെള്ളം ഉപയോഗിക്കാറുണ്ട്. അത് തളിച്ചാൽ വീട്ടിലും പരിസരങ്ങളിലുമുള്ള ഏത് അശുദ്ധിയും മാറിക്കിട്ടും എന്നു വിശ്വസിക്കുന്നു. മരണം, തിരണ്ടുകുളി എന്നിവ നിമിത്തം ഉണ്ടാകുന്ന അശുദ്ധി മാറ്റാൻ കടൽവെള്ളത്തിനു കഴിയുമെന്ന് അവർ വിശ്വസിക്കുന്നു. ഇങ്ങനെ കടലിനെ വിശുദ്ധിയുടെ പ്രതീകമായി കണക്കാക്കുന്നതിനാൽ, തീണ്ടാരിയായി സ്ത്രീ കടലിലിറങ്ങാൻ പാടില്ല. മലയാളമാസം ഒന്നാംതീയതി, അമ്പലങ്ങളിൽ ഉത്സവത്തിന് കൊടിയേറുന്ന ദിവസം, ഉത്സവം സമാപിക്കുന്ന ദിവസം, ഓണം, കർക്കിടകവാവ് എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ അവർ കടലിൽ ജോലിയ്ക്കു പോകാറില്ല. പിതൃക്കൾക്ക് ബലിതർപ്പണം നടത്തുന്ന ദിവസം 'ചാകുവയ്ക്കുക' എന്നൊരു ചടങ്ങുണ്ട്. അന്ന് വീട്ടിലുണ്ടാക്കുന്ന പലഹാരങ്ങൾ തൂശനിലയിൽ പൂജാസ്ഥാനത്ത് വയ്ക്കുന്നു. ഒപ്പം ദാഹജലവും കാണും. ഇത് പിതൃക്കൾ സ്വീകരിക്കുമെന്നാണ് വിശ്വാസം. അതുപോലെ ഓണം, വിഷു തുടങ്ങിയുള്ള വിശേഷദിവസങ്ങളിൽ ആഹാരത്തിലൊരുപങ്ക് വാഴയിലയിലാക്കി പിതൃക്കളെ സങ്കല്പിച്ച്, വീടിന്റെ തെക്കുകിഴക്കു ഭാഗത്തായി വയ്ക്കുന്നു. അതു കഴിക്കുന്ന കാക്കകൾ പിതൃക്കളുടെ ആത്മാക്കളെ പേറുന്നവരാണെന്ന് അവർ വിശ്വസിക്കുന്നു. മലയാളമാസാരംഭം, പിറന്നാൾ എന്നീ ദിനങ്ങളിൽ ദൈവങ്ങൾക്ക് പൊങ്കാലയർപ്പിക്കുന്നു. വീട്ടുമുറ്റത്തോ, ക്ഷേത്രത്തിലോവച്ച് ഈ ചടങ്ങ് ചെയ്യാറുണ്ട്. അത് ദൈവത്തിനും പിതൃക്കൾക്കും സമർപ്പിച്ചതിനുശേഷം മാത്രമെ വീട്ടിലുള്ളവർ കഴിക്കാനും അയൽക്കാർക്ക് നൽകാനും പാടുള്ളൂ. കർക്കിടകവാവിന്റെ തലേദിവസം 'ദാഹംവയ്പ്പ്' എന്നൊരു ചടങ്ങുണ്ട്. തെങ്ങിൽനിന്ന് ഓലവെട്ടിയെടുത്ത് അതിന്റെ മടൽ ഉപയോഗിച്ചാണ് ദാഹംവയ്ക്കുക. കുറച്ച് നീളത്തിൽ മുറിച്ചെടുക്കുന്ന മടലിന്റെ ഒരുഭാഗം മണ്ണിൽ ഉറപ്പിച്ചുനിർത്തും. അതിന്റെ മുകളറ്റം മൂന്നായി മുറിക്കുകയും അവിടെ മുഖംചെത്തിയ ഒരു കരിയ്ക്ക് കൊള്ളിച്ചുവയ്ക്കുകയും ചെയ്യും. ഇത് പിതൃക്കളുടെ ദാഹം മാറ്റുമെന്ന് ആലപ്പാട്ടരയർ വിശ്വസിക്കുന്നു.

കാക്കയോട് ബന്ധപ്പെട്ട് മറ്റുചില വിശ്വാസങ്ങളും നിലനിൽക്കുന്നുണ്ട്. പതിവില്ലാതെ, വീട്ടുപരിസരത്തിരുന്ന് കാക്ക നിർത്താതെ കരഞ്ഞാൽ അത്

അപകടസൂചനയായി അവർ കരുതുന്നു. എന്നാൽ അക്കരക്കാക്ക (കരിങ്കാക്ക) തുടർച്ചയായി കുറുകിയാൽ, അത് അതിഥികൾ വരുന്നതിന്റെ മുന്നറിയിപ്പായി കണക്കാക്കാം. രാത്രികാലങ്ങളിലെ പട്ടിയുടെ ഓരിയിടൽ മരണത്തിന്റെ സൂചനയാണ്. കുടുംബത്തിന്റെ നന്മക്കായി, അരയർ ദൈവങ്ങൾക്ക് പലതരം നേർച്ചകൾ നേരുകയും പൂജകൾ നടത്തുകയും വ്രതം നോൽക്കുകയും ചെയ്യുന്നു. രാവിലെയും വൈകുന്നേരവും വീടും പരിസരവും തൂത്തു വൃത്തിയാക്കി നിലവിളക്കുകൊളുത്തി പ്രാർത്ഥിക്കുന്നു. മുൻകാലങ്ങളിൽ ഗൃഹനാഥ, വീട്ടിലുപയോഗിക്കുന്ന പിത്തളപ്പാത്രങ്ങളും പൂജാപാത്രങ്ങളും മറ്റും തേച്ചുമിനുക്കി വരാന്തയിൽ നിരത്തിവയ്ക്കുന്ന പതിവുണ്ടായിരുന്നു.

പലതരം വിലക്കുകളും ഈ കൂട്ടായ്മയ്ക്കിടയിൽ നിലനിന്നിരുന്നു. ചവിട്ടുപടിയിൽ ഇരിക്കരുത്. സന്ധ്യയായാൽ തലമുടി അഴിച്ചിടുകയോ ചീകുകയോ ചെയ്യരുത്. ഒരു സ്ത്രീ ഗർഭിണിയായാൽ പ്രസവിച്ച് അൻപത്തൊന്നു ദിവസം കഴിയാതെ മുടി മുറിക്കാൻ പാടില്ല. ഗർഭം അഞ്ചുമാസമായാൽ പിന്നെ അമ്പലത്തിൽ പ്രവേശിക്കരുത്. ഗർഭിണി കാവിന്റെയോ അമ്പലത്തിന്റെയോ പരിസരത്തുകൂടെ സഞ്ചരിക്കരുത്. അവൾ സന്ധ്യകഴിഞ്ഞാൽ വീടിന് പുറത്തിറങ്ങാൻ പാടില്ല. ചൊവ്വ, വെള്ളി ദിവസങ്ങളിൽ പണമോ മറ്റു ദ്രവ്യങ്ങളോ കടംകൊടുക്കാൻ പാടില്ല. ഈ ദിനങ്ങളിൽ ബന്ധുഗൃഹങ്ങളിൽ പോയി രാത്രി തങ്ങരുത്. പ്രത്യേകിച്ച് വിവാഹിതരായ സ്ത്രീകൾ പിതൃഗൃഹത്തിൽ വന്ന് താമസിക്കുന്നത് വിലക്കിയിരുന്നു. അത് കുടുംബത്തിന്റെ ഐശ്വര്യത്തെക്കെടുത്തും എന്ന് വിശ്വസിച്ചിരുന്നു. സന്ധ്യ കഴിഞ്ഞാൽ പാലോ തൈരോ വീട്ടിന് പുറത്തേക്ക് കൊടുക്കാൻ പാടില്ല. അത് അത്രയ്ക്ക് അനിവാര്യമായി വന്നാൽ പകരം ഉപ്പു കൊടുത്തിട്ട് വാങ്ങാം (പാഠം - 109 - 112).

അരയക്കൂട്ടായ്മക്കിടയിൽ നിലനിന്നിരുന്ന വിശ്വാസങ്ങളും വിലക്കുകളുമാണ് മുകളിൽ വിവരിച്ചത്. ദൈവഭയം, ശുചിത്വബോധം, ഐശ്വര്യചിന്ത, ശുദ്ധിവിചാരം, തൊഴിലിലെ അനിശ്ചിതത്വം എന്നീ ഘടകങ്ങൾ ഇവയുടെ അന്തർധാരയായി വർത്തിക്കുന്നുണ്ട്. സമുദായ ഭദ്രതയെ പ്രബലപ്പെടുത്തുന്ന ഇത്തരം വിശ്വാസങ്ങളും വിലക്കുകളും പലപ്പോഴും യുക്തിബോധത്തിനതീതമായി നിലനിൽക്കുന്നവയാണെന്നു കാണാം. ആലപ്പാട്ടരയർ പങ്കുവെച്ച വിശ്വാസങ്ങളിൽ പലതും ഈഴവസമുദായ

ത്തിലുൾപ്പെട്ട ആവേദകയും (പാഠം - 111) സമീപദേശവാസിയായ അരയനും (പാഠം - 112) പറയുന്നുണ്ട്. അതിനാൽ ഈ വിശ്വാസങ്ങളും വിലക്കുകളും ആലപ്പാട്ടരയർക്കിടയിൽ മാത്രമാണ് പ്രചരിച്ചിരുന്നതെന്ന് കരുതുക സാധ്യമല്ല. പ്രകൃതിയുടെ കനിവിൽ മാത്രം സാധ്യമാകുന്ന, അപകടസാധ്യതയേറെയുള്ള തൊഴിലായതിനാൽ അവർക്ക് ഈശ്വരവിശ്വാസം ഏറെയാണ്. കടലിനെ മാതൃഭാവത്തിൽ ദർശിക്കുന്നതോടൊപ്പം പ്രകൃതിശക്തിയായതിനാൽ അതിൽ ദൈവീകത്വവും കല്പിക്കുന്നുണ്ട്. അതുകൊണ്ടാണ് അവരുടെ ശുദ്ധാശുദ്ധ സങ്കല്പങ്ങളിൽ കടലിന് നിർണ്ണായക സ്ഥാനമുള്ളത്. കടൽവെള്ളം തളിച്ചാൽ ഏതശുദ്ധിയും മാറുമെന്നും ആർത്തവകാലത്ത് സ്ത്രീകൾ കടലിലിറങ്ങരുതെന്നും അവർ പറയുന്നത് അതുകൊണ്ടാണ്.

വിലക്കുകൾ പലതും രൂപംകൊള്ളുന്നത് ചില സാമൂഹികഘടകങ്ങളുടെ സ്വാധീനത്താലാണ്. ചവിട്ടുപടിയിലും കട്ടിളപ്പടിയിലും ഇരിക്കരുതെന്നു പറയുന്നതിന്റെ അർത്ഥം അവയുടെ ഉപയോഗം അതല്ല എന്നതാണ്. അവിടെ ഇരിക്കുന്നത് അത് മറ്റുള്ളവരുടെ സഞ്ചാരസ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നു. സന്ധ്യകഴിഞ്ഞാൽ നഖം വെട്ടരുത്, മുടി ചീകരുത് എന്നിങ്ങനെ പറയുന്നതിന്റെ യുക്തി അത് വീട്ടിന് പുറത്ത് പകൽവെളിച്ചത്തിൽ ചെയ്യേണ്ട പ്രവർത്തിയാണ് എന്നതാവാം. മുൻകാലങ്ങളിൽ ഒറ്റമുറിയുള്ള കുടിലുകളിൽ വസിച്ചിരുന്നതിനാൽ അതിനുള്ളിൽവെച്ച് ചെയ്യുന്നതിന് അസൗകര്യം നേരിട്ടിരിക്കാം. അതുകൊണ്ടുതന്നെ അത് വീട്ടിനു വെളിയിൽ വച്ച് പകൽവെളിച്ചത്തിൽ ചെയ്തിരിക്കാം. അതുപോലെ ഗർഭിണികളെ രാത്രി പുറത്തിറക്കാത്തിനു കാരണം അവരെ അപ്രതീക്ഷിതമായി എന്തെങ്കിലും നിഴലുകളോ ശബ്ദങ്ങളോ ഭയപ്പെടുത്തിയാൽ അത് കുഞ്ഞിനെ ദോഷകരമായി ബാധിക്കും എന്നതാണ്. ഇത്തരത്തിൽ നോക്കിയാൽ മിക്ക വിലക്കുകൾക്കു പിന്നിലും ഒരു യുക്തിയുടെ പ്രായോഗികതലം കണ്ടെത്താവുന്നതാണ്. സമകാലിക സന്ദർഭങ്ങളിൽ അതിനു പ്രസക്തിയില്ലെങ്കിലും അവ രൂപപ്പെട്ട സാഹചര്യത്തിന് തികച്ചും അനുയോജ്യമാണെന്നു കാണാം.

### 4.7. തൊഴിൽ – പാരമ്പര്യവും പരിണാമവും

പാരമ്പര്യത്തൊഴിലായ മത്സ്യബന്ധനവും അനുബന്ധവസ്തുതകളുമാണ് ഇവിടെ ചർച്ചചെയ്യുന്നത്. മത്സ്യബന്ധന രീതികൾ, അവയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ, കടലറിവുകൾ എന്നിവയെ സംബന്ധിച്ച വാമൊഴി പാഠവിശകലനമാണിവിടെ നടത്തുന്നത്.

#### 4.7.1 മത്സ്യബന്ധന രീതികളും അനുബന്ധ വസ്തുതകളും

പരമ്പരാഗത മത്സ്യബന്ധന രീതികളെക്കുറിച്ചുള്ള കേട്ടറിവും സ്വാനുഭവവും ആവേദകർ പങ്കുവയ്ക്കുകയുണ്ടായി. മുൻകാലങ്ങളിൽ മീൻ പിടിക്കാൻ ഉപയോഗിച്ച ഉപകരണങ്ങൾ, അവയ്ക്കു വന്നിട്ടുള്ള മാറ്റങ്ങൾ, യന്ത്രവൽകൃത ബോട്ടുകളുടെ കടന്നുവരവ്, വള്ളങ്ങളിലും ബോട്ടുകളിലും ഉപയോഗിക്കുന്ന അനുബന്ധോപകരണങ്ങൾ, തൊഴലിൽ ലാഭം പങ്കിടുന്ന രീതി എന്നിങ്ങനെ ധാരാളം അറിവുകൾ ആവേദകർ നൽകുന്നുണ്ട് (പാഠം – 113 – 119). അവയിലെ വസ്തുതകളെ വിശകലനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്.

മീൻ പിടിക്കാൻ ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ, അതിൽ വന്നിട്ടുള്ള പരിവർത്തനങ്ങൾ, അനുബന്ധപ്രവർത്തനങ്ങൾ, ഈ തൊഴിൽമേഖലയിൽ ഉപയോഗിച്ചിരുന്ന സാങ്കേതിക പദങ്ങൾ തുടങ്ങിയ ധാരാളം കാര്യങ്ങൾ ആവേദകമൊഴികളിൽ നിന്ന് ലഭിക്കുന്നു. വാണിജ്യാടിസ്ഥാനത്തിൽ മത്സ്യബന്ധനം ആരംഭിച്ചിട്ട് വളരെ കുറച്ചു കാലങ്ങളെ ആയിട്ടുള്ളൂ. അതിനുമുമ്പ് ആഹാരത്തിനായി തീരത്തുവരുന്ന മീനിനെ കോരിപ്പിടിക്കുകയോ ഏതെങ്കിലും കുരുക്കിട്ടു പിടിക്കുകയോ ആണ് ചെയ്തിരുന്നത്. ഈ പ്രദേശത്ത് കടലിൽപ്പോയി മീൻപിടിക്കാനായി ആദ്യം ഉപയോഗിച്ച ഉപകരണം പാറും വലയുമാണ്. പതിനെട്ട് – പത്തൊമ്പതു നൂറ്റാണ്ടുകളിലാണ് ഇത് പ്രചാരത്തിലിരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽത്തന്നെ പാറിന്റെ പ്രവർത്തനം നിലയ്ക്കുകയും തൽസ്ഥാനത്ത് വള്ളങ്ങൾ പ്രചാരത്തിലാവുകയും ചെയ്തു. ആവേദകർക്ക് പാറിനെക്കുറിച്ചുള്ള കേട്ടറിവു മാത്രമേയുള്ളൂ. പാറിന്റെനിർമ്മാണത്തെക്കുറിച്ചും അതിന്റെ പ്രവർത്തനരീതിയെക്കുറിച്ചും മനസ്സിലാക്കാൻ ഡോ. വി.

വി. വേലുക്കുട്ടി അരയൻ എഴുതിയിട്ടുള്ള 'തിരുവിതാംകൂറിലെ പാറുപെയ്ത്ത്'[10] എന്ന ലേഖനം സഹായകമാണ്.

'തിരുവിതാംകൂറിലെ പാറുപെയ്ത്ത്' എന്നാണ് ലേഖനത്തിന് പേരുനൽകിയിരുന്നതെങ്കിലും കരുനാഗപ്പള്ളി തീരദേശത്തല്ലാതെ മറ്റു തീരപ്രദേശങ്ങളിൽ ഒന്നും തന്നെ പാറുപെയ്ത്തു നടത്തിയിരുന്നതായി ലേഖകന് അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതിനാൽ ഈ പ്രദേശത്തുമാത്രമാണ് ഇത്തരത്തിലൊരു മീൻപിടുത്ത രീതി നിലനിന്നിരുന്നതെന്ന നിഗമനത്തിലാണ് ലേഖകൻ എത്തിച്ചേരുന്നത്.

പാറിൽ നിന്ന് പലതരം വള്ളങ്ങളിലേയ്ക്കും ബോട്ടുകളിലേയ്ക്കുമുള്ള പരിണാമം ആവേദകമൊഴികളിൽ നൽകുന്നുണ്ട്. വള്ളങ്ങളുടെ നിർമ്മാണത്തോടെ പാറിന്റെ പ്രസക്തി നഷ്ടപ്പെട്ടു. ചെറുതും വലുതുമായ പലതരം വള്ളങ്ങൾ രൂപപ്പെട്ടു. വള്ളത്തിന്റെ വലിപ്പത്തിന് അനുസൃതമായി അവയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ എണ്ണത്തിലും വ്യത്യാസം ഉണ്ടാവും. ആറ്, പതിനൊന്ന്, പതിമൂന്ന് എന്നിങ്ങനെ തുടങ്ങി നാൽപ്പതാളുകൾ വരെ പണിക്കുപോകുന്ന വള്ളങ്ങളുണ്ട്. ചാളത്തടി (ചിത്രം 12), ഡിങ്കിവള്ളം, ഫൈബർ വള്ളം, താങ്ങുവള്ളം (ചിത്രം 13) എന്നിങ്ങനെ വ്യത്യസ്ത പേരുകളിലാണ് അവ അറിയപ്പെടുന്നത്. വള്ളം തുഴയാൻ ഉപയോഗിച്ചിരുന്ന തണ്ട്, പങ്കായം എന്നിവയുടെ വ്യത്യാസങ്ങൾ, പ്രവർത്തനരീതികൾ എന്നിവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ വാമൊഴിപാഠങ്ങൾ (പാഠം - 113, 114, 115) നൽകുന്നുണ്ട്. വള്ളങ്ങൾ കൂടാതെ പരമ്പരാഗത മേഖലയിലുണ്ടായിരുന്ന ഒരു തൊഴിലുപകരണമാണ് കമ്പാവല. നൂറോളം ആളുകൾ വരെ പണിചെയ്തിരുന്ന ഈ ഉപകരണം ഇന്ന് ആലപ്പാട് പ്രദേശത്ത് ഉപയോഗത്തിലില്ല. സുനാമിയ്ക്ക് മുമ്പുവരെയും പരിമിതമായി കമ്പാവല നിലനിന്നിരുന്നു. പിന്നീട് അതിന്റെ ഉപയോഗം പാടെ നിലയ്ക്കുകയാണുണ്ടായത്. കടൽഭിത്തിയാണ് കമ്പാവലയുടെ പ്രവർത്തനത്തിന് തടസ്സമായതെന്നും അത് നല്ലൊരു വരുമാനമാർഗ്ഗമായിരുന്നുവെന്നും ആവേദകർക്കിടയിൽ (പാഠം - 113) അഭിപ്രായമുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിൽ ഈ മേഖലയിലെ ആധുനികീകരണം ലക്ഷ്യം വച്ചുകൊണ്ട് നടപ്പാക്കിയ യന്ത്രവൽക്കരണപ്രക്രിയ മത്സ്യബന്ധകരുടെ ജീവി

തത്തെ നിർണ്ണായകമായി സ്വാധീനിച്ചു. ഐക്യരാഷ്ട്രസംഘടനയും നോർവേ ഗവൺമെന്റും ഇന്ത്യാഗവൺമെന്റും പങ്കുചേർന്ന 1953 ലെ ത്രികക്ഷി ഉടമ്പടി പ്രകാരം നിലവിൽവന്ന ഇന്ത്യോ നോർവ്വീജിയൻ പ്രോജക്റ്റാണ് (ഐ.എൻ.പി.) കേരളതീരത്ത് യന്ത്രവൽക്കരണം സാധ്യമാക്കിയത്. കേന്ദ്രസർക്കാരിന്റെയും നോർവ്വീജിയൻ ഫൗണ്ടേഷൻ പ്രതിനിധികളുടെയും മേൽനോട്ടത്തിൽ, തിരു – കൊച്ചി ഗവൺമെന്റ് നിയന്ത്രണം ഏറ്റെടുത്ത 1953 – 1963 കാലയളവിലെ ആദ്യഘട്ട പദ്ധതി കൊല്ലം ജില്ലയിലെ ശക്തികുളങ്ങര, നീണ്ടകര, പുത്തൻതുറ എന്നീ മൂന്നുഗ്രാമങ്ങളിലാണ് നടപ്പിലാക്കിയത്. നിലവിലെ മത്സ്യബന്ധനരീതി പരിഷ്കരിക്കുക, മത്സ്യത്തൊഴിലാളികളുടെ ഉത്പാദനക്ഷമതയും ജീവിതനിലവാരവും ഉയർത്തുക എന്നിവയായിരുന്നു അതിന്റെ ഉദ്ദേശങ്ങൾ, നാടൻ വള്ളങ്ങൾക്കുള്ള തടി, നൈലോൺവല, ഔട്ട്ബോർഡ് എഞ്ചിൻ, മത്സ്യസംസ്കരണത്തിനുള്ള സൗകര്യങ്ങൾ, മത്സ്യവിപണനത്തിനുള്ള സഹകരണസംഘങ്ങൾ തുടങ്ങിയവയെല്ലാം ഈ പ്രോജക്ടിന്റെ ഭാഗമായി നടപ്പാക്കുകയുണ്ടായി. എന്നാൽ ദേശീയ – അന്തർദേശീയ തലത്തിലുണ്ടായ ചലനങ്ങൾ ഈ പദ്ധതിയിൽ മാറ്റങ്ങൾ വരുത്താൻ ഐ.എൻ.പി. യെ പ്രേരിപ്പിച്ചു. കേരള സംസ്ഥാന രൂപീകരണവും തുടർന്നുവന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭയും അമേരിക്ക, ജപ്പാൻ തുടങ്ങിയ അന്താരാഷ്ട്ര വിപണികളിലെ ചെമ്മീന്റെ ആവശ്യകതയും ചെമ്മീൻ കയറ്റുമതിയിലൂടെ വിദേശനാണ്യം നേടാനുള്ള ഉത്സാഹവുമെല്ലാം ഈ മാറ്റത്തെ നിർണ്ണയിച്ച ഘടകങ്ങളാണ്. അങ്ങനെ നാടൻ വള്ളങ്ങൾക്ക് നൽകിയിരുന്ന സഹായങ്ങൾ നിർത്തിവച്ചുകൊണ്ട് കേരളത്തിലെ മത്സ്യസമ്പത്ത് പ്രത്യേകിച്ച് ചെമ്മീൻ വൻതോതിൽ പിടിച്ചെടുക്കുന്നതിനായി യന്ത്രവൽകൃത ട്രോളറുകൾക്ക് (ഫിഷിങ്ങ് ബോട്ട്) രൂപം നൽകി. മുപ്പത്തിരണ്ടടി വലിപ്പമുള്ള ബോട്ടുകൾ നിർമ്മിച്ച് ട്രോൾവല, പഴ്സീൻ വല എന്നിവ ഉപയോഗിച്ച് മീൻപിടിക്കുന്നതിന് തൊഴിലാളികൾക്ക് പരിശീലനം നൽകി പ്രവർത്തിപ്പിക്കുകയും അതിലൂടെ വൻതോതിൽ ചെമ്മീൻ കയറ്റുമതി ചെയ്യുകയും ചെയ്തു. 1963 ൽ ഐ.എൻ.പി. യുടെ പദ്ധതി കേരള ഗവൺമെന്റ് ഏറ്റെടുക്കുകയും മറ്റു പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു (മാത്യൂ, 2002 : 30 – 31).

യന്ത്രവൽക്കരണവും ബോട്ടിന്റെ ആദ്യകാല പ്രവർത്തനരീതികളും ആവേദക

മൊഴികളിൽ നിന്ന് മനസ്സിലാക്കാം. തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി ആറുപേർക്ക് ഒരു ബോട്ട് എന്ന രീതിയിൽ സഹകരണ സംഘങ്ങൾ വഴിയാണ് ബോട്ടുകൾ വിതരണം ചെയ്തത്. അതിന്റെ നടപടിക്രമങ്ങളും പലതരം ബോട്ടുകളെക്കുറിച്ചുള്ള വിവരങ്ങളും വാമൊഴിയിൽ (പാഠം – 115) നിന്നു ലഭിക്കുന്നു. പിന്നീട് ഇത് ലാഭകരമായ മേഖലയാണെന്ന തിരിച്ചറിവിൽ സ്വകാര്യവ്യക്തികൾ ബോട്ടുടമകളുമായി രംഗത്തുവരികയും ഗവൺമെന്റ് ഇതിൽനിന്ന് പിൻമാറുകയും ചെയ്തു. തൽഫലമായി ബോട്ടുടമകളും പണമിടപാടുകാരുമായ ഒരു മുതലാളിവർഗ്ഗം ഈ മേഖലയിൽ രൂപം കൊണ്ടു. യന്ത്രവൽക്കരണത്തെക്കുറിച്ച് രണ്ടുതരം പ്രതികരണങ്ങളാണ് ആവേദകരിൽ നിന്നും ലഭിച്ചത്. പരമ്പരാഗത മേഖലയിൽ പ്രവർത്തിച്ചിരുന്നവർക്ക് വലിയ നഷ്ടങ്ങളാണ് ഇതു നിമിത്തം ഉണ്ടായത്. നാടൻ വള്ളങ്ങളിലും കമ്പാവലകളിലും മീൻ ലഭ്യത കുറയുകയും അത് തൊഴിൽ സംഘർഷത്തിന് ഇടയാക്കുകയും ചെയ്തു. സമുദ്രാന്തർഭാഗത്തെ ചെളിക്കുള്ളിൽ മറഞ്ഞിരിക്കുന്ന മീനുകളെ വരെ കോരിയെടുക്കുന്നതിനു ശേഷിയുള്ള ബോട്ടുകളിലെ ട്രോൾവലകളും പഴ്സീൻ വലകളും വൻതോതിൽ മീൻ മുട്ടകളെയും ചെറുമീനുകളെയുമാണ് നശിപ്പിക്കുന്നത്. തൻനിമിത്തം തീരക്കടലിൽ മീൻലഭ്യത കുറയുകയും പരമ്പരാഗത തൊഴിൽ മേഖലയെ ദോഷകരമായി ബാധിക്കുകയും ചെയ്തു. ഇപ്പോൾ മൺസൂൺ കാലത്ത് നടപ്പാക്കുന്ന ട്രോളിങ്ങ് നിരോധനം മത്സ്യത്തിന്റെ പ്രജനനത്തിന് സഹായിക്കുകയും മൺസൂൺ കാലയളവിൽ തൊഴിലുമായി ബന്ധപ്പെട്ടുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് ഇടയാക്കുകയും ചെയ്തിട്ടുണ്ടെന്ന് ആവേദകർ പറയുന്നു. കുലത്തൊഴിലിൽ നിന്ന് മത്സ്യത്തൊഴിലാളി എന്ന പൊതു സംജ്ഞയിലേയ്ക്കുള്ള മാറ്റവും ജീവിതനിലവാരത്തിൽ വന്ന ഉയർച്ചയും കായികാധ്വാനത്തിൽ ഉണ്ടായ കുറവും യന്ത്രവൽക്കരണത്തിന്റെ നല്ല വശങ്ങളായി ട്രോളിങ്ങ് തൊഴിലാളിയെ ആവേദകൻ ചൂണ്ടിക്കാണിക്കുന്നുണ്ട് (പാഠം – 116).

പരമ്പരാഗത മേഖലയിൽ തൊഴിൽ ചെയ്യുന്നവർ, യന്ത്രവൽകൃത മേഖലയിലെ തൊഴിലാളികൾ, ബോട്ടുടമകളായ മുതലാളിമാർ എന്നീ മൂന്നു വിഭാഗങ്ങളിലായി ആലപ്പാട്ടെ മത്സ്യമേഖലയെ ഉൾക്കൊള്ളിക്കാം. കമ്പാവല, ചാളത്തടി, ഡിങ്കിവള്ളം എന്നി

വയാണ് പരമ്പരാഗത മേഖലയിലുള്ളത്. ഇതിൽ കമ്പാവല സുനാമിയോടുകൂടി ഇല്ലാതായി. ഫൈബർ വള്ളവും വലിയവള്ളവും (താങ്ങുവള്ളം) എൻജിൻ വച്ച് പ്രവർത്തിക്കുന്നവയാണ്. ബോട്ടുകൾ പല വലിപ്പത്തിലുള്ളവയുണ്ട്. ആദ്യകാല വല നിർമ്മാണ രീതി, മീൻ കേടാവാതെ സൂക്ഷിക്കാൻ ഉപയോഗിച്ചിരുന്ന സാങ്കേതിക വിദ്യ, അതിനോടു ബന്ധപ്പെട്ട ഉപകരണങ്ങൾ, മത്സ്യമേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം തുടങ്ങിയവയാണ് പാഠം – 117 ൽ പ്രതിപാദിക്കുന്നത്. വള്ളങ്ങളിലും ബോട്ടുകളിലും ഉപയോഗിക്കുന്ന ഉപകരണങ്ങൾ, കടലിന്റെ ആഴം അളക്കുന്ന രീതി, പലതരം മീനുകൾ, വലകൾ, ബോട്ടിലെ തൊഴിലാളികളെ സൂചിപ്പിക്കുന്ന സാങ്കേതിക പദങ്ങൾ, മത്സ്യബന്ധനോപകരണങ്ങളിൽ നിലനിൽക്കുന്ന വരുമാന വിതരണത്തിലെ രീതികൾ, യന്ത്രവൽകൃത ബോട്ടിലെ ജീവിതം, രാഷ്ട്രീയാതീതമായി ചിന്തിക്കുന്ന സംഘടനയുടെ അഭാവം എന്നിങ്ങനെ ഈ മേഖലയുമായി ബന്ധപ്പെട്ട ധാരാളം അറിവുകൾ ആവേദകമൊഴികൾ (പാഠം – 113, 116) പകർന്നു നൽകുന്നുണ്ട്. പന്മനസ്വദേശിയായ അരയനും (പാഠം – 118) മുസ്ലിംസമുദായത്തിലുൾപ്പെട്ട ആവേദകനും (പാഠം – 119) മത്സ്യബന്ധനവുമായി ബന്ധപ്പെട്ട അറിവുകൾ പങ്കുവയ്ക്കുകയുണ്ടായി. ഡ്രൈവറായ പാഠം – 118 ലെ ആവേദകൻ തനിക്കു ചിരപരിചിതമായ കുറെ വിവരങ്ങളാണ് നൽകുന്നത്. തൊഴിലിലുണ്ടായ പരിണാമങ്ങളെ കുറിച്ചുപറയുന്ന അദ്ദേഹം സ്വാനുഭവത്തിന്റെ പിൻബലത്തിൽ ധീരൻമാർക്ക് മാത്രം പ്രാപ്യമായ തൊഴിലായി മത്സ്യബന്ധനത്തെ വിലയിരുത്തുന്നു. ട്രോളിങ് നിരോധനകാലത്ത് യന്ത്രവൽകൃത വള്ളങ്ങൾ തൊഴിലിൽ ഏർപ്പെടുന്നുണ്ട് എന്ന വസ്തുതയെ അവഗണിച്ചുകൊണ്ട് തീരദേശമേഖലയിലെ പമ്പുകൾ പൂട്ടി മുദ്രപതിക്കുന്ന ഉദ്യോഗസ്ഥരുടെ നടപടിയെ പരിഹാസരൂപേണ അദ്ദേഹം വിമർശിക്കുകയും ചെയ്യുന്നു. മുസ്ലിംസമുദായത്തിൽപ്പെട്ട ആവേദകനും (പാഠം – 119) അനുഭവപരിസരത്തുനിന്നുകൊണ്ടാണ് മത്സ്യബന്ധനത്തെക്കുറിച്ച് പറയുന്നത്. മുൻകാലത്ത് മീൻകച്ചവടം ചെയ്തിട്ടുള്ള അദ്ദേഹം ആലപ്പാട്ടെ സ്ത്രീകൾ മീൻ വിൽക്കാൻ പോയിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

മീൻ ഭക്ഷ്യയോഗ്യമായ ഒന്നാണ് എന്ന തിരിച്ചറിവിൽ നിന്നാണ് മത്സ്യബന്ധന ചരിത്രത്തിന്റെ തുടക്കം. എന്നാൽ ഇന്ന് അന്താരാഷ്ട്ര കമ്പോളത്തിൽ വരെ മൂല്യ

മർഹിക്കുന്ന അവശ്യവസ്തുവായി അത് വളർച്ച കൈവരിച്ചിരിക്കുന്നു. ഇതു സാധ്യ മാക്കിത്തീർത്തത് ഈ രംഗത്തുണ്ടായിട്ടുള്ള സാങ്കേതികമികവാണ്. പരമ്പരാഗത മത്സ്യ ബന്ധനരീതിയിൽ നിന്നും സമകാലമത്സ്യബന്ധന മാർഗ്ഗങ്ങളിലേയ്ക്കുള്ള വളർച്ച യാണ് വാമൊഴി പാഠങ്ങൾ അടയാളപ്പെടുത്തുന്നത്. ഈ മേഖല ഇന്ന് പലതരം പ്രശ്ന ങ്ങളെ അഭിമുഖീകരിക്കുന്നുണ്ടെങ്കിലും ആലപ്പാട്ടരയരുടെ ജീവിതത്തിലെ നിർണ്ണായ കശക്തിയായി മത്സ്യബന്ധനം തുടർന്നു പോരുന്നു.

**4.7.2. കടലറിവുകൾ**

കടൽ, കാലാവസ്ഥ എന്നിവയുമായി ബന്ധപ്പെട്ട് ആലപ്പാട്ടരയർ തൊഴിലനുഭ വങ്ങളിലൂടെ നേടിയെടുത്ത അറിവുകളാണ് ഇവിടെ വിശദീകരിക്കുന്നത്.

കടലിലും ആകാശത്തും ഉണ്ടാകുന്ന വ്യതിയാനങ്ങളിൽ നിന്നും കാലാവസ്ഥാമാറ്റം മനസ്സിലാക്കാൻ അവർക്ക് കഴിയും. കടലിലെ നീരൊഴുക്ക്, തിരകളുടെ ആയ്പ്പ് (ഉയർന്നുപൊങ്ങുന്ന രീതി), മേഘത്തിന്റെ നിറവ്യത്യാസം, കാറ്റ് എന്നിവയിലൂടെ കാലാവസ്ഥാ വ്യതിയാനങ്ങളെ അവർ തിരിച്ചറിയുന്നു. കടലിന്റെ അടിത്തട്ടിലുണ്ടാകുന്ന ചെറിയ മാറ്റം പോലും മുകളിൽ വെള്ളത്തിൽ അനുഭവപ്പെടും. അത് ആകാശത്ത് മേഘങ്ങളിലും കാണാൻ കഴിയും. ശാന്തമായി കിടക്കുന്ന കടലിൽ ചെറുചലനങ്ങളുണ്ടാകുകയും കാർമേഘങ്ങൾക്കിടയിൽ വെള്ളിവര കാണുകയും ചെയ്താൽ അത് ചുഴലി വരുന്നതിന്റെ അപകടസൂചനയാണ്. അതു കണ്ടുകഴിഞ്ഞാൽ പണിനിർത്തി എത്രയും വേഗം കരയിലെത്താൻ അവർ ശ്രമിക്കും. ചില സന്ദർഭങ്ങളിൽ, കരയ്ക്കെത്തുന്നതിനു മുമ്പുതന്നെ ശക്തമായ കടൽക്ഷോഭത്താൽ അപകടം സംഭവിക്കാറുണ്ടെന്ന് ആവേദകർ പറയുന്നു. ഇടവം, മിഥുനം, കർക്കിടകം മാസങ്ങളിലാണ് ഇങ്ങനെ കടൽക്ഷോഭം ഉണ്ടാകുന്നത്.

കടൽ വെള്ളത്തിന്റെ ഒഴുക്കാണ് നീരൊഴുക്ക്. തെക്കുനിന്ന് വടക്കോട്ട് വെള്ളം ഒഴുകുന്നതിന് വാടനീരെന്നും തിരിച്ച് തെക്കോട്ടൊഴുകുന്നതിന് ചോഴനീരെന്നും പറയും. രണ്ടുതരം വെള്ളത്തെക്കുറിച്ച് അവർ പറയുന്നുണ്ട്. തെളിച്ചവെള്ളവും

കറവെള്ളവും (കലക്കവെള്ളം). തെളിച്ചവെള്ളത്തിൽ മീനുണ്ടെങ്കിൽ വ്യക്തമായി കാണാം. ചില സമയങ്ങളിൽ വെള്ളം ചുമപ്പ് നിറത്തിൽ കാണും. അതാണ് കറവെള്ളം. അത് നീരൊഴുക്കിനനുസരിച്ച് നീങ്ങിക്കൊണ്ടിരിക്കും. ഈ കറവെള്ളത്തിൽനിന്ന് സമൃദ്ധിയായി മീൻ ലഭിക്കാറുണ്ടെന്ന് ആവേദകർ പറയുന്നു.

തിരമാലകൾക്ക് പല പേരുകളുണ്ട്. തെക്കുനിന്നു വരുന്നത് തെക്കന്തിര. വടക്കുനിന്നും വരുന്നത് വടക്കന്തിര. പടിഞ്ഞാറുഭാഗത്തുനിന്നു വരുന്നതാണ് പുറങ്കടൽത്തിര. ചില സന്ദർഭങ്ങളിൽ തെക്കുഭാഗത്തുനിന്ന് കടൽ വളരെ ഉയരത്തിൽ പൊങ്ങി വരാറുണ്ട്. അതിന് തെമ്മാറെന്ന് ആവേദകർ വിളിക്കുന്നു. കാറ്റുകളും പലതരത്തിലുണ്ട്. കരയിൽനിന്ന് കടലിലേക്ക് വീശുന്നത് കരക്കാറ്റ്. തിരിച്ച് കരയിലേയ്ക്കടിക്കുന്നത് കൊണ്ടക്കാറ്റ്. വടക്കുനിന്നു വരുന്നത് കച്ചാൻകാറ്റ്. കുംഭമാസത്തിൽ ശക്തമായിത്തീരുന്ന കച്ചാൻകാറ്റാണ് കുമ്പകച്ചാൻ എന്നുപറയുന്നത്. തെക്കുകിഴക്കുനിന്നു വരുന്നതാണ് വാടക്കരക്കാറ്റ്. വടക്കുകിഴക്കുനിന്ന് വരുന്നത് ചോഴക്കരക്കാറ്റ്. തെക്കുനിന്ന് വരുന്നത് വാടക്കാറ്റ്. വടക്കുപടിഞ്ഞാറു നിന്നു വന്നാൽ അത് വാടക്കൊണ്ടൽ. ഇങ്ങനെ കാറ്റിന്റെ വകഭേദങ്ങളെ തിരിച്ചറിയുന്നതിലൂടെ കടലിന്റെ ചലനങ്ങളെ മനസ്സിലാക്കാനും അതിനു യോജിച്ചരീതിയിൽ തൊഴിലിൽ ഏർപ്പെടാനും ആവേദകർക്ക് കഴിയുന്നു.

പരമ്പരാഗതമായി കടലിന്റെ ആഴം മനസ്സിലാക്കാൻ അവർ ഉപയോഗിച്ചിരുന്ന അളവു സമ്പ്രദായമാണ് മാറ് കണക്ക്. നീളമുള്ള ചരടാണ് ഇതിനുപയോഗിച്ചിരുന്നത്. അതിന്റെ അറ്റത്ത് ഇരുമ്പുകട്ടിയോ ഈയക്കട്ടിയോ കെട്ടിയിരിക്കും. മീമ്പിടിക്കാനായി ഒരു നിശ്ചിതദൂരം എത്തിക്കഴിഞ്ഞാൽ, ഈ ചരട് കടലിലേയ്ക്കിട്ട് എത്രമാത്രം ആഴമുണ്ടെന്നു തിട്ടപ്പെടുത്തുന്നു. എന്നിട്ട് ഈ ചരട് കയ്യിലെടുത്ത് ഇരുകൈകളും വശങ്ങളിലേക്ക് നീട്ടിപ്പിടിച്ച് ഒരു കയ്യുടെ അഗ്രം മുതൽ മറുകയ്യുടെ അഗ്രംവരെ മാറ് ചേർത്ത് അളക്കുന്നു. ഈ നീളമാണ് ഒരു മാറ്. ഇതാവർത്തിച്ച് എത്രമാറ് ആഴത്തിലാണ് വള്ളമെത്തിയിരിക്കുന്നതെന്ന് തിട്ടപ്പെടുത്തുന്നു. ഈ ചരടിന് ടങ്കീസെന്ന് അവർ വിളിക്കുന്നു. ആറടിയാണ് ഒരു മാറ്. ഇരുപത്തിരണ്ട് അല്ലെങ്കിൽ ഇരുപത്തിനാല് മാറ്

ദൂരം എത്തിയാൽ കരമറയുമെന്ന് ആവേദകർ പറയുന്നു (പാഠം - 120 - 124).

മീൻപിടിത്തവുമായി ബന്ധപ്പെട്ട് ആവേദകർ നേടിയ കടലറിവുകളാണ് ഇവിടെ വിശദീകരിച്ചത്. മത്സ്യബന്ധനം സുകരമാക്കുന്നതിനും പ്രക്ഷുബ്ധമായ കാലാവസ്ഥ മുൻകൂട്ടി മനസ്സിലാക്കി കരയിലേയ്ക്കുവരുന്നതിനും ഇവ സഹായകമാകുന്നു. കാറ്റിന്റെയും തിരയുടെയും ചലനം ഗ്രഹിക്കുന്നതിലൂടെ കാലാവസ്ഥ വ്യതിയാനം തിരിച്ചറിയാനും നക്ഷത്രനിരീക്ഷണത്തിലൂടെ സമയം ഗണിക്കാനും അവർക്ക് കഴിഞ്ഞിരുന്നു. കടലിന്റെ ആഴം മനസ്സിലാക്കാനായി ഉപയോഗിക്കുന്ന സാങ്കേതികജ്ഞാനം പ്രാധാന്യമർഹിക്കുന്നു. അത് ആഴവും ദൂരവും തമ്മിലുള്ള ബന്ധത്തെ വ്യാഖ്യാനിക്കാനും പ്രയോജനപ്പെടുത്തുന്നു എന്നത് ശ്രദ്ധേയമാണ്. തിര, കാറ്റ്, നീരൊഴുക്ക് എന്നിവ ചലനത്തിനും സ്വഭാവത്തിനും അനുസൃതമായി വേർതിരിച്ച് മനസ്സിലാക്കുകയും പേരുകൾ നൽകുകയും ചെയ്യുന്നതിലൂടെ കാലാവസ്ഥാമാറ്റം വേർതിരിച്ചറിയുന്നതിനും തൊഴിൽ ആയാസരഹിതമാക്കുന്നതിനും കഴിഞ്ഞിരുന്നു. പരമ്പരാഗതമായി കൈമാറിവന്ന കടലറിവുകൾ പുതുതലമുറയ്ക്ക് അന്യമാകുന്നതിലുള്ള ആശങ്കയാണ് ചവറക്കാരനും മത്സ്യത്തൊഴിലാളിയുമായ ആവേദകൻ (പാഠം - 123) പങ്കുവയ്ക്കുന്നത്. വയർലെസ് പോലുള്ള ഉപകരണങ്ങളുടെ പ്രയോഗം തൊഴിൽ സുഗമമാക്കുന്നതായി അദ്ദേഹം പറയുന്നു. നമ്പൂതിരിസമുദായത്തിലുൾപ്പെട്ട ആവേദകന്റെ (പാഠം - 124) അഭിപ്രായത്തിൽ ഈ മത്സ്യബന്ധകർ കാലാവസ്ഥാപ്രവാചകരാണ്. ഇവരിൽ മുതിർന്ന തലമുറ ധാരാളം കടലറിവുകൾ പേറുന്നവരാണ്. അനുഭവസമ്പത്തിലൂടെ നേടിയെടുക്കുന്ന ഇത്തരം അറിവുകൾ ശേഖരിച്ചു സൂക്ഷിക്കാൻ കഴിഞ്ഞാൽ അതൊരു വലിയ നേട്ടമാവുമെന്ന് അദ്ദേഹം ഗണിക്കുന്നു.

പാരമ്പര്യത്തിലൂടെയും അനുഭവങ്ങളിലൂടെയും ആർജ്ജിച്ച ഇത്തരം അറിവുകൾ പുതുതലമുറയ്ക്ക് അന്യമായിക്കൊണ്ടിരിക്കുന്നു. യന്ത്രവൽകൃത ബോട്ടുകളിൽ ഉപയോഗിക്കുന്ന ജി.പി.എസ്., വയർലെസ് തുടങ്ങിയ സാങ്കേതിക വിദ്യകളും പ്രദേശത്തുനിന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത മത്സ്യബന്ധന രീതികളും യുവതലമുറ മറ്റു തൊഴിൽ മേഖലകൾ സ്വീകരിക്കുന്നതും ഇത്തരം കടലറിവുകളുടെ ശോഷ

ണത്തിന് ഇടയാക്കുന്നുണ്ട്.

പാരമ്പര്യസമൂഹം, സമൂഹഘടന, ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആചാരനുഷ്ഠാനങ്ങൾ, വിശ്വാസങ്ങളും വിലക്കുകളും തൊഴിൽ - പാരമ്പര്യവും പരിണാമവും കടലറിവുകൾ എന്നിങ്ങനെയുള്ള ഉപശീർഷകങ്ങളിലൂടെ പ്രസക്തമായ വാമൊഴി പാഠങ്ങളെ വിശകലന വിധേയമാക്കി. ആലപ്പാട്ടരയരുടെ ജീവിതവുമായി ബന്ധപ്പെട്ട് മറ്റ് പല മേഖലകളും അവശേഷിക്കുന്നുണ്ടെങ്കിലും അവരുടെ പാരമ്പര്യത്തെയും സംസ്കാരത്തെയും അടുത്തറിയുന്നതിന് മുകളിൽ പറഞ്ഞ ഘടകങ്ങൾ പര്യാപ്തമാണെന്നു കാണാം.

## കുറിപ്പുകൾ

1. 2011, 2012 വർഷങ്ങളിൽ പരിശംവച്ചതിന്റെ രേഖയ്ക്ക് അനുബന്ധം നോക്കുക.
2. അടുമ്പ് എന്ന് പ്രാദേശിക നാമമുള്ള വള്ളിച്ചെടിയുടെ ശാസ്ത്രീയനാമം *Ipomoea Biloba* എന്നാണ്. ഉപ്പിന്റെ അംശം കൂടുതലുള്ള തീരപ്രദേശങ്ങളിലാണ് ഇത് വളരുക. ചില സ്ഥലങ്ങളിൽ അടമ്പ് എന്നു വിളിക്കപ്പെടുന്ന ഇതിൽ, കോളാമ്പിയുടെ ആകൃതിയിലുള്ള വയലറ്റു പൂക്കളാണ് ഉണ്ടാകുന്നത്. ഇവ നീലക്കുറിഞ്ഞിപൂക്കളെ അനുസ്മരിപ്പിക്കുന്നതിൽ കടൽകുറിഞ്ഞി എന്നും അറിയപ്പെടുന്നു.
3. സാമൂഹ്യപരിഷ്കരണശ്രമങ്ങളുടെ ഭാഗമായാണ് മരയ്ക്കാൻ അരയനും ചക്കരത്തി, അരയവാത്തിയുമായി മാറിയത്.
4. ഇദ്ദേഹത്തിന്റെ പുത്രനാണ് പണ്ഡിതകവി കെ. കുഞ്ഞുപിള്ള പണിക്കർ (1900-1985).സംസ്കൃതപണ്ഡിതനും എഴുത്തുകാരനുമായിരുന്നു. സംസ്കൃത അധ്യാപകൻ, *ധർമ്മകാഹളം* മാസികയുടെ പത്രാധിപർ, ആലപ്പുഴ വിദ്യാരംഭം പബ്ലിക്കേഷനിലെ പ്രൂഫ്റീഡർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. *ശ്രീനാരായണ പരമഹംസൻ* (ജീവചരിതം), *വ്യാസോത്ഭവം, ഒരു പുഷ്പം, പത്മിനി, സാവിത്രി, മാധവി, സരസ്വതീലഹരി, യേശുസ്വർഗ്ഗതി, പട്ടട* (ഖണ്ഡകാവ്യങ്ങൾ), സുകുമാര കവിയുടെ *ശ്രീകൃഷ്ണവിലാസം*, കാളിദാസന്റെ *ഋതുസംഹാരം, പുഷ്പബാണവിലാസം, ശൃംഗാരതിലകം*, അയ്യപ്പദീക്ഷിതരുടെ *രാമഗീത*, വാല്മീകിയുടെ *യോഗവാസിഷ്ഠം*, ശങ്കരാചാര്യരുടെ *സ്വാത്മനിരൂപണം* (വിവർത്തനങ്ങൾ), *ഉപഗുപ്തവിജയം* (ആട്ടക്കഥ), *ഭഗവത്ഗീത, ഹരിനാമകീർത്തനം, ബൃഹത്സ്തോത്ര*

*രത്നാകരം* (വ്യാഖ്യാനങ്ങൾ), *ആയുർവേദ വിശ്വകോശം* (ഔഷധനിഘണ്ടു) എന്നിങ്ങനെ നാല്പതോളം കൃതികളുടെ കർത്താവാണ്. കെ.കെ. പണിക്കർ എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്.

5. വിലക്കിനെക്കുറിച്ച് 4.5.6 ൽ പറയുന്നുണ്ട്.

6. പണിക്കർ പദവിയെ ചോദ്യം ചെയ്ത രണ്ടുസംഭവങ്ങൾ ആവേദകൻ പറയുകയുണ്ടായി. ആ പാഠത്തിനായി അനുബന്ധം നോക്കുക.

7. കടുക്ക (*Terminalia Chebula*), വയമ്പ് (*Acorus Calamus*), അധിമധുരം (*Glycyrrhiza Glabra*), മായക്ക (*Quercus Infectorius*), ചിറ്റരത്ത (*Alpinia Calcarata*), ജാതിക്ക (*Myristica*), കായം (*Ferula Northex*), വെളുത്തുള്ളി (*Allium Sativum L*), ഓമം (*Trachyspermum Ammi*) എന്നിവ ചേർത്താണ് ഉരമരുന്ന് ഉണ്ടാക്കുന്നത് (പദ്മനാഭപിള്ള, 1998 : 384).

8. പരമ്പരാഗതരീതിയിലാണ് കൺമഷി ഉണ്ടാക്കുന്നത്. നാരാങ്ങാനീരും കയ്യോന്നിനീരും ചുവന്നുള്ളി അരച്ചതും ചേർത്ത് മിശ്രിതം ഉണ്ടാക്കുന്നു. ശുദ്ധിയുള്ള വെള്ളത്തുണി ഈ മിശ്രിതത്തിൽ മുക്കി വെയിലത്തുണക്കുന്നു. ഉണങ്ങിയ തുണി അവശേഷിക്കുന്ന മിശ്രിതത്തിൽ മുക്കി വീണ്ടും ഉണക്കുന്നു. ഇങ്ങനെ നീരു മുഴുവൻ ഈ തുണിയിൽ പിടിക്കുന്നതുവരെ ഇത് ആവർത്തിക്കും. ശേഷം ഈ തുണികൊണ്ട് തിരിയുണ്ടാക്കി നിലവിളക്കിലിട്ട് കത്തിക്കുന്നു. നല്ലെണ്ണ (എള്ളെണ്ണ)യാണ് ഇതിനുപയോഗിക്കുന്നത്. കത്തുന്ന നിലവിളക്കിനു മീതെ ഒരു മൺപാത്രം കമഴ്ത്തിവച്ച് അതിൽ പുക ശേഖരിക്കുന്നു. ഇങ്ങനെ ലഭിക്കുന്നതാണ് കരി.

9. ആണ്ടിയാർ പടുക്ക കാണാൻ പോയ ഗവേഷകയ്ക്കും ഈ ഉറഞ്ഞുതുള്ളൽ കാണാൻ കഴിഞ്ഞില്ല. മാത്രമല്ല ഈ കർമ്മം വീഡിയോ കാമറയിൽ പകർത്തവെ അധികാരികൾ അത് തടയുകയും അതുകൊണ്ടാണ് തുള്ളാത്തതെന്ന് ആരോപിക്കുകയും ചെയ്തു.

9. ലേഖനത്തിന് അനുബന്ധം കാണുക.